# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഏറ്റുമാനൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ ടി എം പി17/176/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/03/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ഏറ്റുമാനൂർ മുനിസിപ്പാലിറ്റി

സർ,

**വിഷയം : ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പർ: കെ എസ് എ കെ ടി എം പി17/176/2024 തീയ്യതി: 20/03/2024

# കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു സി ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ

സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ

സുനിത എം.എസ്, അസി.ഓഡിറ്റ് ഓഫീസർ

സാറാമ്മ ജോൺ, അസി.ഓഡിറ്റ് ഓഫീസർ

അമ്പിളി യു,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ബീനാകുമാരി റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലൌലി ജോർജ്ജ് | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| കവിത എസ്.കുമാർ | സെക്രട്ടറി | 01-04-2022 | 09-05-2022 |
| സിന്ധു പി.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-05-2022 | 02-07-2022 |
| കവിത എസ്.കുമാർ | സെക്രട്ടറി | 03-07-2022 | 05-09-2022 |
| ഫിറോസ് ഖാൻ എ. | സെക്രട്ടറി | 06-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബോണി എസ്. | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഷിജി മാത്യു | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജു | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ബിന്ദു എം.ലാൽ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ബിജു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ക്ലെമന്റ് എം.എം. | ഹെഡ്മാസ്റ്റർ, ഗവ.ഗേൾസ് എച്ച്.എസ്.എസ്. | 01-04-2022 | 31-03-2023 |
| രാജി എസ്. മണി | ഡയറി എക്സ്റ്റനഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| സുചിത്ര സി.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 09-01-2023 |
| രശ്മി രഘുനാഥ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 12-01-2023 | 31-03-2023 |
| ശ്രീ. അജിത്കുമാർ എൻ.കെ. | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യലഘൂകരണ യൂണിറ്റ് | 01-04-2022 | 31-03-2023 |
| ഡോ.രാജേഷ് പി.കെ. | മെഡിക്കൽ ഓഫീസർ, ഹോമിയോ. | 01-04-2022 | 30-10-2022 |
| ഡോ.ചാമിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-11-2022 | 16-12-2022 |
| ഡോ.ഉമാ ലക്ഷ്മി ഒ.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-12-2022 | 31-03-2023 |
| അജിത്കുമാർ എൻ.കെ. | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യലഘൂകരണ യൂണിറ്റ്/ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| കണ്ണൻ പി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 04-01-2023 |
| ബ്ലസി ജോഷി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 05-01-2023 | 08-03-2023 |
| പ്രിയാമോൾ വി.എസ്. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 09-03-2023 | 31-03-2023 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ-10.01.23, 11.01.23 ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23 | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-4 |
| 6 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല | 1-1-6 |
| 8 | വസ്തുനികുതി ഡിമാന്റ് തുകയിൽ അവ്യക്തത | 1-1-7 |
| 9 | മുൻവർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷ വരവായി അക്കൗണ്ട് ചെയ്തു | 1-1-8 |
| 10 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | Refunds Payable ഇനങ്ങളുടെ ആധികാരികത വ്യക്തമല്ല | 1-1-10 |
| 12 | Prior Period ഇനങ്ങളുടെ ആധികാരികത Notes On Account ലൂടെ വ്യക്തമാക്കിയിട്ടില്ല | 1-1-11 |
| 13 | മുൻകൂറായി ലഭിക്കുന്ന അക്രുവൽ വരവുകളുടെ ക്രമീകരണം ആധികാരികമാക്കുന്നില്ല | 1-1-12 |
| 14 | മൂല്യശോഷണം അക്കൗണ്ട് ചെയ്തത്- കൃത്യത വ്യക്തമാക്കിയിട്ടില്ല | 1-1-13 |
| 15 | നഗരസഭയിലേക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശമില്ല | 1-1-14 |
| 16 | അലോട്ട്മെന്റ് ലഭിക്കാതെ ചെലവ് അക്കൗണ്ട് ചെയ്തു-ബാങ്ക് നീക്കിയിരിപ്പ് നെഗറ്റീവായി | 1-1-15 |
| 17 | അക്രുവൽ വരവ് റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു | 1-1-16 |
| 18 | റവന്യൂ ഗ്രാന്റുകളുടെ വിശദാംശം ലഭ്യമല്ല | 1-1-17 |
| 19 | റിഡംഷൻ തുക തിരികെ ലഭിച്ചത് റവന്യൂ വരവായി അക്കൗണ്ട് ചെയ്തു | 1-1-18 |
| 20 | ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശമില്ല | 1-1-19 |
| 21 | ബാധ്യതയായി അക്കൗണ്ട് ചെയ്യപ്പെട്ട വരവിന്റെ വിശദാംശമില്ല | 1-1-20 |
| 22 | KSEB-യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-21 |
| 23 | ബജറ്റ്-വിശകലനം | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 27 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 28 | ക്ഷേമ പെൻഷനുകൾ | 1-7 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 30 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | നഗരസഭയുടെസാമ്പത്തികനില-അവലോകനം | 1-11 |
| 33 | അധിക വിഭവ സമാഹരണം -സാധ്യതകളും വെല്ലുവിളികളും | 1-12 |
| 34 | കെ-സ്മാർട്ട് അവലോകനം | 1-13 |
| 35 | റക്കൺസിലിയേഷൻ പത്രികയിലെ പൊരുത്തപ്പെടുത്തൽ കൃത്യമായി നടത്തുന്നില്ല | 1-14 |
| 36 | നഗരസഭാ ഫണ്ട് സൂക്ഷിക്കുന്ന 5 ബാങ്ക് അക്കൗണ്ടുകളുടെ റക്കൺസിലിയേഷൻ നടത്തുന്നില്ല | 1-15 |
| 37 | വസ്തുനികുതി കൃത്യമായ ഡിമാന്റില്ല. | 1-16 |
| 38 | 42.76 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു | 1-17 |

| | | |
|---|---|---|
| 39 | അമ്യൂസ്മെന്റ് പാർക്കിന്റെ വസ്തുനികുതി കൃത്യമായ ഉപയോഗക്രമത്തിൽ നിർണ്ണയിച്ചിട്ടില്ല | 1-18 |
| 40 | കെട്ടിടത്തിന്റെ വിസ്തീർണ്ണം വിഭജിച്ച് നികുതി നിർണയിക്കുമ്പോൾ ഉപയോഗക്രമം/നിരക്ക് വ്യത്യാസപ്പെടുന്നു | 1-19 |
| 41 | വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് 15% വർദ്ധനവ് ബാധകമാകുന്നില്ല | 1-20 |
| 42 | 1993 അസസ്സ്മെന്റിലുണ്ടായിരുന്ന കെട്ടിടങ്ങൾ 2015 വാർഡ് പുനർനിർണ്ണയ ശേഷം ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല-വൻവരുമാന നഷ്ടത്തിന് സാധ്യത | 1-21 |
| 43 | നഗരസഭ പരിധിയിലെ റോഡുകളുടെ തരം പുതുക്കി നിർണ്ണയിച്ചിട്ടില്ല-വസ്തുനികുതി അസസ്സ്മെന്റിൽ പിഴവ് ഉണ്ടാകാൻ സാധ്യത. | 1-22 |
| 44 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയായില്ല. | 1-23 |
| 45 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു | 1-24 |
| 46 | പ്രൊഫഷണൽസിന്റെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തിയിട്ടില്ല-വൻവരുമാന നഷ്ടം | 1-25 |
| 47 | കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല-വരുമാന നഷ്ടം | 1-26 |
| 48 | നികുതി ഡേറ്റാബേസിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല | 1-27 |
| 49 | നഗരസഭ ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശം ലഭ്യമല്ല | 1-28 |
| 50 | 51.38 ലക്ഷം രൂപ വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു-ഫലപ്രദമായ ഭരണതല നടപടികളുടെ അപര്യാപ്തത വ്യക്തം. | 1-29 |
| 51 | പുതിയ നഗരസഭ കെട്ടിടത്തിന്റെ നിർമ്മാണം- നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തിട്ടില്ല-നടപടികൾ സുതാര്യമല്ല | 1-30 |
| 52 | നഗരസഭ ഫണ്ടിൽ നിന്നുള്ള മുൻകൂറുകളുടെ വിശദാംശം ലഭ്യമല്ല | 1-31 |
| 53 | ഇ ടെൻഡർ ഫീസ്-നഗരസഭാഫണ്ടിലേക്ക് ലഭിച്ചിട്ടില്ല | 1-32 |
| 54 | മുൻസിപ്പൽ പെൻഷൻ ഫണ്ട്-വേറിട്ട് സൂക്ഷിക്കുന്നില്ല. | 1-33 |
| 55 | ദേശീയ നഗര ഉപജീവന ദൗത്യം(NULM)-ഫണ്ട് വിനിയോഗത്തിൽ കാര്യക്ഷമതയില്ല | 1-34 |
| 56 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ KSEB-ൽ അടച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-35 |
| 57 | മുൻകൂർ ക്രമീകരിയ്ക്കുന്നിൽ അകാരണമായ കാലതാമസം | 1-36 |
| 58 | നഗരസഭയിലെ അമൃത് 2.0 പദ്ധതി നടത്തിപ്പ്-അവലോകനം | 1-37 |
| 59 | പൊതു ടാപ്പുകളുടെ വെള്ളക്കരമൊടുക്കൽ -നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കപ്പെടുന്നില്ല. | 1-38 |
| 60 | ശബരിമല സ്പെഷ്യൽ ഗ്രാന്റ്- തുക പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-39 |
| 61 | PMAY പദ്ധതിയ്ക്കുള്ള നഗരസഭവിഹിതം -വികസനഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് വാണിജ്യ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു | 1-40 |
| 62 | എസ് എസ് കെ വിഹിതം നൽകൽ–വിനിയോഗവിവരം ലഭ്യമല്ല | 1-41 |
| 63 | നഗരസഭാഫണ്ടിൽ അവശേഷിക്കുന്ന വികസനഫണ്ട് വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ് | 1-42 |
| 64 | കരാറുകാർക്ക് ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് | 1-43 |
| 65 | വീട് വാസയോഗ്യമാക്കൽ -മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് ആവശ്യമായ പ്രവൃത്തി നിർവ്വഹിച്ചില്ല. | 1-44 |
| 66 | ബയോഗ്യാസ് പ്ലാന്റ് - മെയിന്റനൻസ് നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടില്ല | 1-45 |
| 67 | ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തീയേറ്റർ -സാങ്കേതികമായ കാരണങ്ങളാലും കൗൺസിലിൽ അഭിപ്രായ ഐക്യം ഇല്ലാത്തതിനാലും മുടങ്ങിക്കിടക്കുന്നു. | 1-46 |
| 68 | പി.എം.എ.വൈ -മുൻകൂർ തുക കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-47 |

| | | |
|---|---|---|
| 69 | അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല | 1-48 |
| 70 | പി.എം.എ.വൈ-ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ് | 1-49 |
| 71 | മുട്ടക്കോഴി വിതരണം - എസ്സ്.സി- ഗുണഭോക്തൃ (വാർഡു സഭ) ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി | 1-50 |
| 72 | തെരുവുവിളക്കുകളുടെ മെയിന്റനൻസ് - നടപടിക്രമങ്ങളിൽ അപാകതകൾ– തുക തടസ്സപ്പെടുത്തുന്നു | 1-51 |
| 73 | വിവിധ ഇടങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ– നടപടിക്രമങ്ങളിൽ അപാകതകൾ | 1-52 |
| 74 | തെരുവുവിളക്കുകൾക്കിന് ആവശ്യമായ ബൾബുകൾ വാങ്ങൽ– വിതരണവിവരം ലഭ്യമല്ല | 1-53 |
| 75 | വാട്ടർ കൂൾ പ്യൂരിഫയർ വാങ്ങൽ– നടപടിക്രമങ്ങൾ പാലിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു | 1-54 |
| 76 | നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റ് വാങ്ങൽ– യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല | 1-55 |
| 77 | ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല | 1-56 |
| 78 | 21ാം അങ്കണവാടി റൂഫിങ്ങ് പ്രവൃത്തി അനർഹമായി ജി എസ് ടി കോംപൻസേഷൻ നൽകി. | 1-57 |
| 79 | സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ തുക തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടവാക്കിയില്ല. | 1-58 |
| 80 | ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-59 |
| 81 | ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല. | 1-60 |
| 82 | ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-61 |
| 83 | ഭവനപുനരുദ്ധാരണം-ജനറൽ -പരമാവധി സബ്സിഡി തുക അനുവദിക്കാത്തതിനാൽ പ്രോജക്ട് നിർവ്വഹണം ഗുണപരമാകുന്നില്ല | 1-62 |
| 84 | സ്റ്റേഷണറി വാങ്ങിയതിന്റെ സ്റ്റോക്ക് വിവരം ലഭ്യമല്ല. | 1-63 |
| 85 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. | 1-64 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കരാറുകാർക്ക് ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ് | 3-1 |
| 2 | 21ാം അങ്കണവാടി റൂഫിങ്ങ് പ്രവൃത്തി അനർഹമായി ജി എസ് ടി കോംപൻസേഷൻ നൽകി. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2022-23

1. ഏറ്റുമാനൂർ നഗരസഭയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 21.07.2023 തീയതിയിലെ I-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 21.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഏറ്റുമാനൂർ നഗരസഭയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100100) നിർണ്ണയിച്ചപ്പോഴുള്ള

ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല. ജനറൽ ഫണ്ട് തുക 31/03/2023 ബാലൻസ് ഷീറ്റിലുള്ളത് ടി ശീർഷകത്തിന്റെ നീക്കിയിരിപ്പിൽ നിന്നും വ്യത്യാസമുള്ളതായി കാണുന്നു. ജനറൽ ഫണ്ട് ശീർഷകത്തിലെ നീക്കിയിരിപ്പ് തുക 01/04/2011-ൽ നിർണ്ണയിച്ച തുകയിൽ നിന്നും അതിനുശേഷം വ്യത്യാസപ്പെടാൻ പാടുള്ളതല്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം സൂക്ഷിച്ചിട്ടില്ല. 01/04/2011 മുതൽ 31/03/2023 വരെയുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന്റെ വിശദാംശം കണ്ടെത്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് മറുപടിയിൽ ഹാജരാക്കേണ്ടതുമാണ്.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. നഗരസഭയുടെ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ, ആസ്തികളുടെ ലൊക്കേഷൻ പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് തുടങ്ങിയ ആസ്തി പ്രതിപാദിക്കുന്ന എല്ലാ രേഖകളും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ തയ്യാറാക്കി 31/03/2023 വരെ കാലികമാക്കിയ ശേഷം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-4 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

2022-23 വർഷം ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്ട് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്ന് വ്യക്തമാക്കുന്ന ആധികാരികമായ ഓരോ ഫണ്ടുകളുടെയും/ഗ്രാന്റുകളുടെയും ക്യാപ്പിറ്റൽ-റവന്യൂ വേർതിരിച്ച് ചെലവ് വിവരം സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല. ഓരോ സാമ്പത്തിക വർഷവും നഗരസഭ ചെലവഴിക്കുന്ന തനത് ഫണ്ട് ഉൾപ്പടെയുള്ള എല്ലാ ഫണ്ടുകളുടെയും ചെലവിന്റെ ക്യാപ്പിറ്റൽ-റവന്യൂ ഇനം തിരിച്ചുള്ള വിശദാംശം തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ടി വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ഫണ്ടിന്റെയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ അക്കൗണ്ട് ചെയ്യേണ്ടതും സമാനമായ ആസ്തിമൂല്യം വർദ്ധിക്കേണ്ടതും.

### 1-1-5 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ടി ഗ്രാന്റുകളുടെ വിനിമയത്തിന്റെയും 31/03/2023 ലെ നീക്കിയിരിപ്പിന്റെയും കൃത്യത വ്യക്തമല്ല. 31/03/2023 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ 320802000, 320809900 ശീർഷകങ്ങളിലെ നീക്കിയിരിപ്പുകൾ യഥാക്രമം 2,021,332/- രൂപ (തൻവർഷം ലഭിച്ച 3.5 ലക്ഷം ഉൾപ്പടെ), 2,429,736/- രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല. 2022-23 വർഷത്തെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും മേൽപറഞ്ഞ 2 ശീർഷകങ്ങളിലെ നീക്കിയിരിപ്പ് ഏതിനം ഫണ്ടാണെന്ന്

വ്യക്തത വരുത്തേണ്ടതുമാണ്.

### 1-1-6 അക്രുവൽ വരവുകളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല

അക്രുവൽ വരവായ വാടക, ലൈസൻസ് എന്നിവയുടെ ഡിമാന്റ് നിർണ്ണയിച്ച് ബന്ധപ്പെട്ട രജിസ്റ്ററിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൃത്യമായ ഡിമാന്റ് ഡേറ്റാബേസ് ആധികാരികമാക്കാതെയാണ് പ്രസ്തുത ഡിമാന്റുകൾ അക്കൗണ്ട് ചെയ്തത്. ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അക്രുവൽ വരവുകളുടെ ഡിമാന്റ് നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തി ഡിമാന്റ് എൻട്രി നടത്തേണ്ടതാണ്. 2022-23 വർഷത്തെ വാടക മുറികളുടെ ഡീറ്റെയിൽഡ് ഡി.സി.ബി. പത്രിക, ലൈസൻസ് ഫീസ് വാർഡ് അടിസ്ഥാനത്തിലുള്ള ഡി.സി.ബി. പത്രിക എന്നിവ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

### 1-1-7 വസ്തുനികുതി ഡിമാന്റ് തുകയിൽ അവ്യക്തത

2022-23 വർഷം വസ്തുനികുതി ഡിമാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നത് 1.53 കോടി രൂപയാണ്. എന്നാൽ ലഭ്യമാക്കിയ ഡി.സി.ബി. സംക്ഷിപ്തം പ്രകാരം 1.46 കോടി രൂപയാണ് വസ്തുനികുതി ഡിമാന്റ്. വസ്തുനികുതി വാർഡ് അടിസ്ഥാനത്തിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിശദാംശവും ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി വാർഡ് അടിസ്ഥാനത്തിലുള്ള ഡി.സി.ബി. ഹാജരാക്കേണ്ടതാണ്. ഡിമാന്റ് തുകയിലെ അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-8 മുൻവർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷ വരവായി അക്കൗണ്ട് ചെയ്തു

ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 18.55 ലക്ഷം രൂപയാണ് വരുമാനം. 2022-23 തൊഴിൽ നികുതി കളക്ഷൻ പത്രിക പ്രകാരം മുൻവർഷങ്ങളിലെ നികുതി 2022-23 വർഷം ഒടുക്കിയതും തൻവർഷ നികുതിയായി അക്കൗണ്ട് ചെയ്തിട്ടുണ്ട് എന്ന് നികുതി കളക്ഷൻ ഡേറ്റാബേസിൽ നിന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽ നികുതി മുൻവർഷത്തേത് ലഭ്യമാകുന്നത് Prior Period Tax ശീർഷകത്തിൽ മാത്രം അക്കൗണ്ട് ചെയ്യേണ്ടതാണ്. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് മറുപടി നൽകേണ്ടതാണ്.

### 1-1-9 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റിൽ ഡ്യൂസ് ഇനത്തിലുള്ള ബാധ്യത 1.04 കോടി രൂപയുടെ വിശദാംശമില്ല. Government/Other ഡ്യൂസ് രജിസ്റ്റർ രജിസ്റ്റർ സൂക്ഷിച്ച് വിവിധ ഏജൻസികളിലേക്കുള്ള തുക ഒടുക്കലുകൾ കൃത്യമായി നിരീക്ഷിക്കേണ്ടതാണ്. 2022-23 വർഷത്തെ Government/Other ഡ്യൂസ് രജിസ്റ്റർ തയ്യാറാക്കി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-1-10 Refunds Payable ഇനങ്ങളുടെ ആധികാരികത വ്യക്തമല്ല

Refunds Payable ആയി 31/03/2023 ബാലൻസ് ഷീറ്റിലെ 350400102, 350400202, 350400399, 350400500, 350400900, 350400909 നിലനിൽക്കുന്ന ബാധ്യതകളുടെ ആധികാരികത വ്യക്തമല്ല. മേൽ ശീർഷകങ്ങളിലെ ബാധ്യതകളുടെ വിശദാംശം കണ്ടെത്തി Government/Other Dues രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 1-1-11 Prior Period ഇനങ്ങളുടെ ആധികാരികത Notes On Account ലൂടെ വ്യക്തമാക്കിയിട്ടില്ല

Prior Period Income/Expenditure ആയി ക്രമീകരിക്കപ്പെട്ട വരുമാനം/ചെലവിന്റെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടായി ലഭ്യമാക്കിയിട്ടില്ല. I-18 ഷെഡ്യൂൾ പ്രകാരം 2.18 കോടി രൂപയുടെ അറ്റ ക്രമീകരണം നടത്തിയിട്ടുണ്ട്. Prior Period ഇനങ്ങളുടെ ആധികാരികതയും കൃത്യതയും Notes On Account ആയി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്. വാർഷികകണക്ക് പ്രകാരമുള്ള നീക്കിയിരിപ്പിൽ ഉൾപ്പെട്ട അഞ്ച് ബാങ്ക് അക്കൌണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിരുന്നില്ല. ഇതിന്റെ കാരണം സെക്രട്ടറി അക്കൌണ്ട്സിൻമേലുള്ള കുറിപ്പുകളിലൂടെ

വെളിപ്പെടുത്തിയിരുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 1-15 കാണുക.

**1-1-12 മുൻകൂറായി ലഭിക്കുന്ന അക്രുവൽ വരവുകളുടെ ക്രമീകരണം ആധികാരികമാക്കുന്നില്ല**

മുൻകൂറായി ലഭിക്കുന്ന അക്രുവൽ വരവുകളുടെ തൻവർഷ ക്രമീകരണം ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ പോസ്റ്റ് ചെയ്ത് സാക്ഷ്യപ്പെടുത്തുന്നില്ല. 2022-23 വർഷം ക്രമീകരിക്കപ്പെട്ടതും 31/03/2023 ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നതുമായ മുൻകൂർ വരുമാനങ്ങളുടെ കൃത്യത വ്യക്തമല്ല. മുൻകൂറായി ലഭിക്കുന്ന വരവുകൾ ഡ്യൂ ആകുമ്പോൾ ക്രമീകരിക്കുന്നതിന്റെ വിവരം അതാത് ഡിമാന്റ് രജിസ്റ്ററുകളിൽ ബന്ധപ്പെട്ട ജേർണൽ വൗച്ചർ ഉൾപ്പടെ പോസ്റ്റ് ചെയ്യേണ്ടതാണ്.

**1-1-13 മൂല്യശോഷണം അക്കൗണ്ട് ചെയ്തത്- കൃത്യത വ്യക്തമാക്കിയിട്ടില്ല**

2022-23 വർഷം 1.16 കോടി രൂപയുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്ത I-17(a) ഷെഡ്യൂൾ വിശദാംശം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആസ്തികളുടെ മൂല്യം, കാലപ്പഴക്കം എന്നിവയുടെ ഡേറ്റ ലഭ്യമല്ലാത്തതിനാൽ ആസ്തിമൂല്യത്തിന് ആനുപാതികമായാണോ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തമല്ല.

**1-1-14 നഗരസഭയിലേക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശമില്ല**

31/03/2023 ബാലൻസ് ഷീറ്റിൽ 431409901-Other Receivable ശീർഷകത്തിലെ 43.68 ലക്ഷം രൂപ ലഭിക്കാനുള്ളതിന്റെ വിശദാംശം ലഭ്യമല്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പെൻഷൻ ഫണ്ട് റിസീവബിൾ ആണ് ടി ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ ടി തുകയുടെ വിശദാംശം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാതിരുന്നതിനാൽ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല. പെൻഷൻ ഫണ്ട് റിസീവബിൾ-ന്റെ 31/03/2023 വരെയുള്ള വിശദാംശം രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ഹാജരാക്കേണ്ടതാണ്.

**1-1-15 അലോട്ട്മെന്റ് ലഭിക്കാതെ ചെലവ് അക്കൗണ്ട് ചെയ്തു-ബാങ്ക് നീക്കിയിരിപ്പ് നെഗറ്റീവായി**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ട് ഒന്നാം ഗഡു 9,658,500/- രൂപ അലോട്ട്മെന്റ് ബാങ്കിൽ ക്രഡിറ്റ് ചെയ്തത് 2023-24 വർഷമാണ്. അലോട്ട്മെന്റ് ലഭിക്കാതെ ചെലവ് അക്കൗണ്ട് ചെയ്തതിനാൽ ടി ഫണ്ടിന്റെ ബാങ്ക് അക്കൗണ്ട് ശീർഷകം 31/03/2023 ൽ നെഗറ്റീവായി നീക്കിയിരിപ്പ് കാണിക്കുന്നു.

**1-1-16 അക്രുവൽ വരവ് റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു**

വസ്തുനികുതി അക്രുവൽ ശീർഷകമായ 110010100 ശീർഷകത്തിൽ 115,560/- രൂപ വരവ് അക്കൗണ്ട് ചെയ്തു. അക്രുവൽ വരവുകൾ Receivable ശീർഷകത്തിലാണ് വരവ് അക്കൗണ്ട് ചെയ്യേണ്ടത്. ഇന്ററപ്റ്റഡ് രസീതായി അക്കൗണ്ട് ചെയ്തതിനാൽ അക്കൗണ്ടിങ്ങ് തിരുത്തൽ സാധ്യമല്ല എന്നാണ് അപാകതയ്ക്ക് മറുപടിയായി നഗരസഭ അറിയിച്ചത്. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-1-17 റവന്യൂ ഗ്രാന്റുകളുടെ വിശദാംശം ലഭ്യമല്ല**

160200100, 160300100 ശീർഷകങ്ങളിൽ വരവായി ചേർത്തിട്ടുള്ള 814,424/- രൂപയുടെ റവന്യൂ ഗ്രാന്റ് ഏതിനത്തിലുള്ള ഫണ്ടാണ് എന്ന് വ്യക്തമല്ല. BIMS പേമെന്റായി ചെലവായ ഗ്രാന്റാണോ റവന്യൂ ഗ്രാന്റ് ശീർഷകത്തിൽ വരവായി അക്കൗണ്ട് ചെയ്തത് എന്ന വിവരം അറിയിക്കേണ്ടതാണ്.

**1-1-18 റിഡംഷൻ തുക തിരികെ ലഭിച്ചത് റവന്യൂ വരവായി അക്കൗണ്ട് ചെയ്തു**

മുൻവർഷങ്ങളിലെ സർക്കാർ റിഡംഷൻ തുക ആസ്തി ശീർഷകത്തിൽ Receivable അക്കൗണ്ട് ചെയ്യാതിരുന്നതിനാൽ തൻവർഷം തിരികെ ലഭിച്ച 2.77 കോടി രൂപ റവന്യൂ ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. തുടർവർഷങ്ങളിൽ റിഡംഷൻ തുക Receivable ആയി മാത്രം അക്കൗണ്ട് ചെയ്യേണ്ടതാണ്.

**1-1-19 ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശമില്ല**

2022-23 വർഷം ലഭിച്ച 545,045/- രൂപ ഗുണഭോക്തൃ വിഹിതം ഏതെല്ലാം പ്രോജക്ടുകൾക്കുള്ളതാണ് എന്ന് വ്യക്തമല്ല. വിശദാംശം ലഭ്യമാക്കുമെന്നാണ് മറുപടിയിൽ അറിയിച്ചത്. എ.സി.ആർ. തയ്യാറാക്കി ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശം മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

**1-1-20 ബാധ്യതയായി അക്കൗണ്ട് ചെയ്യപ്പെട്ട വരവിന്റെ വിശദാംശമില്ല**

2022-23 വർഷം വരവായി 350400399-Refunds Payable Other Fees ശീർഷകത്തിൽ 228,208/- രൂപ ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത് ഏതിനത്തിലുള്ള തുകയാണ് എന്ന് വ്യക്തതയില്ല. ടി തുക പഞ്ചായത്തിന്റെ ബാധ്യതയാണോ എന്ന് വ്യക്തത വരുത്തി മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-1-21 KSEB-യിൽ നിക്ഷേപിച്ച തുക നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല**

പ്രോജക്ട് നം.414/23, 435/23 എന്നിവ പ്രകാരം KSEB-യിൽ നിക്ഷേപിച്ച 111,003/- രൂപയുടെ ചെലവ് മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുക 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. മുൻകൂർ നൽകുന്ന തുക കൃത്യമായ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്. അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് വിവരം മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-2 ബജറ്റ്-വിശകലനം**

2022-23 വർഷത്തെ ബജറ്റ്, ഏറ്റുമാനൂർ നഗരസഭാ കൗൺസിലിന്റെ 26.02.2022ലെ 9-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 16.03.23 ലെ 7-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് |
|---|---|---|
| മുന്നിരിപ്പ് | 3,59,90,885 | 4,29,48,231 |
| വരവ് | 43,21,50,593 | 57,43,87,960 |
| ആകെ | 46,81,41,478 | 61,73,36,191 |
| ചെലവ് | 43,17,61,301 | 60,95,66,047 |
| നീക്കിയിരിപ്പ് | 3,63,80,177 | 77,70,144 |

ബജറ്റ് പ്രകാരം57.43കോടി രൂപയുടെ പ്രതീക്ഷിത വരവും 60.95 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 27.57 കോടി രൂപയും ചെലവ് 24.75 കോടി രൂപയുമാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെയും വിവിധ വരുമാന സ്രോതസ്സുകൾ സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടെ വിശകലനം നടത്താതെയും ചെലവിനങ്ങളുടെ സൂക്ഷ്മാംശങ്ങൾ പരിഗണിക്കാതെയും ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ടായത്.ശാസ്ത്രീയമായ ധനസമാഹരണത്തിനും ധനവിനിയോഗത്തിനും അടിസ്ഥാനമാക്കേണ്ട ഒരു പ്രാമാണിക രേഖ എന്ന രീതിയിൽ നിലവിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ബജറ്റ് പ്രയോജനപ്പെടുന്നില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

**1-3 സാമ്പത്തിക വിശകലനം**

ഏറ്റുമാനൂർ നഗരസഭയുടെ 2022-23 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക

പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2022-23**

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 39,966,336/- |
| ഓഡിറ്റ് വർഷത്തെ വരവ്(Receipt) | 226,813,321/- |
| ആകെ | 266,779,657/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 201,555,517/- |
| നീക്കിയിരിപ്പ് (31/03/2023) | 65,224,140/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2022-23**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം(Income) | 275,729,511/- |
| ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure) | 247,530,833/- |
| പ്രവർത്തന മിച്ചം (Gross Surplus) | 28,198,678/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 21,779,077/- |
| അറ്റ പ്രവർത്തന മിച്ചം (Net Surplus) | 49,977,755/- |

**ഓഡിറ്റ് സംക്ഷിപ്തം 2022-23**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | 157348/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6820828/- |

**1-4 ഗ്രാന്റ് വിനിയോഗം**

ഏറ്റുമാനൂർ നഗരസഭയുടെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെയും മറ്റ് ഗ്രാന്റുകളുടെയും വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. (പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ധനകാര്യ പത്രിക പ്രകാരമുള്ള വിനിയോഗവിവരമാണ് ചേർത്തിട്ടുള്ളത്).

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 36,321,000/- (362,634/-) (363,210/-) | 35,595,156/- | 32,126,529/- | 3,468,627/- | 90.26 |
| വികസന ഫണ്ട്-SCSP | 0 | 15,581,000/- 362,634/- | 15,943,634/- | 14,053,822/- | 1,889,812/- | 88.15 |
| വികസന ഫണ്ട്-TSP | 0 | 154,000/- | 154,000/- | 127,174/- | 26,826/- | 82.58 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 210,228/- | 7,866,275/- | 8,076,503/- | 7,316,707/- | 759,796/- | 90.59 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 16,467,175/- | 12,631,014/- | 29,098,189/- | 26,105,814/- | 2,992,375/- | 89.72 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 18,290,000/- | 18,290,000/- | 15,759,559/- | 2,530,441/- | 86.16 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 8,616,000/- | 8,616,000/- | 6,413,927/- | 2,202,073/- | 74.44 |
| PMAY ഫണ്ട് | 18,141,196/- | 13,504,554/- | 31,645,750/- | 7,540,693/- | 24,105,058/- | - |
| ICDS ഗ്രാന്റ് | 995,485/- | 1,879,901/- | 2,875,386/- | 809,327/- | 2,066,059/- | - |
| സ്വച്ച ഭാരത് | 2,021,332/- | 548,793/- | 2,570,125/- | 548,793/- | 2,021,332/- | - |
| ആയുർവേദ ഗ്രാന്റ് | 0 | 500,000/- | 500,000/- | 0 | 500,000/- | - |
| Health Grant | 0 | 8,327,096/- | 8,327,096/- | 0 | 8,327,096/- | - |
| NULM ഫണ്ട് | 0 | 1,265,322/- | 1,265,322/- | 1,265,322/- | 0 | - |
| NULM-CLC | 0 | 139,021/- | 139,021/- | 47,062/- | 91,959/- | - |
| ശബരിമല ഗ്രാന്റ് | 1,467,309/- | 1,007,175/- | 2,474,484/- | 1,448,721/- | 1,025,763/- | - |

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അംഗൻവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 36,321,000/- | (362,634/-) SCSP-യിൽ നൽകിയത് (363,210/-) ഫൈൻ | 35,595,156/- | 422/23-657,000/- 423/23-657,000/- 448/23-657,000/- 424/23-2,440,000/- 449/23-2,440,000/- ആകെ-6,851,000/- | 28,744,156/- |
| വികസന ഫണ്ട്-SCSP | 15,581,000/- | 362,634/- | 15,943,634/- | ഇല്ല | 15,943,634/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 6,439,000/- | 984,114/- പലിശ-443,161/- | 7,866,275/- | ഇല്ല | 7,866,275/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 9,658,500/- | 2,972,514/- | 12,631,014/- | ഇല്ല | 12,631,014/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2022-23 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 443,161/- രൂപ വരവായി ACR, Grant Statement എന്നിവയിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ACR/Grant Statement-ലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.

3. ധനകാര്യ കമ്മീഷൻ ബാങ്ക് അക്കൗണ്ടിൽ 01/01/2023 ൽ ക്രഡിറ്റ് ചെയ്ത പലിശ അൺടൈഡ് ഗ്രാന്റായി അക്കൗണ്ട് ചെയ്തില്ല. ബാങ്ക് പലിശയായിട്ടാണ് ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.
4. ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടിന്റെ ഒന്നാം ഗഡു 9,658,500/- രൂപ 2023-24 വർഷമാണ് നഗരസഭ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത്. ടി ഫണ്ടിൽ നിന്ന് ചെലവ് 2022-23 വർഷം അക്കൗണ്ട് ചെയ്തതിനാൽ 31/03/2023 ബാലൻസ് ഷീറ്റിൽ ബാങ്ക് അക്കൗണ്ട് ശീർഷകം നെഗറ്റീവ് നീക്കിയിരിപ്പ് പ്രതിഫലിപ്പിക്കുന്നു.
5. അക്കൗണ്ടിങ്ങ് അപാകത മൂലം ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് 31/03/2023 ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല.
6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വാർഷിക പദ്ധതിയിൽ ചെലവഴിച്ചതിന്റെ കൃത്യത എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ വ്യക്തമല്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ്/ക്രമീകരണങ്ങളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

**എ)** ഏറ്റുമാനൂർ നഗരസഭയുടെ 2022-23 വാർഷികപദ്ധതിക്ക് നഗരസഭാ കൗൺസിലിന്റെ 06.1.23ലെ 1(1)-ാം നമ്പർ ലെ യോഗതീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 06.03.23 828616/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരം പുതുക്കിയും ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി രൂപീകരിക്കൽ | 11.06.22 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 13.06.22 |
| പദ്ധതിരൂപീകരണ വാർഡ് സഭകൾ | 18.06.22-21.06.22 |
| ഊരുകൂട്ടം /വയോജന /ഭിന്നശേഷി വാർഡ്സഭ | 24.06.22 |
| വികസനസെമിനാർ | 20.07 2 |

176 സ്പിൽ ഓവർ പ്രോജക്ടുകളും 216 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 392 പ്രോജക്ടുകൾക്കാണ് വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ചത്. അംഗീകാരം കിട്ടിയതിൽ 264 പ്രോജക്ടുകൾക്കു വേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 13 നിർവ്വഹണോദ്യോഗസ്ഥരിൽ മുനിസിപ്പൽ എഞ്ചിനീയർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വെറ്ററിനറി സർജൻ, ഹെൽത്ത് ഓഫീസർ എന്നിവരുടെ ചെലവു ശതമാനം 60 % ലും താഴെയാണ്. പ്രോജക്ടുകൾ നടപ്പാക്കാത്തതും നടപ്പാക്കിയ പല പ്രോജക്ടുകളുടേയും ബില്ലുകൾ മാറാതെ ക്യൂ ലിസ്റ്റിലായതും കാരണം വാർഷികപദ്ധതിയിലെ 129 പ്രോജക്ടുകൾക്ക് തുക ചെലവഴിക്കാനായിട്ടില്ല. ഇക്കാരണത്താൽ പദ്ധതിച്ചെലവ് 60 ശതമാനം മാത്രമാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടുകൾ | നടപ്പാക്കിയവ | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 3,23,000 | 61,600 | 19 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 4,00,000 | 4,00,000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 6,00,000 | 6,00,000 | 100 |
| കൃഷി ഓഫീസർ | 5 | 4 | 20,18,500 | 14,68,282 | 73 |
| സെക്രട്ടറി | 42 | 26 | 4,28,46,279 | 2,90,14,662 | 68 |
| വെറ്ററിനറി സർജൻ | 6 | 6 | 21,17,100 | 11,59,504 | 55 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 2 | 2 | 28,35,532 | 18,17,766 | 64 |
| ദാരിദ്ര്യനിർമ്മാർജ്ജനവിഭാഗം പ്രോജക്ട് ഓഫീസർ | 27 | 24 | 2,59,82,020 | 1,75,83,678 | 68 |
| ഹെൽത്ത് ഓഫീസർ നഗരസഭ | 32 | 25 | 2,59,79,055 | 1,03,72,016 | 40 |
| ഹെഡ്മാസ്റ്റർ, ഗവ ഹൈസ്കൂൾ | 13 | 13 | 27,20,000 | 26,69,108 | 98 |
| മുനിസിപ്പൽ എൻജിനീയർ | 247 | 148 | 8,69,53,072 | 4,53,18,299 | 52 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 5 | 77,65,050 | 71,48,453 | 92 |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | 7 | 7 | 38,50,871 | 38,44,259 | 99 |
| ആകെ | 392 | 264 | **20,43,90,479** | **12,14,57,627** | **59.42** |

**പദ്ധതി നിർവ്വഹണം- നഗരസഭയുടെ പൊതുസമീപനം**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 14-ാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിച്ചു. പുതിയ കാലത്തിന്റെ വികസന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവനവും പങ്കാളിത്തവും പദ്ധതി ആസൂത്രണ/രൂപീകരണ ഘട്ടത്തിൽ ഉറപ്പ് വരുത്തുന്നതിനും നഗരസഭ ശ്രദ്ധിക്കേണ്ടതുണ്ട്. സുസ്ഥിരമായ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി നഗരസഭയെ മാറ്റിയെടുക്കുക എന്നുള്ളതാണ് പതിനാലാം പദ്ധതിയുടെ പൊതു സമീപനം എന്ന് പദ്ധതി മാർഗ്ഗരേഖയിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരംഭകത്വം പരമാവധി പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നിലയും അഭിവൃദ്ധിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ ശുചിത്വമേറിയതും മാലിന്യമുക്തവുമായ നഗരസഭയുടെസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

മെഡിക്കൽ ഓഫീസർ (സി എച്ച് സി), കൃഷി ഓഫീസർ, ഐ.സി ഡി എസ് സൂപ്പർവൈസർ, എന്നീ നിർവ്വഹണോദ്യോഗസ്ഥർ കാര്യക്ഷമമായി പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ യഥാസമയം കണ്ടെത്തി ഭേദപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട പ്രോജക്ടുകളാണ് മെഡിക്കൽ ഓഫീസർ (സി എച്ച് സി)പ്രധാനമായും നിർവ്വഹിച്ചത്. നവകേരളം കർമ്മപദ്ധതി-2 ന്റെ ഭാഗമായ

ഹരിതകേരളം മിഷന്റെ മാർഗ്ഗരേഖപ്രകാരം കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് പ്രോൽസാഹിപ്പിയ്ക്കുന്ന പ്രോജക്ടുകളായിരുന്ന കൃഷി ഓഫീസർ നടപ്പിലാക്കിയത്. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥരിൽ ഏറ്റവും കൂടുതൽ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല ഉണ്ടായിരുന്ന മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹിക്കേണ്ടിയിരുന്ന ഭൂരിഭാഗം മരാമത്ത് പ്രോജക്ടുകളും തൻവർഷം നടപ്പാക്കാനായിട്ടില്ല. ഹെൽത്ത് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ കൂടുതലും ഖരമാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബയോബിൻ, ബയോകമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വാങ്ങി വിതരണം ചെയ്യലുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ ശരിയായ ആവശ്യകതാ നിർണ്ണയം നടത്തി ഇവ വാങ്ങുന്നതിന് പകരം പ്രോജക്ട് പ്രകാരമുള്ളവ മൊത്തം ഒന്നാകെ വാങ്ങി സൂക്ഷിച്ചിട്ട് ഗുണഭോക്തൃവിഹിതം അടയ്ക്കുന്നവർക്ക് മാത്രം വിതരണം ചെയ്യുന്ന രീതിയിലാണ് നിലവിൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ തുടർപ്രവർത്തനങ്ങൾ നടത്തുന്നത്.ഇത് തികച്ചും തെറ്റായ പദ്ധതി നിർവ്വഹണ രീതിയാണ്. മാത്രമല്ല ഒരു പ്രോജക്ട് പ്രകാരം സമാഹരിച്ചിട്ടുള്ള ഖരമാലിന്യനിർമ്മാർജ്ജനഉപകരണങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാതെ അതേ പ്രോജക്ട് പുതിയതായി അടുത്ത വർഷങ്ങളിലും ഏറ്റെടുത്ത് നടപ്പാക്കുന്നതു വഴി പദ്ധതിപ്പണം പാഴാകുന്നതിനുള്ള സാധ്യതയും നിലനിൽക്കുന്നു.

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതും വെറ്റിനറി സർജന് നിർവ്വഹണചുമതല ഉണ്ടായിരുന്നതുമായ ചില പ്രോജക്ടുകളിൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം നൽകിയിട്ടുണ്ട്.എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് ഓഫീസർ (നഗര ദാരിദ്ര നിർമ്മാർജന സെൽ) നിർവ്വഹിച്ച ലൈഫ് ഭവന പദ്ധതിയിൽ ഭവനനിർമ്മാണ പൂർത്തീകരണത്തിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
നഗരസഭയിലെ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കൽ, തെരുവുവിളക്കുകളുടെ കാര്യക്ഷമത ഉറപ്പാക്കൽ തുടങ്ങിയവ 14-ാം പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. പ്രകൃതി ദുരന്തങ്ങളെയും കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധതിയും 14-ാം പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു. എന്നാൽ നഗരസഭയിൽ തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകൾ പൊതുവെ വിലയിരുത്തിയതിൽ പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അനുഗുണമായിരുന്നില്ലെന്ന് കാണുന്നു. സുസ്ഥിരവികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാലിന്യസംസ്കരണം പ്രത്യേക അജണ്ടയാക്കിയിട്ടുണ്ടെങ്കിലും ജൈവമാലിന്യസംസ്കരണപ്രവർത്തനങ്ങൾ മന്ദഗതിയിലാണ്.

ടേക്ക് എ ബ്രേക്ക്, ഷോപ്പിംഗ് കോപ്ലക്സ് കം തീയേറ്റർ കോംപ്ലക്സ് നിർമ്മാണം, നഗരസഭാ ഓഫീസ് കം പച്ചക്കറിമാർക്കറ്റ്കെട്ടിട സമുച്ചയം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ, ബയോഗ്യാസ് പ്ലാന്റ് മെയിന്റനൽസ് എന്നീ പ്രോജക്ടുകൾ പ്രാഥമിക ഘട്ടത്തിൽപ്പോലും എത്തിയിട്ടില്ല. വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ ഫയൽ മാനേജ്മെന്റിലും ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടു. ആവശ്യമായ അനുബന്ധ രേഖകൾ പ്രോജക്ട് ഫയലുകളിൽ ചിട്ടപ്പെടുത്തി സൂക്ഷിക്കുന്നതിൽ ചില നിർവ്വഹണ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്.

പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും ഫലപ്രദമായ മോണിട്ടറിംഗ് ഉണ്ടായില്ലയെന്ന് ഓഡിറ്റിൽ വ്യക്തമായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർക്ക് പ്രോജക്ട് വിശദാംശങ്ങൾ കൈമാറിയിതിന് ശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദ്ദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർത്ഥ നിർവഹണം, ഫലപ്രാപ്തി എന്നിവ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ

വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല**

പദ്ധതി ആസൂത്രണത്തിനായി 16 വിഷയമേഖലകളിലായി 16 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. നഗരസഭയിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധിക്കേണ്ടതാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

സമയബന്ധിതമായി പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതിനാലും വർഷാവസാനം ബില്ലുകൾ പണമാക്കിമാറ്റാൻ കഴിയാത്തതിനാലും വിവിധ ഫണ്ടിനങ്ങളിൽ താഴെപ്പറയും പ്രകാരം ആകെ **1.01 കോടി** രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഏടുക്കപ്പെട്ടിട്ടുണ്ട്.

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഏടുക്കപ്പെട്ട തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 35,595,156/- | 32,126,529/- | 3,468,627/- |
| വികസന ഫണ്ട്-എസ്.സി.പി. | 15,943,634/- | 14,053,822/- | 1,889,812/- |
| വികസന ഫണ്ട്-റ്റി .എസ്.പി. | 154,000/- | 127,174/- | 26,826/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 18,290,000/- | 15,759,559/- | 2,530,441/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 8,616,000/- | 6,413,927/- | 2,202,073/- |
| | | | **1,01,17,779** |

വിനിയോഗത്തിൽ 80%ൽ കുറവ് വന്ന തുകകൾ ഷോർട്ട്ഫോൾ ആയി കണക്കാക്കപ്പെടുന്നതിനാൽ ആത്യന്തികമായി നഷ്ടമാവുന്നു. തുടർ വർഷങ്ങളിലെ വിനിയോഗ ശതമാനം കുറയുന്നപക്ഷം തൻവർഷം ലാപ്സായ മുഴുവൻ തുകയും നഷ്ടമാവുകയും ചെയ്യും. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുത്തുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്.

**ബി)** 2021-22 വർഷം എസ് സി പി ഫണ്ട് വിനിയോഗത്തിലെ കുറവ്- തൻവർഷം പരിഹാരവകയിരുത്തൽ നടത്തേണ്ടി വന്നതുമൂലം പൊതുവിഭാഗം ഫണ്ടിൽ നിന്നും 3.63 ലക്ഷം രൂപ കുറഞ്ഞു

2021-22 വർഷം എസ് സി പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി 14,182,000രൂപ വകയിരുത്തിയിരുന്നു. ഇതിൽ 10,982,966/- രൂപ മാത്രമേ പട്ടികജാതി ഉപ പദ്ധതി പ്രകാരം ചെലവഴിക്കാൻ സാധിച്ചുള്ളൂ. ചെലവ് 80% ൽ താഴെയായതിനാൽ(77.44%) തുടർ വർഷം 362,634/- രൂപ വികസന ഫണ്ട് സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് എസ് സി പി വിഹിതത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ആയതിനാൽ 2022-23 പൊതുവിഭാഗം ബജറ്റ് വിഹിതമായ 36,321,000/- രൂപയിൽ 362,634/- രൂപ എസ്.സി.പി. ക്കുള്ള പരിഹാര വകയിരുത്തലായി കുറവു ചെയ്താണ് നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളത്. ഓരോ വർഷത്തെയും വിഭാഗം തിരിച്ചുള്ള തുകയുടെ വിനിയോഗ ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ തുടർ വർഷങ്ങളിൽ സാധാരണ വിഹിതത്തിൽ നിന്നാണ് (Normal Share) പരിഹാര വകയിരുത്തൽ നടത്തുന്നത്. 2022-23 വർഷം പരിഹാര വകയിരുത്തൽ ഉൾപ്പടെ 15,943,634/- രൂപ ലഭിച്ചതിൽ 14,053,822/- രൂപ ചെലവഴിച്ചിട്ടുണ്ട്(88.15%). പ്രത്യേക പരിരക്ഷ അർഹിക്കുന്ന വിഭാഗത്തിന് വേണ്ടിയുള്ള പ്രോജക്ട് ലക്ഷ്യങ്ങൾ /ഭൗതിക നേട്ടങ്ങൾ അതാത് വർഷം തന്നെ കൈവരിക്കുന്നതിനും തുടർ വർഷങ്ങളിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വരുന്നതു മൂലമുള്ള വിഭാഗം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ / വിനിയോഗത്തിലെ അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

2022-23 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 324 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 302 പദ്ധതികളിൽ 224എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം 787 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് ഓട ആഴം കൂട്ടൽ, തോട് നവീകരണം, കനാൽ നവീകരണം, മഴക്കുഴി നിർമ്മാണം, ഭൂവികസനം തുടങ്ങിയ പ്രവൃത്തികളാണ് തൻവർഷം പ്രധാനമായും നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് - നീക്കിയിരിപ്പ് കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവു-ചെലവു കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിയ്ക്കുന്നില്ല എന്നതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| ഇനം | ആകെ |
|---|---|
| **മുന്നിരിപ്പ്** | 863349.32 |
| **വരവ്** | 13021144.00 |
| **ആകെ** | 13884493.32 |
| **ചെലവ്** | |
| ഭരണചെലവ്ചെലവ് | 631155.16 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | 13172850.00 |
| **ആകെ** | 13804005.16 |
| **നീക്കിയിരിപ്പ്** | 80488.16 |

## 1-7 ക്ഷേമ പെൻഷനുകൾ

**തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ നഗരസഭ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു**

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7440 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 2505300 | 130 |
| വിധവാപെൻഷൻ | 16214100 | 844 |
| വാർദ്ധക്യകാലപെൻഷൻ | 44032800 | 2293 |
| വികലാംഗപെൻഷൻ | 4994800 | 260 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 850600 | 44 |
| വിധവകളുടെ മക്കൾക്ക് വിവാഹധനസഹായം | 120000 | 4 |

**മേൽ തുകകൾ ധനകാര്യപത്രികയിലെ I-6 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.**

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.01.2024 3.10 Pm ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,74,817/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്റ്റുകൾക്ക് രൂപം നൽകേണ്ടത്. നഗരസഭയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ഉൾപ്പെടുത്തിയില്ല. വിവിധ പേജുകളിലായി വിവിധ ഫോർമാറ്റുകൾ പ്രിന്റ് ചെയ്ത് ബൈന്റ് ചെയ്തിരിക്കുന്നു. പദ്ധതി മാർഗ്ഗരേഖയിൽ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ പ്രസക്തി വ്യക്തമാക്കിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഗൗരവകരമായ സമീപനം സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല.

2. കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല. നഗരസഭയിൽ അജണ്ടാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ അജണ്ടയിൽ ഉൾപ്പെടുത്തുന്ന വിവരങ്ങളെല്ലാം കൗൺസിലിൽ ചർച്ച ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3. പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. നഗരസഭയിൽ ദുരന്ത നിവാരണം ഉൾപ്പെടെ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. ഒറ്റത്തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ

നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. സർക്കാരിന്റെ തുടർച്ചയായുള്ള നിർദ്ദേശങ്ങൾ ഉണ്ടായിട്ടും നഗരസഭയുടെ മുഖ്യ വരവിനമായ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുവാനും, പുതുക്കിയ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാനും നഗരസഭാ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

6. നഗരസഭയിലെ അവശ്യ രജിസ്റ്ററുകളുടേയും രേഖകളുടേയും പരിപാലനത്തിൽ അധികൃതർ വീഴ്ച വരുത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമല്ല. ലോൺ രജിസ്റ്റർ, തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ, പരാതി രജിസ്റ്റർ, ഡപ്പോസിറ്റ് രജിസ്റ്റർ, ഡപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നില്ല. കൂടാതെ തനത് വരുമാന ഇനങ്ങളുമായി ബന്ധപ്പെട്ട ലേല രജിസ്റ്റർ, ലൈസൻസ്, തുടങ്ങിയ രജിസ്റ്ററുകളിൽ സാമ്പത്തിക വർഷാവസാനം ഡി.സി.ബി തയ്യാറാക്കുകയും സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല. ***എന്നാൽ തൊഴിൽ നികുതി (ട്രേഡേഴ്സ് -സ്ഥാപന) രജിസ്റ്റർ വാർഡ് തിരിച്ച് ഡാറ്റാ ബേസ് തയ്യാറാക്കി ,കാലികമാക്കി സൂക്ഷിക്കുന്നതിൽ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തിയിട്ടുണ്ട്.***

7.2022-23 കാലയളവിൽ പ്രൊക്യൂർമെന്റ് കമ്മറ്റി പല തവണ കൂടിയിട്ടുണ്ടെങ്കിലും എല്ലാ വാങ്ങലുകളും പ്രക്യൂർമെന്റ് കമ്മറ്റി പരിശോധിച്ചിട്ടില്ല. തന്നെയുമല്ല മിനിറ്റ്സുകളൊന്നും തന്നെ ക്ലോസ് ചെയ്തിട്ടുമില്ല.

8. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

9. നഗരസഭയിലെ അനധികൃത കൈയ്യേറ്റങ്ങളും നിർമ്മാണ പ്രവൃത്തികളും തടയുന്നതിലേക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനോ, U.A നമ്പരിട്ട കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്നും മൂന്നിരട്ടി നിരക്കിൽ കെട്ടിട നികുതി ചുമത്തുകയോ ചെയ്യുന്നില്ല.

10. പുതിയ ഭരണസമിതി 2020 ൽ നിലവിൽവന്നെങ്കിലും പൗരാവകാശ രേഖ തയ്യാറാക്കിയതിന്റെ വിവരം ലഭ്യമായില്ല.

11. വിവിധ ആവശ്യങ്ങൾക്കായി തുക മുൻകൂറായി കൈപ്പറ്റിയ ഉദ്യോഗസ്ഥർ ചെലവുരേഖകൾ ഹാജരാക്കി മുൻകൂർ ക്രമീകരിക്കുകയോ അഡ്വാൻസ് തുക തിരിച്ചടക്കുകയോ ചെയ്യാതിരുന്നിട്ടും മുൻകൂർ തുക പലിശ സഹിതം ഈടാക്കുന്നതിലേക്ക് ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല.

12. നഗരസഭയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി ആക്കി മാറ്റിയെങ്കിലും കറണ്ട ചാർജിനത്തിൽ ആനുപാതിക കുറവൊന്നും നഗരസഭക്കുണ്ടായിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ കണക്ക് ലഭ്യമല്ല. തെരുവുവിളക്കിന് മീറ്റർ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി യിൽ അടച്ചതുക നീക്കിയിരുപ്പായി ഇപ്പോഴും അവശേഷിക്കുന്നു.

13. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം കൗൺസിലിൽ ചർച്ചയ്ക്ക് വെച്ച് പരിഹാര നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| | ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | |
|---|---|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2020 മുതൽ 18.01.2020 വരെ | 2018-19 | LBA(HQ)ii/8A-129/ 2019 -20/558 DTD 12.03.2020 |
| പെർഫോമൻസ് ഓഡിറ്റ് | 04.11.2015 | 31.10.2015 വരെ | - |

**1-11 നഗരസഭയുടെസാമ്പത്തികനില-അവലോകനം**

കോട്ടയം ജില്ലയിൽ താരതമ്യേന തനതുഫണ്ട് വരുമാനം കൂടുതലുള്ളതും വിടവു നികത്തൽ ഫണ്ടിനായി നാളിതു വരെ അപേക്ഷ സമർപ്പിക്കാത്ത നഗരസഭയും ഏറ്റുമാനൂർ ആയിരുന്നു. എന്നാൽ വർദ്ധിച്ച് വരുന്ന റവന്യൂ ചെലവും ചെലവിന്റെ വർദ്ധനവിന് ആനുപാതികമായി വരുമാനം വർദ്ധിക്കാത്തതും ദീർഘകാലാടിസ്ഥാനത്തിൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.നിലവിൽ തനത് ഫണ്ട് വരുമാന സ്രോതസ്സ് പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് സാധിക്കുന്നില്ലെങ്കിലും സ്വാഭാവികമായി ലഭിക്കുന്ന വരുമാനം കൂടുതലാകയാലും പുതിയതായി രൂപീകരിക്കപ്പെട്ട നഗരസഭ എന്ന നിലയിൽ തസ്തികകളുടെ എണ്ണത്തിലുള്ള കുറവും പെൻഷൻ ചെലവിലെ കുറവും മൂലം സുസ്ഥിരവും സുരക്ഷിതവുമായ സാമ്പത്തിക സ്ഥിതിയാണ് നിലവിലുള്ളത്. എന്നാൽ മറ്റ് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഗണിച്ച് റവന്യൂ മിച്ചം കൃത്യമായി നിർണ്ണയിക്കാതെ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് ഇനത്തിൽ വൻ തുക വകയിരുത്തുകയും വിനിയോഗിയ്ക്കപ്പെടുകയും ചെയ്യുന്നതിനാൽ മറ്റിനങ്ങളിലെ ചെലവ് ശതമാനം കുറയുന്നതിന് ആനുപാതികമായി ഈ ഇനത്തിൽ ചെലവ് വർദ്ധിക്കുന്നുണ്ട്. 2022-23 വർഷത്തെ വാർഷിക പദ്ധതിയിലെ തനത് ഫണ്ട് വകയിരുത്തൽ 3.38കോടി രൂപയും ചെലവ് 1.82 കോടി രൂപയുമായാണ്. വികസന ഫണ്ടും ആസ്തി സംരക്ഷണ ഗ്രാന്റും പൂർണ്ണമായി വിനിയോഗിക്കപ്പെടാത്ത സാഹചര്യത്തിലും തുക പിൻവലിക്കുന്നതിനുള്ള സൗകര്യാർത്ഥം വൻതുക തനത് ഫണ്ട് ഇനത്തിൽ വകയിരുത്തി ചെലവഴിക്കുന്നുണ്ട്. ജനകീയ ആവശ്യങ്ങൾ പരിഗണിച്ചുള്ള അനിവാര്യചെലവുകൾക്കായി ഇപ്രകാരം വകയിരുത്തൽ നടത്തുന്നത് ഗുണപരമാണെങ്കിലും പല പ്രോജക്ടുകളും ഭൗതീകനേട്ടം ആർജ്ജിക്കുന്നതിൽ വേണ്ടത്ര വിജയിച്ചിട്ടില്ല.

ഓഡിറ്റു വർഷത്തെ തനതു ഫണ്ട് സ്ഥിതി-വിശകലനം

| **ഇനം (വരവ്)** | **തുക** | **ഇനം (ചെലവ്)** | **തുക** |
|---|---|---|---|
| നികുതി വരുമാനം | 31275375 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 28727881 |
| നികുതിയേതരം | 1,38,44,441 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 4372722 |
| GPF | 25612000 | തനതുഫണ്ട് വാർഷിക പദ്ധതി ചെലവ് | 18260911 |
| പലിശ | 842544 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 18284608 |
| | | ബാങ്ക് ചാർജസ് | 889411 |
| **ആകെ വരവ്** | **71574360** | **ആകെ ചെലവ്** | 70535533 |
| | | **മിച്ച ഫണ്ട്** | **1038827** |

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് മതിയായ തനത് ഫണ്ട് ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് കഴിയാതെ വരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ മുൻ വർഷങ്ങളിൽ തനത് ഫണ്ടിൽ നിന്നും അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും വിഹിതം കൃത്യമായി ലഭിക്കാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നത് തനത് ഫണ്ടിൽ നിന്നുമാണ്. (താരതമ്യേനെ കുറവാണെങ്കിലും).വാട്ടർ ചാർജ് കുടിശ്ശിക, എൻജിനീയറിംഗ് ജീവനക്കാരുടെ ശമ്പളം എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നുതന്നെ തുക കുറവ് ചെയ്യുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റെ അലോട്ട്മെന്റിലും വലിയ കുറവ് ഉണ്ടാകുന്നുണ്ട്. വാർഷിക കണക്കുകൾ പ്രകാരം, പൊതു ആവശ്യ ഗ്രാന്റ് ആയി തൻവർഷം ലഭിച്ചത് 25612000/- രൂപയാണ്.

നഗരസഭയുടെ പ്രധാന തനതുവരുമാന സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം പൂർണ്ണമായും ഈടാക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുന്നില്ല. വസ്തുനികുതി, തൊഴിൽനികുതി, ഷോപ്പിംഗ് കോംപ്ലക്സുകളിൽ നിന്നുള്ള വാടക എന്നീ ഇനത്തിൽ തൻവർഷവും മുൻവർഷങ്ങളിലും ഗണ്യമായ തുക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. നികുതികൾ കൃത്യമായി കണക്കാക്കുന്നതിലും അപാകങ്ങൾ ഉണ്ട്. നഗരസഭാ ആസ്തികളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തി വാടകയ്ക്ക് കൈമാറുന്നതിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. നികുതി/നികുതി ഇതര വരവുകളിലെ പിരിവ് കാലികമാക്കുന്നതിനും അതുവഴി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.കൂടാതെ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവ്വഹിക്കുന്ന മൂലധനച്ചെലവ് നഗരസഭയുടെ സുസ്ഥിരമായ വരുമാന വർദ്ധനവിന് സഹായകരമാകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഭൗതീക നേട്ടം ആർജ്ജിക്കാത്തതും അന്തിമമായി പൂർത്തീകരിക്കാൻ കഴിയാത്ത പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിക്കുന്ന പ്രാഥമികച്ചെലവുകൾ പാഴ്ച്ചെലവായി മാറുന്ന അവസ്ഥയും ഒഴിവാക്കേണ്ടതാണ്.

## 1-12 അധിക വിഭവ സമാഹരണം -സാധ്യതകളും വെല്ലുവിളികളും

ഏറ്റുമാനൂർ നഗരസഭയുടെ തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി പിരിച്ചെടുത്തും പുതിയവ കണ്ടെത്തിയും തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നിരവധി സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ആയത് കൃത്യമായി പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ച്ച ഉണ്ടായിട്ടുണ്ട്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്തതിന്റെയും വരവിനങ്ങൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ്നിഗമനങ്ങളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

**വസ്തുനികുതി വരവ്**

2022-23 വർഷം വാർഷിക കണക്കുകൾ പ്രകാരം 1.53 കോടി രൂപയാണ് വസ്തുനികുതി ഡിമാന്റ്. തൻവർഷം 1.23 കോടിയോളം രൂപ അടവാക്കിയ ശേഷം 30 ലക്ഷത്തോളം രൂപ കുടിശികയുണ്ട്. മുൻകാലങ്ങളിലെ നികുതി കുടിശിക 13 ലക്ഷത്തോളം രൂപ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം അവശേഷിക്കുന്നു. മുൻവർഷങ്ങളിലെ ഡിമാന്റ് അക്കൗണ്ട് ചെയ്തതിലെ അപാകതകൾ മൂലമാണ് കൃത്യമായ കുടിശിക വാർഷിക കണക്കിൽ ഉൾപ്പെടാതിരിക്കുന്നതിന് കാരണം. വസ്തുനികുതി ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി മുൻവർഷങ്ങളിലെ ഡിമാന്റ് കൃത്യമാക്കി കുടിശിക ഈടാക്കേണ്ടതാണ്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ വസ്തുനികുതി സമാഹരണം കാര്യക്ഷമമാക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**പെർമിറ്റ്**

ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ

തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്.

**<u>തൊഴിൽ നികുതി വരവ്</u>**

2022-23 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി വരുമാനം 1.17 കോടി രൂപയും സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് 18.5 ലക്ഷം രൂപയുമായിരുന്നു. തൊഴിൽ നികുതി ഡേറ്റാബേസ് തയ്യാറാക്കിയിട്ടുള്ളതിൽ ഓരോ വാർഡിലും പുതുതായി കണ്ടെത്തുന്ന സ്ഥാപനങ്ങളെ ചേർത്ത് കൃത്യമായ ഡേറ്റാബേസ് അപ്ഡേഷൻ നടത്തേണ്ടതാണ്.

സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടത്തിയവർ പ്രൊഫഷണലുകൾ മുതലായവരെ ഉൾപ്പെടുത്തി തൊഴിൽ നികുതി ഡേറ്റാബേസ് പുതുക്കേണ്ടതാണ്. നഗരസഭ പരിധിയിൽ തുടങ്ങുന്ന ഏതൊരു സ്ഥാപനവും നഗരസഭയിൽ രജിസ്റ്റർ ചെയ്യണം എന്ന നിയമവും ചട്ടവും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**<u>വിനോദ നികുതി</u>**

നഗരസഭയ്ക്ക് ഓഡിറ്റ് വർഷം വിനോദ നികുതിയിനത്തിൽ വരവില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന Hangout Play World എന്ന അമ്യൂസ്മെന്റ് പാർക്കിന്റെ കെട്ടിടങ്ങളുടെ നികുതി കൃത്യമായ ഉപയോഗക്രമത്തിൽ നിർണ്ണയിച്ച ശേഷം വിനോദ നികുതി പരിധിയിൽ ഉൾപ്പെടുത്തി നികുതി ഈടാക്കാവുന്നതാണ്.

**<u>ലൈസൻസ് വരവ്</u>**

ലൈസൻസ് ഇല്ലാതെ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് നഗരസഭയ്ക്ക് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നതിലുപരി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ആരോഗ്യത്തിനും അപകടം/അസഹ്യത ഒഴിവാക്കുന്നതിനുത്തരവാദിയായ മേൽ കർത്തവ്യം നിറവേറ്റുന്നതിൽ ഉപേക്ഷ വരുത്തുകയും ചെയ്തു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>വാടക</u>**

വാടക വരവിനത്തിൽ 51.38 ലക്ഷത്തിലധികം രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിന് സത്വരനടപടി സ്വീകരിയ്ക്കേണ്ടതാണ്.

നഗരസഭയുടെ തനത് നികുതി/നികുതിയേതര വരുമാന സ്രോതസ്സുകൾ കൃത്യമായും സമയബന്ധിതമായും വരുമാനദായകമാക്കി മാറ്റേണ്ടതാണ്. തനത് വരുമാനങ്ങൾ ഡ്യൂ ആകുന്ന സാമ്പത്തിക വർഷം തന്നെ പരമാവധി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ആയത് കുടിശികയാകുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കും. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളുടേതുപോലെയുള്ള ഡാറ്റാബേസ് മറ്റ് വരുമാന സ്രോതസ്സുകളായ ലൈസൻസ്, വാടക എന്നിവയ്ക്കും അവലംബിക്കുന്നത് ഡേറ്റാ കൈകാര്യം ചെയ്യൽ കാര്യക്ഷമമാക്കാൻ സഹായിക്കും. ഈ വിഷയങ്ങളിൽ നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**<u>1-13 കെ-സ്മാർട്ട് അവലോകനം</u>**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കുന്നതിനായി സംസ്ഥാന ഐടി വകുപ്പിന്റെ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച ആപ്ലിക്കേഷനാണ് കെ-സ്മാർട്ട് (കേരള സൊല്യൂഷൻസ് ഫോർ മാനേജ്മെന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോർമേഷൻ ആൻഡ് ട്രാൻസ്ഫോർമേഷൻ) . പൗരന്മാർക്കും ജീവനക്കാർക്കും തദ്ദേശ സ്ഥാപനങ്ങൾ വഴി സേവനങ്ങൾ തേടുന്ന ഏതൊരാൾക്കും മികച്ചതും കാര്യക്ഷമമായതുമായ സേവനം ഉറപ്പാക്കാൻ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും സ്മാർട്ട് ഇ - ഗവേണൻസ്

സംവിധാനം ഉപയോഗിക്കാൻ കെ - സ്മാർട്ട് ലക്ഷ്യമിടുന്നു. തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെ ഏകീകരിക്കുകയും ലളിതമാക്കുകയും ചെയ്യുന്ന മൊബൈൽ ആപ്പ് അധിഷ്ഠിത സംവിധാനമായാണ് കെ-സ്മാർട്ട് വിഭാവനം ചെയ്തത്. എല്ലാ സേവനങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു മൊബൈൽ ആപ്പും വെബ്സൈറ്റും കെ - സ്മാർട്ടിൽ ലഭ്യമായിട്ടുണ്ട്. കെ-സ്മാർട്ടിൽ രജിസ്റ്റർ ചെയ്യുന്നതിനായി ആധാർ കാർഡ് മൊബൈൽ നമ്പറുമായി ബന്ധിപ്പിക്കേണ്ടതാണ്. പ്രാരംഭ ഘട്ടത്തിൽ, ജനനം, മരണം, വിവാഹം എന്നിവയുടെ രജിസ്ട്രേഷൻ പോലുള്ള സേവനങ്ങൾ; കുറഞ്ഞ അപകടസാധ്യതയുള്ള നിർമ്മാണത്തിനുള്ള കെട്ടിട നിർമ്മാണ പെർമിറ്റുകൾ; വസ്തു നികുതി പേയ്മെന്റുകൾ; ലൈസൻസുകൾ; തൊഴിൽ നികുതി പേയ്മെന്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും നഗര ഗ്രാമ പ്രദേശങ്ങളിലേക്ക് അവർ നൽകുന്ന സേവനങ്ങളും കെ-സ്മാർട്ടിൽ 35 മോഡ്യൂളുകളിലായി ഏകീകരിച്ചിരിച്ച് ലഭ്യമാക്കാനാണ് Enterprise Resource Planning(ERP) സംവിധാനത്തിലുള്ള സോഫ്റ്റ്‌വെയർ ലക്ഷ്യമിടുന്നത്. ബ്ലോക്ക് ചെയിൻ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ജിഐഎസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, വിവിധ സ്റ്റോഫ്റ്റ്‌വെയറുകളുടെ എ പി ഐ ഇന്റഗ്രേഷൻ, മെഷീൻ ലേണിങ്, ഡേറ്റ സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വെർച്വൽ റീഡിങ്, ഇൻറർനെറ്റ് എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന സാങ്കേതികവിദ്യകളാണ് കെ-സ്മാർട്ടിന്റെ പ്രവർത്തനത്തിന് അടിസ്ഥാനമാക്കിയിരിക്കുന്നത്. പ്രാരംഭഘട്ടത്തിൽ 01/01/2024 ൽ ആരംഭിച്ച സോഫ്റ്റ്‌വെയർ വേർഷനിൽ 8 മൊഡ്യൂളുകൾ ആണ് പ്രവർത്തനസജ്ജമായിട്ടുള്ളത്.

1. സിവിൽ രജിസ്ട്രേഷൻ (ജനനം, മരണം, വിവാഹം)

2. ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരത്തിനും വ്യവസായത്തിനുള്ള ലൈസൻസുകൾ)

3. വസ്തുനികുതി

4. ഉപയോക്തൃ മാനേജ്മെൻറ്

5. ഫയൽ മാനേജ്മെന്റ് സിസ്റ്റം

6. സാമ്പത്തിക മോഡ്യൂൾ

7. ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ

8. പൊതുപരാതി പരിഹാരം

സംസ്ഥാനത്തുടനീളമുള്ള ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഇൻറഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റത്തിൽ (ILGMS) നിന്നാണ് K-സ്മാർട്ട് വികസിപ്പിച്ചത്. ആയതിനാൽ കെ-സ്മാർട്ടിനെ ILGMS-ന്റെ രണ്ടാം പതിപ്പ് എന്നും വിളിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് ആദ്യഘട്ടത്തിൽ 01/01/2024 മുതൽ കെ-സ്മാർട്ട് മുഖേന സേവനങ്ങൾ ലഭ്യമാക്കിയിട്ടുള്ളത്. തുടർന്ന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനം വ്യാപിപ്പിച്ച് ഐ എൽ ജി എം എസ് - ൽ നിന്നും കെ-സ്മാർട്ടിലേക്ക് സേവനങ്ങൾ ക്രമേണ മൈഗ്രേറ്റ് ചെയ്യപ്പെടും.

**പ്രധാന ഫീച്ചറുകൾ**

കേരളത്തിലെ തദ്ദേശസ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാകുമെന്നതാണ് കെ-സ്മാർട്ടിന്റെ സവിശേഷത. അപേക്ഷിച്ച് 30 സെക്കൻഡ് സമയത്തിനുള്ളിൽ 3000 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് കെ - സ്മാർട്ട് വഴി ലഭ്യമാകുന്നതാണ്. ' Know Your Land ' എന്ന ഫീച്ചറിലൂടെ ഒരു സ്ഥലത്ത് എന്തെല്ലാം താരത്തിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സാധിക്കുമെന്ന വിവരം അറിയുവാൻ സാധിക്കും. പരിസ്ഥിതി ലോല പ്രദേശം, എയർപോർട്ട് സോൺ, റയിൽവേ സോൺ തുടങ്ങിയ നിർമ്മാണ പ്രവർത്തികൾക്ക് നിയന്ത്രണങ്ങളുള്ള പ്രദേശങ്ങളുടെ വിവരങ്ങൾ മുൻകൂട്ടി അറിയുവാൻ സാധിക്കുന്നതിനാൽ ജനങ്ങൾക്ക് അറിവില്ലായ്മ മൂലം സംഭവിക്കാവുന്ന അബദ്ധങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. എത്ര ഉയരത്തിൽ കെട്ടിടം നിർമ്മിക്കാം, സെറ്റ് ബാക്ക് എത്രവേണം തുടങ്ങിയ കാര്യങ്ങളും മുൻകൂട്ടി അറിയുവാൻ സാധിക്കും.

സിവിൽ രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി ഡൗൺലോഡ് ചെയ്യാം എന്നുമാത്രമല്ല വാട്സാപ്പ് നമ്പർ കെ -സ്മാർട്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ സർട്ടിഫിക്കറ്റുകൾ പി ഡി എഫ് ഫോർമാറ്റിൽ അയച്ചുകിട്ടുകയും ചെയ്യും. പരാതികൾ 9446300500 എന്ന വാട്സ്ആപ്പ് നമ്പരിലേക്ക് അയക്കാം. പരാതികൾ പരിശോധിക്കാൻ ജില്ലാ-സംസ്ഥാന തലങ്ങളിൽ പ്രത്യേക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**നഗരസഭയിലെ കെ-സ്മാർട്ട് പ്രവർത്തനം**

ഏറ്റുമാനൂർ നഗരസഭയിൽ 01/01/2024 മുതൽ പ്രാരംഭ ഘട്ടത്തിൽ സജ്ജമായ 8 മൊഡ്യൂളുകളിലെ സേവനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ രജിസ്ട്രേഷൻ മൊഡ്യൂൾ മുഖേനയുള്ള സേവനങ്ങൾ മാത്രമാണ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്. വസ്തുനികുതി ഡേറ്റാബേസിലെ ഡാറ്റ കെ-സ്മാർട്ടിലേക്ക് ഭാഗികമായി മാത്രമാണ് ലഭ്യമായിട്ടുള്ളത്. കെട്ടിട ഉടമകളുടെ ആധാർ നം. വസ്തുനികുതി ഡേറ്റാബേസിലേക്ക് ചേർക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

വാടക, തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ ഡേറ്റാബേസ് വസ്തുനികുതി ഡേറ്റാബേസിനെ ആധാരമാക്കി സജ്ജമായിട്ടില്ല എന്നതിനാൽ സംബന്ധിക്കുന്ന ഇടപാടുകൾ കെ സ്മാർട്ടിലൂടെ നിർവ്വഹിക്കാൻ നിലവിൽ സാധിക്കുന്നില്ല. നഗരസഭയിൽ വാർഡ് അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള സ്ഥാപനം-ട്രേഡർ ഡേറ്റാബേസിലെ വിവരം സോഫ്റ്റ്‌വെയറിലേക്ക് ഉൾപ്പെടുത്താനുള്ള ക്രമീകരണം IKM ന്റെ സഹായത്തോടെ നടത്തേണ്ടതാണ്. വരവിനങ്ങളുടെ ഡേറ്റാബേസ്, നഗരസഭ വിവിധ മേഖലകളിലെ അവസ്ഥ റിപ്പോർട്ട് ഡാറ്റ എന്നിവ ഓൺലൈനായി ലഭ്യമാക്കി നഗരസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ കൈകാര്യം ചെയ്യുന്ന ഡേറ്റയിൽ നിന്ന് വിവിധ രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ജനറേറ്റ് ചെയ്യാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

**1-14 റക്കൺസിലിയേഷൻ പത്രികയിലെ പൊരുത്തപ്പെടുത്തൽ കൃത്യമായി നടത്തുന്നില്ല**

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 53 പ്രകാരം ബാങ്ക്/ട്രഷറി സേവിങ്ങ്സ് അക്കൗണ്ടുകളുടെ ബാങ്ക് ബുക്കും പാസ്സ് ബുക്കുമായുള്ള പൊരുത്തപ്പെടുത്തൽ പത്രിക തൊട്ടടുത്ത മാസം 7 ാം തീയതിയ്ക്ക് മുൻപ് തയ്യാറാക്കി സെക്രട്ടറിയും അക്കൗണ്ട്സ് ഓഫീസറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ കേരള ഗ്രാമീൺ ബാങ്ക്, ഏറ്റുമാനൂർ-40535 (അക്കൌണ്ട് നം.40535101023789) അക്കൌണ്ടിന്റെ 01.04.22 മുതൽ 31.03.2023 വരെ പൊരുത്തപ്പെടുത്തൽ പത്രിക പരിശോധിച്ചതിൽ ഫെബ്രുവരി 2023 വരെയുള്ള ട്രാൻസാക്ഷനുകൾ ക്ലിയർ ചെയ്ത് ബാങ്ക് ബുക്കും പാസ് ബുക്കുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

Cheque Deposited But Not Cleared എന്ന ഇനത്തിൽ മുനിസിപ്പാലിറ്റിയിൽ ലഭിച്ച 133 ചെക്കുകൾ പ്രകാരമുള്ള 54,25,137/- രൂപയും,

Directly Credited By Bank എന്ന ഇനത്തിൽ 39 ട്രാൻസാക്ഷൻ പ്രകാരം 70,02,239/- രൂപയും,

Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ മുനിസിപ്പാലിറ്റി അക്കൌണ്ടിൽ നിന്നും പിൻവലിച്ച് നൽകേണ്ടിയിരുന്ന 26 ട്രാൻസാക്ഷനുകളിലെ തുക 66,68,990/- രൂപയും,

Directly Debited By Bank എന്ന ഇനത്തിൽ 23 ട്രാൻസാക്ഷനുകളിലെ തുക 39,09,933/- രൂപയും ക്ലിയർ ചെയ്യാനുള്ളതായി ഫെബ്രുവരി 2023 ലെ പൊരുത്തപ്പെടുത്തപ്പെടുത്തൽ പത്രിക പ്രകാരം കാണുന്നു. എന്നാൽ മാർച്ച് 2023 ലെ Reconciliation Statement ൽ ടി ട്രാൻസാക്ഷനുകൾ എല്ലാം ക്ലിയർ ചെയ്തിട്ടുണ്ടെങ്കിലും ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ മേൽ ചേർക്കും പ്രകാരം എല്ലാം ട്രാൻസാക്ഷനും നടന്നിട്ടില്ല എന്ന് കാണുന്നു.

ഓഡിറ്റ് എൻക്വയറി നം.18/20.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് മാസത്തിൽ മാത്രമാണ് റക്കൺസിലിയേഷൻ നടത്തിയിട്ടുള്ളതെന്നും ട്രാൻസാക്ഷനുകൾ നടക്കുന്ന സമയം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തൽ കൃത്യമായി നടത്താത്തതിനാലാണ് മേൽ അപാകത സംഭവിച്ചതെന്നും മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിയ്ക്കുന്ന യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മറുപടി പൂർണ്ണമായും അംഗീകരിയ്ക്കാൻ സാധിക്കാത്തതിനാൽ കേരള ഗ്രാമീൺ ബാങ്ക്, ഏറ്റുമാനൂർ-40535 അക്കൌണ്ടിന്റെ 01.04.22 മുതൽ 31.03.2023 വരെയുള്ള എല്ലാ ട്രാൻസാക്ഷനുകളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അക്കൌണ്ട്സ് ചട്ടങ്ങൾ അനുശാസിയ്ക്കും പ്രകാരംഅക്കൌണ്ടിംഗ് നടത്തി മുനിസിപ്പൽ ഫണ്ടിന്റെ കൃത്യത ഉറപ്പ് വരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ഉണ്ടാകേണ്ടതാണ്.

**1-15 നഗരസഭാ ഫണ്ട് സൂക്ഷിയ്ക്കുന്ന 5 ബാങ്ക് അക്കൗണ്ടുകളുടെ റക്കൺസിലിയേഷൻ നടത്തുന്നില്ല**

2022-23 വർഷത്തെ ധനകാര്യപത്രിക 40(b) പത്രിക പ്രകാരമുള്ള ചുവടെ ചേർക്കുന്ന അക്കൗണ്ടുകളുടെ 01.04.2022 മുതൽ 31.03.2023 വരെ ബാങ്ക് റക്കൺസിലീയേഷൻ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1) Nationalised Banks - Municipal Fund -5 -Rs.2,17,208.00
2) SBI Property Tax Online Account -Rs.59,13,703.00
3) Scheduled Co-operative Banks DCB -Rs.1,170.0
4) COVID-CFLTC STSB -Rs.1,51,259.00
5) CANARA BANK-15THFC-HEALTH GRANT-WELFARE CENTRE-Rs.83,27,096.00

മേൽ വിഷയത്തിൽ ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറി നം.33/23.01.2024 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1) Nationalised Banks - Municipal Fund-5 അക്കൗണ്ട് ഹരിതകർമ്മസേനയുടെ അക്കൗണ്ട് ആണെന്നും മുനിസിപ്പൽ അക്കൌണ്ടിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചു.
2) SB1 Property Tax Online Account-റെക്കൺസിലീയേഷൻ നടത്താൻ സാധിച്ചില്ല.
3) Scheduled Co-operative Banks DCB-മറുപടി ലഭ്യമാക്കിയില്ല.
4) COVID-CFLTC STSB -ബാങ്ക് അക്കൌണ്ട് നിലവിൽ ഇല്ല.
5) CANARA BANK-15THFC-HEALTH GRANT-WELFARE CENTRE- Software Error.

നഗരസഭയിൽ മുൻസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ച് അക്കൗണ്ട്സ് തയ്യാറാക്കുന്നില്ല എന്നാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക്, പാസ്ബുക്ക് പൊരുത്തപ്പെടുത്തൽ എല്ലാ മാസവും നടത്തേണ്ടതിനു പകരം വർഷാന്ത്യം ആണ് തയ്യാറാക്കുന്നത്. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയെ സാധൂകരിയ്ക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. റക്കൺസിലീയേഷൻ പത്രിക തയ്യാറാക്കാത്ത മേൽ അക്കൗണ്ടുകളുടെ 2022-23 വർഷത്തെ വിനിമയം കൃത്യമായി രേഖപ്പെടുത്തി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി മുൻസിപ്പൽ ഫണ്ടിന്റെ കൃത്യത ഉറപ്പുവരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-16 വസ്തുനികുതി കൃത്യമായ ഡിമാന്റില്ല.**

2022-23 വാർഷിക കണക്കുകൾ പ്രകാരം 1.53 കോടി രൂപയാണ് തൻവർഷ ഡിമാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. വസ്തുനികുതി ഡിമാന്റ്, കുടിശിക ഡിമാന്റ് എന്നിവയ്ക്ക് ആധാരമായ ഡി.സി.ബി. ഹാജരാക്കിയത് പ്രകാരം 1.46 കോടി രൂപയാണ് വസ്തുനികുതി ഡിമാന്റ്. 35 വാർഡുകളിലെയും വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് തുകയുടെ വിവരം, ഡി.സി.ബി. എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2022-23/20-01-2024) നൽകിയതിന് വാർഡ് തലത്തിലുള്ള ഡി.സി.ബി. സൂക്ഷിക്കുന്നതാണ് എന്നും വസ്തുനികുതി ഡിമാന്റ് കൃത്യമായി അക്കൗണ്ട് ചെയ്യുമെന്നും അറിയിച്ചു. നഗരസഭയുടെ പ്രധാനവരുമാന സ്രോതസ്സായ വസ്തുനികുതിയുടെ കൃത്യമായ ഡിമാന്റ് നിർണ്ണയിക്കപ്പെടാത്തത് ഉചിതമല്ല. വസ്തുനികുതി ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ നടത്തി ഡിമാന്റ് കൃത്യമായി നിർണ്ണയിക്കേണ്ടതാണ്. സെക്രട്ടറി നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തിയ ഡിമാന്റ് അക്കൗണ്ട് ചെയ്യേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള ഡി.സി.ബി. ധനകാര്യ പത്രികയുടെ കൂടെ സമർപ്പിക്കേണ്ടതുമാണ്.

**1-17 42.76 ലക്ഷം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു**

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് 42.76 ലക്ഷം രൂപ കുടിശ്ശികഇനത്തിൽ ലഭിക്കാനുള്ളതായി കാണുന്നു. കുടിശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി കുടിശിക ഇനം | തുക |
|---|---|
| കെട്ടിടനികുതി(2022-23) | 2,979,160/- |
| കെട്ടിടനികുതി(കുടിശിക) | 1,297,157/- |
| ആകെ | 4,276,317/- |

2020-21 വർഷം വരെയുള്ള ആകെ നികുതി വരുമാനത്തിന്റെ 90% പിരിച്ചെടുക്കാതിരുന്നതിനാൽ നഗരസഭയുടെ വികസന ഫണ്ടിന്റെ 1% തൻവർഷം സർക്കാർ കുറവുചെയ്ത സാഹചര്യത്തിൽ 363210രൂപ നഷ്ടപ്പെട്ടു. ഇപ്രകാരമുള്ള ഒഴിവാക്കാനാവുന്ന നഷ്ടം ഒഴിവാക്കേണ്ടതും കുടിശിക വസ്തുനികുതി ഈടാക്കാനുള്ള അടിയന്തിര നടപടി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ടതുമാണ്.

**1-18 അമ്യൂസ്മെന്റ് പാർക്കിന്റെ വസ്തുനികുതി കൃത്യമായ ഉപയോഗക്രമത്തിൽ നിർണ്ണയിച്ചിട്ടില്ല**

ഏറ്റുമാനൂർ നഗരസഭ പാറോലിക്കൽ എന്ന സ്ഥലത്ത് (വാർഡ്-32) മെയിൻ സെൻട്രൽ റോഡിന്(MC Road) സമീപത്തായി Hangout Play World എന്ന പേരിൽ കുട്ടികൾക്കായുള്ള അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിക്കുന്നതായി കാണുന്നു. സ്വിമ്മിങ്ങ് പൂളുകൾ, വിവിധ റൈഡുകൾ ഉൾപ്പടെയുള്ള സൗകര്യങ്ങളോടെ അമ്യൂസ്മെന്റ് സെന്റർ എന്ന ടൈറ്റിലിൽ പ്രവർത്തിക്കുന്ന സ്ഥാപനം "അമ്യൂസ്മെന്റ് പാർക്ക്" എന്ന ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടില്ല എന്ന് നഗരസഭയുടെ സഞ്ചയ ഡേറ്റാബേസിൽ നിന്ന് വ്യക്തമാകുന്നു. നിലവിൽ "അമ്യൂസ്മെന്റ് പാർക്ക്" എന്ന ഉപയോഗക്രമത്തിൽ നഗരസഭയിലുള്ള കെട്ടിടങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല എന്നാണ് ഡേറ്റാബേസ് വ്യക്തമാക്കുന്നത്.

Hangout Play World എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി ഉപയോഗക്രമത്തിന് അനുസൃതമായി നിർണ്ണയിക്കപ്പെടാതിരുന്നതിന് വിശദീകരണം നൽകുന്നതിനും മറ്റ് ഏതെങ്കിലും ഉപയോഗക്രമമായി ടി സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട് എങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനും ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.32/2022-23/23-01-2024) നൽകിയതിന് വാർഡ് 32 ൽ 66,66-1, 66-2, 66-3, 66-4, 66-5,67, 67-12, 67-13, 67-14 എന്നീ വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങളിലാണ് ടി സ്ഥാപനം പ്രവർത്തിക്കുന്നത് എന്നും നികുതി അസസ്സ് ചെയ്ത സമയത്ത് അമ്യൂസ്മെന്റ് പാർക്ക് പ്രവർത്തിച്ചിരുന്നില്ല എന്നും നിലവിൽ നിയമാനുസൃത തുടർനടപടി സ്വീകരിക്കുമെന്നും അറിയിച്ചു. പാർക്കിലെ റൈഡുകൾ, സ്വിമ്മിങ്ങ് പൂളുകൾ തുടങ്ങിയവ ഉൾപ്പടെ "അമ്യൂസ്മെന്റ് പാർക്ക്" ഉപയോഗക്രമമായി നികുതി നിർണ്ണയിക്കേണ്ടതാണ്. നഗരസഭയെ അറിയിക്കാതെ കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റുന്ന വിഷയത്തിലും തുടർനടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയം കൃത്യമാക്കി കുടിശിക ഉൾപ്പടെ ഈടാക്കേണ്ടതാണ്.

**1-19 കെട്ടിടത്തിന്റെ വിസ്തീർണ്ണം വിഭജിച്ച് നികുതി നിർണയിക്കുമ്പോൾ ഉപയോഗക്രമം/നിരക്ക് വ്യത്യാസപ്പെടുന്നു**

ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള സൗകര്യാർത്ഥം വിസ്തീർണ്ണം വിഭജിച്ച് കെട്ടിട നമ്പർ നൽകുമ്പോൾ ഉപയോഗക്രമം കൃത്യമായി നിർണ്ണയിക്കാതിരുന്നതിനാൽ നികുതിയിൽ കുറവുണ്ടാകുന്നതായി കാണുന്നു. 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ 75/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടത് 100 ചതുരശ്രമീറ്റർ വരെയുള്ള തരം കെട്ടിടമായി 60/- രൂപ നിരക്കിൽ നികുതി നിർണ്ണയിക്കപ്പെടുന്ന അവസ്ഥയുണ്ടാകുന്നു. 2022-23 സപ്ലിമെന്ററി അസസ്മെന്റിൽ ഉൾപ്പെട്ട ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | Plinth Area | ഉടമ/ നികുതി പ്രാബല്യം | നിർണ്ണയിച്ച അടിസ്ഥാന | നിർണ്ണയിക്കേണ്ട അടിസ്ഥാന | അടിസ്ഥാന നികുതിയിലെ |
|---|---|---|---|---|---|

| | | | നികുതി (60/-) | നികുതി (75/-) | കുറവ് |
|---|---|---|---|---|---|
| 16/76 | 38.37 | പ്രീതേഷ് കുമാർ സി. ജി. ചെറുകത്തണ്ടത്തിൽ, പേരൂർ 2013-14 First Half | 153.48*60 =9208.8 | 153.48*75 =11511 | 2,302/- |
| 16/77 | 38.37 | | | | |
| 16/78 | 38.37 | | | | |
| 16/79 | 38.37 | | | | |
| 25/350/1 | 100.77 | റീജ രാജു, ഉദിക്കുന്നേൽ | 100.77*60 =6046.2 | 100.77*75 =7557.75 | 1,512/- |

ഇപ്രകാരം വിഭജിച്ച് നികുതി നിർണ്ണയം നടത്തുന്നതിൽ നികുതി നിർണ്ണയത്തിൽ അപാകത നിലനിൽക്കുന്നു. ഈ വിഷയത്തിൽ രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.46/2022-23/24-01-2024) നൽകിയതിന് മറുപടിയായി അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. മേൽപറഞ്ഞ കെട്ടിടങ്ങളുടെ ഉൾപ്പടെ 35 വാർഡുകളിലും ഇപ്രകാരം വിഭജിച്ച് നികുതി നിർണ്ണയിച്ചപ്പോൾ നികുതി നിരക്ക് വ്യത്യാസപ്പെട്ടവയുടെ എല്ലാം നികുതി നിരക്ക് ഡേറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി കൃത്യമാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-20 വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് 15% വർദ്ധനവ് ബാധകമാകുന്നില്ല**

2011-ലെ കേരള മുനിസിപ്പാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പട്ടിക 6 പ്രകാരം 250 ചതുരശ്രമീറ്ററിൽ കൂടുതലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% വർദ്ധനവ് നൽകേണ്ടതാണ്. എന്നാൽ 250 ചതുരശ്രമീറ്ററിൽ കൂടുതലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിന് ബാധകമാകുന്നില്ല എന്ന് സഞ്ചയ ഡേറ്റാബേസിൽ നിന്ന് വ്യക്തമാകുന്നു. 2022-23 സപ്ലിമെന്ററി അസസ്സ്മെന്റിൽ ഉൾപ്പെട്ട ഏതാനും നികുതി നിർണ്ണയങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ.) | ഉടമ | ആകെ അടിസ്ഥാന നികുതി | നൽകേണ്ട വർദ്ധന(15%) |
|---|---|---|---|---|
| 1/59 | 104 | പി. റ്റി. ചാക്കോ വി. എ. ദേവസ്യ പാറയിൽ | 678X75 =50850 | 7,628/- രൂപ |
| 1/60 | 92 | | | |
| 1/61 | 241 | | | |
| 1/62 | 241 | | | |
| 4/507/2 | 38.65 | ടോം സിറിയക്, സൽന ജേക്കബ് തോലംപ്ലാക്കിൽ, വെളിയന്നൂർ | 1302.23x75 =97667.25 | 14,650/- രൂപ |
| 4/507/3 | 56.46 | | | |
| 4/507/4 | 84.96 | | | |
| 4/507/4A | 54.56 | | | |
| 4/507/5 - 4/507/13 (9 എണ്ണം) | 63.816*9 =574.34 | | | |
| 4/507/2A-2D | 38.65*4 | | | |

| | |
|---|---|
| (4എണ്ണം) | = 154.6 |
| 4/507/3A-3D (4എണ്ണം) | 50.76*4 =203.04 |
| 4/507/4B | 50.76 |
| 4/507/4C | 84.86 |

250 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങളുടെയും നികിതി വർദ്ധനവിൽ അപാകത നിലനിൽക്കുന്നു. വസ്തുനികുതി ഡേറ്റാബേസിൽ ഇപ്രകാരമുള്ള നികുതി വർദ്ധനവ് ഉൾപ്പെടാത്തതിനാൽ സമാനമായി 2 കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ നികുതിയിൽ 22,283/- രൂപയുടെ കുറവുണ്ടായി. മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.36/2022-23/23-01-2024) നൽകിയതിന് പ്രസ്തുത അപാകത സോഫ്റ്റ്‌വെയറിലെ അപാകതയാണ് എന്നാണ് അറിയിച്ചത്. IKM-മായി ബന്ധപ്പെട്ട് മേൽപറഞ്ഞ അപാകത പരിഹരിക്കേണ്ടതാണ്. നഗരസഭയിലെ 250 ചതുരശ്രമീറ്ററിലധികമുള്ള കെട്ടിടങ്ങൾ വിഭജിച്ച് നികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ മേൽത്തരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് ഉറപ്പാക്കേണ്ടതാണ്. അപാകത പരിഹരിച്ച ശേഷം വിവരം മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 1993 അസസ്സ്മെന്റിലുണ്ടായിരുന്ന കെട്ടിടങ്ങൾ 2015 വാർഡ് പുനർനിർണ്ണയ ശേഷം ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല-വൻവരുമാന നഷ്ടത്തിന് സാധ്യത**

നഗരസഭ പ്രദേശം ഗ്രാമപഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ 1993 മുതൽ 2015 വരെയുള്ള അസസ്സ്മെന്റിലുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളും 2015 വാർഡ് വിഭജനത്തിനു ശേഷമുള്ള അസസ്സ്മെന്റ് ഡേറ്റാബേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഉദാഹരണമായി 1993 ലെ അസസ്സ്മെന്റ് പ്രകാരം മുരുകൻ ആചാരി, പുതുപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 7/33-B എന്ന നമ്പരിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം 2015 മുതലുള്ള ഡേറ്റാബേസിൽ പുതുക്കിയ വാർഡ് നം./കെട്ടിട നം. നൽകി ഉൾപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ഇപ്രകാരം മുൻ ഡേറ്റാബേസിലുണ്ടായിരുന്ന കെട്ടിടം വാർഡ് വിഭജന ശേഷമുള്ള ഡേറ്റാബേസിൽ ഉൾപ്പെടാതിരുന്നത് കെട്ടിടങ്ങൾ സംബന്ധിച്ച അടിസ്ഥാന ഡേറ്റാ നഷ്ടപ്പെടുന്നുള്ള വസ്തുത സ്ഥിരീകരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.44/2022-23/24-01-2024) നൽകിയതിന് മറുപടി ലഭിച്ചില്ല.

2015 വാർഡ് പുനർനിർണ്ണയത്തിന് ശേഷം മുൻപുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളും പുതുക്കിയ നമ്പരായി ഡേറ്റാബേസിൽ ഉൾപ്പെട്ടു എന്നത് ഉറപ്പാക്കേണ്ടതാണ്. വാർഡ് തലത്തിൽ ഈ വിഷയത്തിൽ 2023 വസ്തുനികുതി പരിഷ്കരണം നടപ്പാക്കുന്ന സാഹചര്യത്തിൽ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തേണ്ടതാണ്.വൻവരുമാന നഷ്ടത്തിന് സാധ്യതയുള്ള ഒരു വിഷയം എന്ന നിലയിൽ ഇക്കാര്യത്തിൽ ഊർജ്ജിത നടപടികൾ പൂർത്തിയാക്കി വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-22 നഗരസഭ പരിധിയിലെ റോഡുകളുടെ തരം പുതുക്കി നിർണ്ണയിച്ചിട്ടില്ല-വസ്തുനികുതി അസസ്സ്മെന്റിൽ പിഴവ് ഉണ്ടാകാൻ സാധ്യത.**

ഏറ്റുമാനൂർ നഗരസഭ പരിധിയിലുള്ള റോഡുകളുടെ തരം പുതുക്കി നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തതായി കാണുന്നില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം റോഡുകളുടെ ഇനം നിർണ്ണയിച്ചത് 2018 വർഷമാണ്. മുന്ന് സംസ്ഥാന ഹൈവേ റോഡുകളെ മാത്രമാണ് ഒന്നാം തരം റോഡായി 5 മീറ്ററിലധികം വീതിയുള്ളതായി കണക്കാക്കി ഭരണസമിതി തീരുമാനം എടുത്തത്.

| ക്രമ നം. | റോഡിന്റെ പേര് | റോഡ് ഇനം | നഗരസഭ പ്രദേശത്തെ റീച്ച് |
|---|---|---|---|

| | | | |
|---|---|---|---|
| 1. | അതിരമ്പുഴ – പാലാ റോഡ് | സംസ്ഥാന ഹൈവേ | കച്ചേരിപ്പടി - കട്ടച്ചിറ |
| 2. | മെയിൻ സെൻട്രൽ റോഡ് (എം.സി. റോഡ്) | സംസ്ഥാന ഹൈവേ | അടിച്ചിറ - പട്ടിത്താനം |
| 3. | ഏറ്റുമാനൂർ – എറണാകുളം റോഡ് | സംസ്ഥാന ഹൈവേ | പട്ടിത്താനം – സബ് സ്റ്റേഷൻ |

2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പട്ടിക 2 പ്രകാരം 5 മീറ്ററിലധികം വീതിയുള്ള റോഡ് പ്രവേശനമാർഗ്ഗം ഉള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയുടെ 20% വർദ്ധനവ് ബാധകമാണ്. കൃത്യമായ തരത്തിൽ റോഡുകളെ തരം തിരിച്ച് നിശ്ചയിക്കുന്നത് വസ്തുനികുതി നിർണ്ണയത്തിലെ പ്രധാന ഘടകമാണ്. നഗരസഭ പരിധിയിലുള്ള ജില്ല റോഡ്, ബൈപ്പാസ് ഉടങ്ങിയ 4 റോഡുകൾ കൂടി 5 മീറ്ററിലധികം വീതിയുള്ളതായി ഗൂഗിൾ മാപ്പിലെ വിശദാംശങ്ങൾ വ്യക്തമാക്കുന്നു.

| ക്രമ നം. | റോഡിന്റെ പേര് | റോഡ് ഇനം | നഗരസഭ പ്രദേശത്തെ റീച്ച് |
|---|---|---|---|
| 4. | ഏറ്റുമാനൂർ - നീണ്ടൂർ റോഡ് | ജില്ല റോഡ് | ഏറ്റുമാനൂർ ടൗൺ - സിയോൺ കവല |
| 5. | ഏറ്റുമാനൂർ - മണർകാട് ബൈപ്പാസ് റോഡ് | ജില്ല റോഡ് | പട്ടിത്താനം - പൂവത്തുംമൂട് |
| 6. | ഓൾഡ് എം.സി. റോഡ് | ജില്ല റോഡ് | ഏറ്റുമാനൂർ സ്റ്റാന്റ് - അടിച്ചിറ |
| 7. | ഏറ്റുമാനൂർ - അയർക്കുന്നം റോഡ് | ജില്ല റോഡ് | മുണ്ടമറ്റം - പട്ടർമഠം പാലം |

01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണം നിലവിൽ വന്നിട്ടും റോഡുകളുടെ തരം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാതിരിക്കുന്നത് കൃത്യമായ വസ്തുനികുതി നിർണ്ണയം സാധ്യമല്ലാതാക്കുന്നു. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.43/2022-23/24-01-2024) നൽകിയതിന് 2023 വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നഗരസഭ കൗൺസിലിന്റെ 06/06/2023 ലെ 3(1) നം. തീരുമാന പ്രകാരം നിലവിലുള്ള മേഖല, റോഡ് എന്നിവ മാറ്റം വരുത്താതെ തുടരാനാണ് നിശ്ചയിച്ചത് എന്നാണ് മറുപടി നൽകിയത്. എന്നാൽ പുതിയ റോഡായ ബൈപ്പാസ് റോഡ് നിലവിൽ വന്ന സാഹചര്യത്തിലും 5 മീറ്ററിലധികം വീതിയുള്ള റോഡുകൾ നഗരസഭ പ്രദേശത്തുള്ള സാഹചര്യത്തിലും ടി വിഷയത്തിൽ നടപടി സ്വീകരിക്കുന്നതിന് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരം മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-23 01/04/2023 <u>പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തിയായില്ല.</u>**

22/03/2023 ല സ.ഉ.(കൈ)നം.77/2023/LSGD, 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD എന്നിവ പ്രകാരം നഗരസഭയിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ഏറ്റുമാനൂർ നഗരസഭ കൗൺസിൽ 06/06/2023 ലെ 3(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. നികുതി നിരക്കുകൾ 22/06/2023 ലെ ആർ1-5765/23 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചു. നിരക്കുകൾ അന്തിമമായി നിശ്ചയിച്ച് 31/10/2023 ലെ 1 നം. തീരുമാനത്തിൽ അംഗീകരിച്ച് 31/10/2023 ൽ ആർ1-5765/23

പ്രകാരം അന്തിമ വിജ്ഞാപനം നടത്തി.

വസ്തുനികുതി ഡേറ്റാബേസിൽ 31/03/2023 വരെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ആകെ നികുതിയുടെ 5% വർദ്ധനവായി അപ്ഡേഷൻ ആയിട്ടുണ്ട്. നികുതിയുടെ 5% വർദ്ധനവ് എന്നത് ഒരു താൽക്കാലിക ക്രമീകരണം മാത്രമാണ്.01/04/2023 മുതലുള്ള നികുതി നിർണ്ണയം പരിഷ്കരിച്ച സ്ലാബുകൾ പ്രകാരം നടത്തിയാൽ മാത്രമെ വസ്തുനികുതിപരിഷ്കരണം സമഗ്രമായ രീതിയിൽ പൂർത്തിയാകൂ. 2023-24 വർഷത്തെ നികുതി ഡിമാന്റ് ജനറേറ്റ് ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ പ്രവർത്തിക്കുന്നു

നഗരസഭ പരിധിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ 2022-23 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതെ പ്രവർത്തിച്ചതായി കാണുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 247 പ്രകാരം നഗരസഭ പ്രദേശത്ത് തൊഴിൽ ചെയ്യുന്ന ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | മംഗളം കോളേജ് ഓഫ് എഞ്ചിനീയറിങ്ങ് |
| 2. | മംഗളം ഹയർ സെക്കന്ററി സ്കൂൾ |
| 3. | മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ |
| 4. | എം. സി. വർഗ്ഗീസ് കോളേജ് ഓഫ് ആർട്സ് & സയൻസ് |
| 5. | മംഗളം മാനേജ്മെന്റ് സ്റ്റഡീസ് |

ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനം ആയതിനാൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാതിരിക്കുന്നത് നികുതി വരുമാന നഷ്ടത്തിന് ഇടയാക്കും. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2022-23/19-01-2024) നൽകിയതിന് മംഗളം ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ തൊഴിൽ നികുതി കുടിശികയായി അടവാക്കിയെന്നും മറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചു. സ്ഥാപനങ്ങളിലെ തൊഴിൽ നികുതി പരിധിയിൽ വരുന്ന ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി Prior Period Tax ആയി നഗരസഭാ ഫണ്ടിൽ അടവാക്കിയ ശേഷം കുടിശിക നികുതി കളക്ഷൻ സ്റ്റേറ്റ്മെന്റ്, നികുതി ഒടുക്കിയ രസീതുകൾ തുടങ്ങിയ അനുബന്ധരേഖകൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-25 പ്രോഫഷണൽസിന്റെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തിയിട്ടില്ല-വൻവരുമാന നഷ്ടം

ഏറ്റുമാനൂർ നഗരസഭ പരിധിയിലുള്ള പ്രോഫഷണൽസിന്റെ ലിസ്റ്റ്/ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ നഗരസഭ പ്രദേശത്തുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്, വക്കീലൻമാർ, ആധാരം എഴുത്തുകാർ, ഡോക്ടർമാർ, കൺസൾട്ടന്റ് തുടങ്ങിയ വിവിധ മേഖലകളിലെ പ്രോഫഷണലുകൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ഗൂഗിൾ മാപ്പിൽ ലിസ്റ്റ് ചെയ്യപ്പെട്ട ഏറ്റുമാനൂർ നഗരസഭ പരിധിയിലുള്ള പ്രോഫഷണൽസിന്റെ വിവരം പട്ടികയിൽ ചേർക്കുന്നു.

| ക്രമനം. | പ്രോഫഷണൽസിന്റെ പേര് | പ്രവർത്തന മേഖല |
|---|---|---|
| 1. | ജെയിംസ് കുട്ടി & അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 2. | സി. എ. സിനോയ് & അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 3. | JTSR & അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 4. | GMN & Co. | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 5. | സുബ്രഹ്മണ്യൻ മൂത്തലത്ത് | ചാർട്ടേർഡ് അക്കൗണ്ടന്റ് |

| | | |
|---|---|---|
| 6. | മൂത്തലത്ത് അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 7. | വിഷ്ണു രാജേന്ദ്രൻ & Co. | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 8. | രങ്കമണി അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 9. | പി. എൻ. രാജ് & അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 10. | JSMR & അസോസിയേറ്റ്സ് | ചാർട്ടേർഡ് അക്കൗണ്ടന്റ് |
| 11. | കെ. കെ. ബാബു | അഡ്വക്കേറ്റ്/നോട്ടറി |
| 12. | ജയാ പി. നായർ | അഡ്വക്കേറ്റ്/നോട്ടറി |
| 13. | ധന്യ ഇ. ജെ. | അഡ്വക്കേറ്റ്/നോട്ടറി |
| 14. | ബേബി പാർവ്വതി | അഡ്വക്കേറ്റ്/നോട്ടറി |
| 15. | റ്റി. കെ. സുരേഷ് കുമാർ | അഡ്വക്കേറ്റ്/നോട്ടറി |
| 16. | ദീപാ സുകുമാരൻ | അഡ്വക്കേറ്റ്/നോട്ടറി |
| 17. | കെ. എം. സന്തോഷ് കുമാർ | അഡ്വക്കേറ്റ്/നോട്ടറി |
| 18. | അഞ്ജു മാത്യു | അഡ്വക്കേറ്റ്/നോട്ടറി |
| 19. | കെ. വിനോദ് കുമാർ | അഡ്വക്കേറ്റ്/നോട്ടറി |
| 20. | ധന്യ & ധന്യ അസോസിയേറ്റ്സ് | അഡ്വക്കേറ്റ്/നോട്ടറി |
| 21. | ദിലീപ് രാജ് | അഡ്വക്കേറ്റ്/നോട്ടറി |
| 22. | MTR അസോസിയേറ്റ്സ് | അഡ്വക്കേറ്റ്/നോട്ടറി |
| 23. | അനീഷ് എസ്. Law Firm | അഡ്വക്കേറ്റ്/നോട്ടറി |
| 24. | ഡോ. രേഖ | ഡോക്ടർ |
| 25. | ഡോ. എബ്രഹാം മോഹൻ | ഡോക്ടർ |
| 26. | ഡോ. കെ. സി. ജോർജ് | ഡോക്ടർ |
| 27. | ഡോ. അമീർ ബാവെ | ഡോക്ടർ |
| 28. | ഡോ. റ്റി. യു. സുകുമാരൻ | ഡോക്ടർ |
| 29. | ഡോ. ശേഷാദ്രിനാഥൻ | ഡോക്ടർ |
| 30. | ഡോ. അനൂപ് സി. ഹരിദാസ് | ഡോക്ടർ |
| 31. | ഡോ. സുജിത്ത്-സ് ക്ലിനിക് | ഡോക്ടർ |
| 32. | ഡോ. എസ്. എസ്. പിള്ളൈ | ഡോക്ടർ |
| 33. | ഡോ. അഷ്ന | ഡോക്ടർ |
| 34. | ഡോ. അജിത്ത് ഗോപിനാഥ് | ഡോക്ടർ |
| 35. | എം. കെ. രാമചന്ദ്രൻ | ആധാരം എഴുത്ത് |
| 36. | വെട്ടൂർ ഡോക്യുമെന്റേഷൻ | ആധാരം എഴുത്ത് |
| 37. | രാമചന്ദ്രൻ നായർ | ആധാരം എഴുത്ത് |

പ്രോഫഷണൽസിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതെ തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി പ്രോഫഷണൽസിന്റെ ഡേറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതി ഈടാക്കാത്തതിനും അതുമൂലം നഗരസഭ ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2022-23 /16-01-2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയത്തിൽ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു.

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽസിന്റെ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ

തയ്യാറാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്. മേൽവിവരിച്ച പ്രൊഫഷണൽസിന്റെ 2022-23 തൊഴിൽ നികിതി നിലവിൽ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്ത് നഗരസഭ ഫണ്ടിൽ അടവാക്കി വിശദാംശം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-26 കരാറുകാരുടെ തൊഴിൽ നികുതി ഒടുക്കുന്നില്ല-വരുമാന നഷ്ടം**

ഏറ്റുമാനൂർ നഗരസഭ പരിധിയിലുള്ള വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം നഗരസഭ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത മുനിസിപ്പൽ കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. മരാമത്ത് പ്രവൃത്തികളുടെ 2022-23 വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത 18 മുനിസിപ്പൽ കരാറുകാരിൽ 5 പേർ മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയതായി 2022-23 ഡിമാന്റ് രജിസ്റ്ററിൽ കാണുന്നത്. നികുതി ഒടുക്കാത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ജയകൃഷ്ണൻ പി. കെ. |
| 2. | നിസാർ എം. എ. |
| 3. | റ്റി. സി. ചെറിയാൻ |
| 4. | ഷാജുമോൻ പി. ആർ. |
| 5. | ഷാനറ്റ് എ. ജോർജ് |
| 6. | മിഥുൻ മാത്യൂ |
| 7. | മാത്തച്ചൻ എം. |
| 8. | ജീവൻ തോമസ് |
| 9. | ജയൻ എ. ജെ. |
| 10. | റിജോ മാത്യൂ |
| 11. | അർഷാദ് കെ. എം. |
| 12. | സജേഷ് കെ. ലൂക്കോസ് |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/2022-23/19-01-2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.5 കരാറുകാരൻ അതിരമ്പുഴ ഗ്രാമപഞ്ചായത്തിൽ നികുതി ഒടുക്കിയതായും ബാക്കിയുള്ളവരുടെ മറ്റേതെങ്കിലും തദ്ദേശ ഭരണ സ്ഥാപനത്തിൽ നികുതി ഒടുക്കിയോ എന്ന് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുമെന്നും അറിയിച്ചു.

ക്രമ നം.5 ഒഴികെയുള്ള കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പടെ പ്രഥമ മറുപടി നൽകേണ്ടതാണ്. 2023-24 വർഷം മുതൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കരാറുകാരെയും ലിസ്റ്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-27 നികുതി ഡേറ്റാബേസിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല**

ഏറ്റുമാനൂർ നഗരസഭ 35 വാർഡുകളിലെ സ്ഥാപനങ്ങൾ/ട്രേഡർ ലിസ്റ്റ് ചെയ്ത് ഡേറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. ഡാറ്റാബേസിൽ ആകെ 1532 സ്ഥാപനങ്ങൾ/ട്രേഡർമാരെ ലിസ്റ്റ് ചെയ്തത് 2022-23

വർഷം 241 എണ്ണം അധികമായി ഉൾപ്പെടുത്തി ആകെ 1773 എണ്ണം സ്ഥാപനങ്ങൾ/ട്രേഡർ ആണുള്ളത്. ഓരോ സ്ഥാപനത്തിന്റെയും ടേണോവർ അടിസ്ഥാനത്തിൽ നികുതി സ്ലാബുകൾ നിശ്ചയിച്ചിട്ടുമുണ്ട്(സ്ലാബ്-i മുതൽ Viii വരെ). 2022-23 ജീവനക്കാരുടെ തൊഴിൽ നികുതി കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും നഗരസഭ ഡേറ്റാബേസിൽ ലിസ്റ്റ് ചെയ്യപ്പെട്ട ഏറ്റവും ഉയർന്ന ടേണോവർ സ്ലാബിലുള്ള(സ്ലാബ്-viii) സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ പേര് നഗരസഭ ഡാറ്റാബേസ് പ്രകാരമുള്ളത് വാർഡ് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം |
|---|---|---|
| 1. | I | കരിശ്ശുമൂട്ടിൽ ബാങ്കേഴ്സ് |
| 2. | I | തോംസൺ അസോസിയേറ്റ്സ് |
| 3. | I | റോയൽ മോട്ടോഴ്സ്(ബജാജ് വാഹന ഡീലർ) |
| 4. | I | ചെരുവിൽ സ്പെഷ്യാലിറ്റി ഡെന്റൽ കെയർ |
| 5. | III | വള്ളച്ചാലിൽ ടിമ്പേഴ്സ് |
| 6. | IV | ട്ടു സ്മൈൽ ഡെന്റൽ ക്ലിനിക് |
| 7. | VII | ഡോ. മാത്യൂസ് ഹോമിയോ ക്ലിനിക് |
| 8. | VII | കെ. ജെ. ജോസ് & കോ. |
| 9. | VII | സെന്റ് ജോസഫ് ഡെന്റൽ ക്ലിനിക് |
| 10. | VII | വെട്ടൂർ നാനാസ് ഇൻ ലോഡ്ജ് |
| 11. | VIII | ബെറ്റർ ബൈറ്റ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 12. | VIII | എൻ. ആർ. മോട്ടോഴ്സ് |
| 13. | X | സുലഭ മാർക്കറ്റിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് |
| 14. | XII | ക്ലാസിക് ഹോമിയോ ക്ലിനിക് |
| 15. | XV | ചരങ്ങാട്ട് കയർ മാനുഫാക്ചറിങ്ങ് കോ ലിമിറ്റഡ് |
| 16. | XVI | ഡോ. യദുരാജ് ഡെന്റൽ ക്ലിനിക് |
| 17. | XVI | പെർഫെക്ട് ഓട്ടോ ഡീലേഴ്സ് |
| 18. | XVII | അഗ്രി ലൈഫ് ബയോടെക് |
| 19. | XVIII | ഐഡന്റ് മെഡിക്കൽ എഞ്ചിനീയേഴ്സ് |
| 20. | XVIII | യൂണിവേഴ്സൽ ഗ്രീൻ കമ്പനി |
| 21. | XXVII | പ്രൂഡന്റ് ഡെന്റൽ കെയർ |
| 22. | XXVII | നിർമ്മല പേപ്പർ ഇൻഡസ്ട്രീസ് |
| 23. | XXVIII | ഹാഷ് ബാസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് |
| 24. | XXVIII | ആശിർവാദ് എക്സിം ഏജൻസീസ് |
| 25. | XXIX | കല്ലയ ഗ്രൂപ്പ് നിലയാട് |
| 26. | XXX | ഓജസ് ആയുർവേദിക് ഹോസ്പിറ്റൽ |
| 27. | XXX | സെന്റ് ചവറ അക്കാദമി & കൺസൾട്ടൻസി |
| 28. | XXXII | മാക്സ് വാല്യൂ ക്രഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് |
| 29. | XXXII | ഫാമിലി ഡെന്റൽ കെയർ |
| 30. | XXXII | ക്രിസ്തുരാജ് ഡെന്റൽ ക്ലിനിക് |
| 31. | XXXII | ഗ്ലോബൽ ട്രേഡിങ്ങ് കോർപ്പറേഷൻ |

| | | |
|---|---|---|
| 32. | XXXII | നവോദയ എച്ച്.ആർ. സൊല്യൂഷൻസ് |
| 33. | XXXII | കെ. റ്റി. തോമസ് കൺസ്ട്രക്ഷൻ & ബിൽഡേഴ്സ് |
| 34. | XXXIII | ആവേ മരിയ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് |
| 35. | XXXIII | ബെനിൻസൺ ഹോമിയോ ക്ലിനിക് |
| 36. | XXXIII | എബ്രിലൈവ് ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് |
| 37. | XXXIII | ജി. ജി. ഡെന്റൽ ക്ലിനിക് |
| 38. | XXXIII | മഞ്ജുള ഫിനാൻസിയേഴ്സ് |
| 39. | XXXIII | സെന്റ് ജോസഫ് ഡെന്റൽ ക്ലിനിക് |
| 40. | XXXV | ഏറ്റുമാനൂർ എ.ആർ.ബി. കുറീസ് പ്രൈവറ്റ് ലിമിറ്റഡ് |
| 41. | | റേഡിയോ മംഗളം 91.2 |

ജീവനക്കാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ വരുമാനമായതിനാൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കും. അപാകതയ്ക്ക് രേഖാമൂലം മറുപടി വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23 /19-01-2024) നൽകിയതിന് ഏതാനും സ്ഥാപനങ്ങൾ നികുതി ഒടുക്കിയതായും ചില സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയതാണ് എന്നും അറിയിച്ചു. ടി സ്ഥാപനങ്ങളെ ഒഴിവാക്കി ജീവനക്കാർ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റാണ് മുകളിൽ ചേർത്തിരിക്കുന്നത്.ഡാറ്റബേസ് സമഗ്രമാക്കപ്പെട്ടതിന്റെ പ്രയോജനം പൂർണ്ണമായ നികുതി പിരിവിലൂടെ ഉറപ്പാക്കേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ നികുതി Prior Period Tax ആയി ഈടാക്കി നികുതി ഒടുക്ക് രേഖകൾ ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-28 നഗരസഭ ഫണ്ടിലേക്ക് ലഭിച്ച നിക്ഷേപങ്ങളുടെ വിശദാംശം ലഭ്യമല്ല**

നഗരസഭ ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ 2022-23 വർഷത്തെ മുന്നിരിപ്പ് വിശദാംശം Deposit Register-ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപങ്ങൾ ശീർഷകം തിരിച്ചല്ലാതെ 2022-23 ലെ ഇടപാടുകൾ തുടർച്ചയായി എഴുതുകയാണ് ചെയ്തിട്ടുള്ളത്. 2007-ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32(3), 54(4)(എ) എന്നിവ പ്രകാരം നഗരസഭ ഫണ്ടിലുള്ള നിക്ഷേപങ്ങൾ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് ഓരോ ശീർഷകത്തിലെയും ഇടപാടുകൾ രേഖപ്പെടുത്തി സാമ്പത്തിക വർഷാവസാനം കണക്കുകൾ ക്ലോസ് ചെയ്ത് Deposit Register സെക്രട്ടറി ആധികാരികമാക്കേണ്ടതായിരുന്നു. നിക്ഷേപിച്ച വ്യക്തി/സ്ഥാപനം, പ്രോജക്ട്/വർഷം, പ്രോജക്ട് പൂർത്തീകരണം തുടങ്ങിയ വിശദാംശങ്ങൾ നിക്ഷേപ മുന്നിരിപ്പിൽ ലഭ്യമാണെങ്കിൽ മാത്രമേ കാലഹരണപ്പെട്ട നിക്ഷേപം മുതൽക്കൂട്ടാൻ സാധിക്കുകയുള്ളൂ. 2022-23 Deposit Register മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നത് മേൽ ചട്ടങ്ങളുടെ വ്യക്തമായ ലംഘനമാണ്. 31/03/2023 ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം 1.78 കോടി രൂപ നിക്ഷേപമിനത്തിൽ നഗരസഭാ ഫണ്ടിന് ബാധ്യതയുണ്ട്. മുന്നിരിപ്പ് വിശദാംശം ഉൾപ്പടെ Deposit Register സൂക്ഷിച്ചിരുന്നെങ്കിൽ നിക്ഷേപങ്ങളിൽ കാലഹരണപ്പെട്ട വാടക നിക്ഷേപം ഒഴികെയുള്ളവ നഗരസഭാ കൌൺസിലിന്റെ അനുമതിയോടെ മുതൽക്കൂട്ടി ബാധ്യത ഒഴിവാക്കാമായിരുന്നു.

Deposit Regisetr സൂക്ഷിപ്പിലെ അപാകതയ്ക്കും മറ്റ് അപാകതകൾക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.10/2022-23/19-01-2024) നൽകിയതിന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാകാക്കുമെന്ന് അറിയിച്ചു. ഓരോ ശീർഷകങ്ങളുടെയും 2022-23 Depost Register തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള മറുപടിയോടൊപ്പം പകർപ്പ് സമർപ്പിക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്തി നഗരസഭ കൗൺസിലിന്റെ അനുമതിയോടെ മുതൽക്കൂട്ടി നഗരസഭയുടെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

**1-29 51.38 ലക്ഷം രൂപ വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു-ഫലപ്രദമായ ഭരണതല നടപടികളുടെ അപര്യാപ്തത വ്യക്തം.**

2022-23 വർഷത്തെ വാടക, ലേലം രജിസ്റ്റർ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. മുനിസിപ്പാലിറ്റി ഷോപ്പിംഗ് കോംപ്ളക്സ് 23 മുറികൾ (23 മുറിയുടെയും വാടക ഈടാക്കി), ഹോൾ സെയിൽ ഫിഷ് മാർക്കറ്റ് 13 സ്റ്റാളുകൾ (13 മുറിയുടെയും വാടക ഈടാക്കി), ഡ്രൈ ഫിഷ് മാർക്കറ്റ് 4 സ്റ്റാളുകൾ (4 സ്റ്റാളുകളുടേയും വാടക ഈടാക്കി), റീട്ടെയിൽ ഫിഷ് മാർക്കറ്റ് സ്റ്റാൾ 28 എണ്ണം എന്നിവ വാടകയ്ക്ക് നൽകുന്നതിന് ലേലം നടത്തിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ഫിഷ് മാർക്കറ്റ് സ്റ്റാൾ 28 എണ്ണത്തിൽ എത്രയെണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ചില സ്റ്റാളുകളിൽ വാടകക്കാരന്റെ പേര് മാത്രവും മറ്റു ചിലതിൽ Vacant എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റാളിന്റെ വാടക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കൃത്യമല്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 22-23 വർഷം കുടിശ്ശിക 14,66,393/- രൂപയും അരിയർ ഇനത്തിൽ ഓഫീസ് കെട്ടിടവാടകയായി 28,36,125/- രൂപയും സ്റ്റാൾ വാടകയിനത്തിൽ 8,35,617/- രൂപയുമാണ് ഈടാക്കാൻ ഉള്ളത്.

വാടക കുടിശിക സംബന്ധിച്ച ഡിസിബി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഡിസിബിയുമായി പരിശോധിക്കാൻ സാധിക്കുന്നില്ല.

മുനിസിപ്പാലിറ്റിയ്ക്ക് ലഭ്യമാകേണ്ട 51,38,135/- രൂപയുടെ കുടിശ്ശിക വരുത്തിയ കുത്തകക്കാരുടെ വിശദാംശം രജിസ്റ്ററിൽ/ഫയലുകളിൽ നിന്നും വ്യക്തമല്ല. വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17/20.01.2024 ന് മറുപടി നൽകിയില്ല.

വാടക കുടിശ്ശിക വരുത്തിയ കുത്തകക്കാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വാടക ഈടാക്കിയിട്ടുള്ളതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ നടത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

വാടക രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തേണ്ടതും കുടിശ്ശിക, ഈടാക്കാൻ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ചേർത്ത് വാടക രജിസ്റ്റർ കാലികമാക്കേണ്ടതും, വാടക രജിസ്റ്ററിലെ ഡിസിബി വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിസിബിയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതും രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

**1-30 പുതിയ നഗരസഭ കെട്ടിടത്തിന്റെ നിർമ്മാണം- നീക്കം ചെയ്ത മണ്ണ് ലേലം ചെയ്തിട്ടില്ല-നടപടികൾ സുതാര്യമല്ല**

നഗരസഭയുടെ പുതുതായി നിർമ്മിയ്ക്കുന്ന കെട്ടിടത്തിന്റെ സൈറ്റിലെ മണ്ണ് 01.09.2022 മുതൽ 14.10.2022 വരെ വിവിധ തീയതികളിൽ നീക്കം ചെയ്തതിന് ജെസിബി, ടിപ്പർ എന്നിവയുടെ വാടക ഇനത്തിൽ വൌച്ചർ നം. 22200686/3.10.22 തുക 72,000/- രൂപ, വൌച്ചർ നം.22200981/14.12.2022 തുക 2,51,516/ രൂപ, എന്നിങ്ങനെ ആകെ 3,23,516/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയധികം ദിവസങ്ങളിലായി മണ്ണ് നീക്കം ചെയ്തിട്ടുള്ളതിനാൽ ഗണ്യമായ അളവിൽ നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാണ്. മണ്ണ് നീക്കം ചെയ്തത് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചാണോയെന്ന് വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുവാദം തേടിയും നിശ്ചിത ഫീസ് ഒടുക്കിയുമാണോ മണ്ണ് നീക്കം ചെയ്തതെന്ന് വ്യക്തമല്ല. ടി സ്ഥലത്തു നിന്നും നീക്കം ചെയ്ത മണ്ണ് ലേലം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.47/25.01.2024 ന് ലഭ്യമാക്കിയ മറുപടിയിൽ കുഴിച്ചെടുത്ത മണ്ണ് ഗ്രൌണ്ടിന്റെ പടിഞ്ഞാറ് ഭാഗത്ത് നിക്ഷേപിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. യഥാർത്ഥത്തിൽ നീക്കം ചെയ്യപ്പെട്ട മണ്ണിന്റെ അളവ് വിവരം ലഭ്യമല്ലാത്തതിനാൽ മറുപടിയുടെ നിജസ്ഥിതി വ്യക്തമല്ല. നിലവിൽ ശേഖരിച്ച മണ്ണ് ലേലം ചെയ്യുന്നതിന് ഉടർ നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിയ്ക്കേണ്ടതും ഈ ഇടപാട് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടതുമാണ്.

 

കുഴിച്ചെടുത്ത മണ്ണ് – സംഭരിച്ചിട്ടുള്ളത്
(ഓഡിറ്റ് സമയത്തെ സ്ഥിതി)



നിർമ്മാണം നടക്കുന്ന പുതിയ നഗരസഭാ കെട്ടിടം

## 1-31 നഗരസഭ ഫണ്ടിൽ നിന്നുള്ള മുൻകൂറുകളുടെ വിശദാംശം ലഭ്യമല്ല

നഗരസഭ ഫണ്ടിൽ മുന്നിരിപ്പുണ്ടായിരുന്നതും 2022-23 വർഷം നൽകിയതും ക്രമീകരിച്ചതുമായ ഓരോ മുൻകൂറുകളുടെയും വിശദാംശം സെക്രട്ടറി സാക്ഷ്യപ്പെടുത്തി Advance Register സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ രജിസ്റ്ററിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്യാതെ തൻവർഷത്തെ എല്ലാ ശീർഷകത്തിലെ ഇടപാടുകൾ തുടർച്ചയായി എഴുതിയിരിക്കുന്നതായാണ് കാണുന്നത്. 2007-ലെ കേരള മുനിസിപ്പാലിറ്റി(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-31, 54(4)(എ) എന്നിവ പ്രകാരം നഗരസഭ ഫണ്ടിൽ നിന്നുള്ള മുൻകൂറുകളുടെ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് ഓരോ ശീർഷകത്തിലെയും ഇടപാടുകൾ രേഖപ്പെടുത്തി സാമ്പത്തിക വർഷാവസാനം കണക്കുകൾ ക്ലോസ് ചെയ്ത് Advance Register സെക്രട്ടറി ആധികാരികമാക്കേണ്ടതായിരുന്നു.

കൃത്യമായ രജിസ്റ്ററിന്റെ അഭാവത്തിൽ 2022-23 വർഷം നൽകിയ 40.04 ലക്ഷം രൂപയുടെ മുൻകൂർ, ആയതിന്റെ ക്രമീകരണം എന്നിവയുടെ കൃത്യത വ്യക്തമല്ല. 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 57.47 ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നത് ഏതൊക്കെ ഏജൻസികൾക്ക്/ അതോറിറ്റികൾക്ക് /ജീവനക്കാർക്ക് നൽകിയിരുന്ന മുൻകൂർ ആണെന്ന് വ്യക്തമല്ല. നഗരസഭ ജീവനക്കാർക്ക് നൽകിയ ഓണം അഡ്വാൻസിൽ ക്രമീകരിക്കാനുള്ള 61,200/- രൂപ ഏത് ജീവനക്കാരുടെ ഏത് കാലയളവിലെ മുൻകൂർ ആണെന്ന വിശദാംശം പോലും ലഭ്യമല്ല. നഗരസഭയിൽ നിന്നും മുൻകൂർ നൽകുന്ന ഏജൻസികകളുടെയും/അതോറിറ്റികളുടെയും/ജീവനക്കാരുടെയും വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് ആയതിന്റെ ക്രമീകരണത്തിലും തുടർ നടപടിയിലും അവ്യക്തത സൃഷ്ടിക്കുന്നു. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്

(നം.16/2022-23/20-01-2024) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 30 ലക്ഷം രൂപ അയ്യങ്കാളി തൊഴിലുറപ്പിന് നൽകിയ മുൻകൂർ 2023-24 വർഷം റീക്കുപ്പ് ചെയ്തതായും മറ്റ് മുൻകൂറുകളുടെ വിശദാംശം കണ്ടെത്തി Advance Regster ക്ലോസ് ചെയ്ത് സമർപ്പിക്കുന്നതാണ് എന്നും അറിയിച്ചു.

2022-23 Advance Regster മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ശേഷം പകർപ്പ് ഈ റിപ്പോർട്ടിനുള്ള ന്യൂനത പരിഹാരത്തിനു ശേഷമുള്ള മറുപടിയിൽ ഹാജരാക്കേണ്ടതാണ്. 31/03/2023 ൽ ക്രമീകരിക്കാനുള്ള 57.47 ലക്ഷം രൂപയിൽ 2023-24 വർഷം ക്രമീകരിക്കപ്പെട്ട 30 ലക്ഷം രൂപ കിഴിച്ച് ബാക്കി 27.47 ലക്ഷം രൂപ അടിയന്തിരമായി (31/03/2024 ന് മുൻപ്) ക്രമീകരിച്ച് മറുപടിയിൽ അറിയിക്കേണ്ടതാണ്.

**1-32 ഇ ടെൻഡർ ഫീസ്-നഗരസഭാഫണ്ടിലേക്ക് ലഭിച്ചിട്ടില്ല**

നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ നടത്തുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ടെണ്ടർ ഫീസുകൾ മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ആരംഭിച്ചിട്ടുള്ള 67387645725 നമ്പർ കറന്റ് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. 10-11-2023 ലെ അക്കൗണ്ടിലെ ബാലൻസ് തുക 501709/-രൂപയാണ്. ടെൻഡർ ഫീസ് നഗരസഭയുടെ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. പ്രസ്തുത ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൗണ്ടിൽ നിന്നും നാളിതുവരെ യാതൊരു തുകകളും തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ടി തുക സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്ത അക്കൗണ്ടിൽ നഗരസഭയുടെ തനത് വരുമാനമായി കണക്കാക്കേണ്ട തുക ദീർഘകാലത്തേയ്ക്ക് നിക്ഷേപിക്കപ്പെടുന്ന അവസ്ഥ ആശാസ്യമല്ല.

**1-33 മുൻസിപ്പൽ പെൻഷൻ ഫണ്ട്-വേറിട്ട് സൂക്ഷിക്കുന്നില്ല.**

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മാത്രമായി ട്രഷറിയിലോ ദേശസാൽകൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും 9- ാം ചട്ടത്തിലെ 3,4 ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിയ്ക്കുന്ന തുക ഈ അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതും ചട്ടം 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അപ്രകാരമുള്ള ഒരു അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. നിലവിൽ 2 പേർക്ക് നഗരസഭയിൽ നിന്നും പെൻഷൻ നൽകി വരുന്നുണ്ട്. ഓഡിറ്റുവർഷം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയ തുക10,53.426/-രൂപയാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തൻവർഷം ആകെ 1,00,000/- രൂപ യാണ് അലോട്ട്മെന്റായി ലഭിച്ചത്. 31-03-2023 വരെയുള്ള കണക്കു പ്രകാരം 43,67,820/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെൻറ് ലഭിയ്ക്കാൻ ശേഷിയ്ക്കുന്നു. ആയത് ലഭ്യമാക്കുന്നതിനാവശ്യമായ തുടർനടപടികളും സ്വീകരിയ്ക്കേണ്ടതാണ്.പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കേണ്ടതും ഇത് സംബന്ധമായ അക്കൗണ്ടിങ്ങിൽ ശരിയായ ക്ലാസിഫിക്കേഷൻ പാലിക്കേണ്ടതുമാണ്.

**1-34 ദേശീയ നഗര ഉപജീവന ദൗത്യം(NULM)-ഫണ്ട് വിനിയോഗത്തിൽ കാര്യക്ഷമതയില്ല**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി പ്രകാരമുള്ള ഫണ്ട് വിനിയോഗത്തിൽ കാര്യക്ഷമതയില്ല. പ്രസ്തുത മിഷൻ പ്രകാരം റിവോൾവിംഗ് ഫണ്ടിനത്തിൽ 6 അയൽക്കൂട്ടങ്ങൾക്കായുള്ള 60000/- രൂപയും (6x10000) 12 എഡിഎസ്സുകൾക്കായുള്ള 6 ലക്ഷം രൂപയും (12x50000) സി.ഡി.എസ്സ് സൂക്ഷിക്കുന്ന എൻ.യു.എൽ.എം കുടുംബശ്രീ അക്കൗണ്ടിൽ (അക്കൗണ്ട് നം.4975010003483, Bank Of Baroda) ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. ടി തുകകൾ യഥാസമയം വിനിയോഗിക്കപ്പെടാത്തതിനാൽ കുടുംബശ്രീ മിഷൻ ഡയറക്ടറുടെ 8.12.21 ലെ 12166/F /2016 /KSHO നം കത്ത് പ്രകാരം എൻ.യു.എൽ.എം കുടുംബശ്രീ അക്കൗണ്ടിൽ നിന്നും 6.10.22 ൽ കുടുംബശ്രീ

സംസ്ഥാനമിഷന്റെ അക്കൗണ്ടിലേക്ക് തിരികെ അടച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത അക്കൗണ്ടിൽ റിസോഴ്സ് ഓർഗനൈസേഷൻ ക്ളെയിമിനത്തിൽ (RO Claim)അവശേഷിച്ചിരുന്ന 499493 രൂപ കുടുബശ്രീയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്കും (അക്കൗണ്ട് നം.40535100003588,Kerala Gramin Bank) 6.10.22 ൽ മാറ്റിയിട്ടുണ്ട്. ഇപ്രകാരം നഗര ഉപജീവന ദൗത്യത്തിനായി പ്രയോജനപ്പെടുത്തേണ്ടിയിരുന്ന തുക പാഴായിപ്പോകുന്നത് ഉചിതമല്ല.

ഈ അക്കൗണ്ടിൽ 2022-23 വർഷം ലഭ്യമായതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് | നീക്കിബാക്കി |
|---|---|---|---|
| ആർ.എഫ് -എ ഡി എസ് (2x5000) | ---- | 1,00,000 | - |
| ആർ.എഫ് ആറ് അയൽക്കൂട്ടം (6x10000) സ്റ്റേറ്റ് മിഷനിലേയ്ക്ക് തിരിച്ചടച്ചത് | - | 60000 | - |
| ആർ. ഒ ക്ലയിം - മൊഡ്യൂൾ ട്രെയിനിംഗ് | 80000 | 13215 | |
| യു .പി .ആർ .പി (അർബൻ പവർട്ടി റിഡക്ഷൻ പ്രോഗ്രാം | 71215 | 25392 | 45823 |
| ഒപ്പം ക്യാമ്പെയിൻ (വയോജനങ്ങൾക്ക് വേണ്ടിയുള്ളത്) | 10000 | 10000 | - |
| മാതൃകാ സി ഡി എസു കൾക്കു വേണ്ടിയുള്ളത് | 260175 | 45492 | 214683 |
| നന്നായി പ്രവർത്തിയ്ക്കുന്ന എൻ എച്ച് ജി കൾക്കു വേണ്ടിയുള്ള സബ്സിഡി | 255381 | 255381 | - |
| ആറ് എൻ എച്ച് ജി കൾക്കു വേണ്ടിയുള്ള ബാക്ക് എൻഡ് സബ്സിഡി | 179198 | 179198 | |

## 1-35 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ KSEB-ൽ അടച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

(ഫയൽ നം. E1-3036/19)

നഗരസഭാ ഓഫീസ് കെട്ടിട നിർമ്മാണം നടത്തുന്ന സ്ഥലത്തെ LT പോൾസ് മാറ്റി സ്ഥാപിക്കാൻ 219890 രൂപ എക്സി .എഞ്ചിനീയർ ,കെഎസ്ഇബി,ഏറ്റുമാനൂർ സെക്ഷന് മുൻകൂർ നൽകിയിട്ടുണ്ട്.(വൗച്ചർ നമ്പർ 22200027/12.04.2022,ചെക്ക്നം.5230972/12.4.2022).

എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (7/19.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 219890 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-36 മുൻകൂർ ക്രമീകരിയ്ക്കുന്നിൽ അകാരണമായ കാലതാമസം

നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പ്രജിത ഐ വി യ്ക്ക് ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കുന്നതിന് നൽകിയ 50000 രൂപ (22200824/15.11.2022)യുടെ മുൻകൂർ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മുൻകൂർ തുക ക്രമീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19.01,2024) മറുപടി ലഭ്യമാക്കിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ-99 പ്രകാരം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ട മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കാത്തപക്ഷം, സർക്കാർ ഉത്തരവ് നം. 419/11/ഫിൻ/04.10.2011-ലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മുൻകൂർ തുക/ബാക്കി തുക 18% പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടിയാനിൽ നിന്നും പിഴപലിശ

സഹിതം മുൻകൂർ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മുൻകൂർ ക്രമീകരിയ്ക്കുന്നതിൽ ഇപ്രകാരമുള്ള അകാരണമായ കാലതാമസം ഒഴിവാക്കേണ്ടതാണ്.

**1-37 നഗരസഭയിലെ അമൃത് 2.0 പദ്ധതി നടത്തിപ്പ്-അവലോകനം**

**ഫയൽ നമ്പർ :- ഇ1-13886/21**

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ (Operational Guideline) പ്രകാരം നടപ്പിലാക്കേണ്ട അമൃത്-2 പദ്ധതി കേരളത്തിൽ 16-2-2022 മുതൽ ഔപചാരികമായി ആരംഭിച്ചു.അമൃത്-2 പദ്ധതി നടപ്പിലാക്കുന്ന നഗരസഭകളിൽ ഏറ്റുമാനൂർ നഗരസഭയും ഉൾപ്പെട്ടിട്ടുണ്ട്. അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രധാന ഘടകങ്ങളായ കുടിവെള്ളവിതരണം, സീവറേജ് ആന്റ് സെപ്റ്റേജ്, വാട്ടർബോഡി റീജുവനേഷൻ ആന്റ് ഗ്രീൻ സ്പേസ് (ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും പച്ചത്തുരുത്തും) എന്നീ ഘടകങ്ങളിൽ നഗരസഭ പ്രധാനമായും ഏറ്റെടുത്തത് 35 വാർഡുകളിലേയും കുടിവെള്ള വിതരണത്തിനായുള്ള 12.31 കോടി രൂപയുടെ ഡി.പി.ആർ പ്രകാരമുള്ള പ്രവൃത്തികളാണ്. അമൃത്-2.0 പദ്ധതി മാർഗ്ഗരേഖ പ്രകാരം പൂർണ്ണസമയവും (24x7) ശുദ്ധമായ ജലവിതരണം സാദ്ധ്യമാക്കുക എന്നതാണ് ലക്ഷ്യം.

അമൃത് 2.0 പദ്ധതി പ്രകാരം നഗരസഭാ പ്രദേശത്ത് ഏകദേശം 20000 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ വലിച്ച് 2000 ഗാർഹിക കണക്ഷൻ നല്കുന്നുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയർ അറിയിച്ചിരുന്നു. അമൃത് 2.0 പദ്ധതിക്കായി ആകെ അടങ്കലായി വകയിരുത്തിയിട്ടുള്ള 16.6 കോടിയിൽ 12.31 ന്റെ ഡി.പി.ആർ ആണ് ഇതിന് വേണ്ടി തയ്യാറാക്കിയിരിക്കുന്നതെന്നും ആയതിന് കൌൺസിൽ അംഗീകാരം വേണമെന്നും അസി. എക്സി. എഞ്ചിനീയർ ,എക്സി. എഞ്ചിനീയർ എന്നിവർ അറിയിച്ചിരുന്നു. നിലവിൽ വിവിധ സ്കീമുകൾ പ്രകാരവും വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തിന്റെ ഭാഗമായും സ്ഥാപിച്ചിട്ടുള്ള പൈപ്പ് ലൈനുകൾ അമൃത് 2.0 പ്രകാരം മാറ്റുന്നത് (Replacement) സംബന്ധിച്ച വിശദാംശങ്ങൾ കോട്ടയം പ്രോജക്ട് ഡിവിഷനിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. ആദ്യത്തെ ഡി.പി.ആർ പ്രകാരം വിവിധ വാർഡുകളിലെ വിട്ടു പോയിട്ടുള്ള പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തി മിച്ചമുള്ള 4 കോടി വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നഗരസഭയിലെ എല്ലാ വാർഡിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് KIFBI പദ്ധതി പ്രകാരം സംസ്ഥാന വിഹിതം വകയിരുത്താൻ സാധിക്കുമെന്നും പ്ലാന്റിന്റെ പണി പൂർത്തിയാക്കാവുന്നതാണെന്നും ഇതിന് 1.5വർഷത്തെ കാലതാമസം കൂടി വന്നേക്കാമെന്നും അമൃത് 2.0 പദ്ധതി പ്രകാരം എല്ലാ കുടുംബങ്ങളിലും നിർദ്ദിഷ്ട സമയത്തിനകം വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് ലൈൻ എക്സ്റ്റൻഷൻ നടത്തുമെന്നും ആവശ്യമുള്ളവർക്ക് കണക്ഷൻ എടുക്കാൻ സാധിക്കുമെന്നും ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 450/23 നമ്പർ പ്രോജക്ട് പ്രകാരം ധനകാര്യകമ്മീഷൻ തുക വകയിരുത്തി 1,08,38,726.00 രൂപ മിഷൻ ഡയറക്ടർ അമൃത്-2.0, യു.എൽ.ബി ഷെയർ എന്ന അക്കൗണ്ടിലേയ്ക്ക് തൻവർഷം അടവാക്കിയിട്ടുണ്ട്. പ്രവൃത്തി നിർവ്വഹണത്തിനായി കേരളാ വാട്ടർ അതോറിറ്റി ടെൻഡർ നടപടി സ്വീകരിച്ച് പ്രവൃത്തി അവാർഡ് ചെയ്തിട്ടുമുണ്ട്. കുടിവെള്ളപദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുകയും പ്രവൃത്തിയുടെ 35551005 രൂപയുടെ ഒന്നാം പാർട്ട് ബിൽ കേരള വാട്ടർ അതോറിറ്റി നഗരസഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് . ഇതു പ്രകാരം നടപ്പാക്കിയ പ്രവൃത്തിയുടെ ഇനവിവരങ്ങളും പുരോഗതിവിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. നഗരസഭാ പ്രദേശത്തെ ശുദ്ധജലവിതരണസംവിധാനങ്ങളിൽ വിപ്ലവകരമായ മാറ്റം സാധ്യമാക്കുന്ന വിധത്തിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അർഹമായ മുഴുവൻ കേന്ദ്രവിഹിതവും നേടിയെടുക്കുന്നതിനും ജാഗ്രതാപൂർണ്ണവും കാര്യക്ഷമവുമായ തുടർപ്രവർത്തനങ്ങളും മേൽനോട്ടവും നിരന്തരമായ മോണിറ്ററിങ്ങും ആവശ്യമാണ്.

പദ്ധതിയുടെ മറ്റൊരു ഘടകമായ വാട്ടർ ബോഡി റീജുവനേഷൻ സ്കീമുകളിൽ ഏറ്റുമാനൂർ നഗരസഭയ്ക്ക് അഞ്ച് പദ്ധതികൾക്കായി (കുളങ്ങൾ നവീകരിയ്ക്കൽ) ഭരണാനുമതിയും ലഭിച്ചിരുന്നു. മേൽ സൂചിപ്പിച്ച കുളങ്ങളുടെ നവീകരണം നടത്തി പ്രവൃത്തി നടത്തുന്നത് നഗരസഭയാണ്. മൂന്ന് പ്രവൃത്തികൾ ടെൻഡർ

ചെയ്തിട്ടുമുണ്ട്.

നഗരസഭയുടെ പരിമിതമായ ഫണ്ട് വിനിയോഗിച്ച് ഏറ്റെടുക്കാൻ കഴിയുന്നതിലുപരിയായ വൻകിട പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും ഇതിനുള്ള പൂരകമായ വിഹിതം വകയിരുത്തുന്നതിനും സമയബന്ധിതമായി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഇതിന് വേണ്ടിയുള്ള കേന്ദ്ര സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിർബന്ധിത പരിഷ്കാരനടപടികളായ(Mandatory Reforms) യൂസർ ഫീ പിരിക്കൽ, ഡബിൾ എൻട്രി അക്കൗണ്ടിങ്ങിലേയ്ക്കുള്ള പരിവർത്തനം പൂർത്തിയാക്കൽ , ഓഡിറ്റ് സർട്ടിഫിക്കേഷൻ യോഗ്യത നേടൽ, വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കൽ എന്നിവ ഫലപ്രദമായി പൂർത്തിയാക്കേണ്ടതുമാണ്.

**1-38 പൊതു ടാപ്പുകളുടെ വെള്ളക്കരമൊടുക്കൽ -നഗരസഭയുടെ സാമ്പത്തിക താൽപര്യം സംരക്ഷിക്കപ്പെടുന്നില്ല.**

നഗരസഭയിലെ 158 പൊതുടാപ്പുകൾക്ക് ടാപ്പൊന്നിന് പ്രതിവർഷം 8278.2-രൂപ നിരക്കിൽ പ്രതിമാസം 108994/- രൂപയാണ് വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ അടച്ചുവരുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 31.10.21 ൽ പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 10,50,877/-രൂപ കുടിശ്ശികയുള്ളതായി കാണുന്നു. നഗരസഭ എല്ലാമാസവും കൃത്യമായി അതാത് മാസത്തെ ഡിമാന്റ്നോട്ടീസ് പ്രകാരമുള്ള തുക അടക്കുന്നുണ്ടെങ്കിലും 31.3.2020ൽ 6,46,692 രൂപ കുടിശ്ശികയുണ്ടായിരുന്നതാണ് 10/21 ആയപ്പോഴേക്കും 1050877/- രൂപയായി വർദ്ധിച്ചു. ഇത്രയും തുക വെള്ളക്കരം കുടിശ്ശികയിനത്തിൽ ഡിമാന്റ് ചെയ്യപ്പെടാനിടയായ സാഹചര്യം ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

10/2016 വരെ 88 പൊതുടാപ്പുകൾക്ക് പ്രതിമാസം 57816-രൂപയാണ് വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ അടച്ചിരുന്നത്. എന്നാൽ 11/2016 മുതൽ 165 ടാപ്പുകൾക്കായി പ്രതിമാസം 108405-രൂപ ഡിമാന്റ് ചെയ്യുകയും അടവാക്കുകയും ചെയ്തു.ഇപ്രകാരം പൊതുടാപ്പുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നതിന്റെ കാരണം വ്യക്തമാകാതെ 11/2016 മുതൽ നഗരസഭ വെള്ളക്കരമിനത്തിൽ ഓരോ മാസവും അധിക തുക അടച്ചുവന്നതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. തുടർന്ന് 30.6.18 ലെ കൗൺസിൽ യോഗത്തിന്റെ 9-ം നം തീരുമാനമനുസരിച്ച് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയതിനു ശേഷം തുക അടച്ചാൽ മതി എന്നു തീരുമാനിച്ചു. പിന്നീട് നിരന്തരം വാട്ടർ അതോറിറ്റിയിൽ സംയുക്ത പരിശോധനയ്ക്കായി കത്തുകൾ നല്കിയെങ്കിലും 28.2.19 ൽ മാത്രമാണ് സംയുക്ത പരിശോധന നടത്തുകയും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 158 ആയി തിട്ടപ്പെടുത്തുകയും ചെയ്തത്. എക്സി എൻജിനീയർ വാട്ടർ അതോറിറ്റിയുടെ 1.8.19 ലെ ജി.ഇ1-7540 നം കത്ത് പ്രകാരം 2.3.19 ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം 158 ആയി നിജപ്പെടുത്തിയത് നഗരസഭയെ അറിയിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 11/17 മുതൽ 6/19 വരെയുള്ള വെള്ളക്കരം (20 മാസത്തെ) 158 ടാപ്പുകൾക്ക് ടാപ്പൊന്നിന് 657 രൂപ നിരക്കിൽ (20*158*657) 20,76,120 രൂപ എന്നു കണക്കാക്കി (ചെക്ക് നം.0127821/29.7.19) വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഓഗസ്റ്റ് മാസത്തെ ഡിമാന്റിൽ വീണ്ടും 31.7.19 ൽ 481145 രൂപ കുടിശ്ശികയുണ്ടെന്നു കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കുകയും നഗരസഭ തന്മാസത്തെ ഡിമാന്റ് തുകയായ 103806 രൂപ (ചെക്ക് നം.402922/30.8.19) മാത്രം അടയ്ക്കുയും ചെയ്തു. അന്നു മുതൽക്കുള്ള കുടിശ്ശികയ്ക്ക് പലിശയും പിഴപ്പലിശയും ചേർന്ന് നിലവിൽ ഭീമമായ തുക കുടിശ്ശികയായി നഗരസഭക്ക് ബാധ്യതയായി മാറിയിരിക്കുന്നു. 8/19 മുതൽ തൻ മാസത്തെ ഡിമാന്റ് തുക മാത്രം വീഴ്ച വരുത്താതെ അടച്ചു വരുന്നുണ്ട്.കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഓഗസ്റ്റ് 17 | ജൂലൈ 19 | ഓഗസ്റ്റ് 19 | മാർച്ച് 2020 | മാർച്ച് 2021 | നവംബർ21 |
|---|---|---|---|---|---|---|
| കുടിശ്ശിക | 0 | 2403528 | 481145 | 532482 | 900285 | 1050877 |

| | | | | | | |
|---|---|---|---|---|---|---|
| | | | (20,76,120 രൂപ കുടിശ്ശിക അടച്ചതിനു ശേഷം) | | | |
| പിഴ | 0 | 47187 | 8679 | 10404 | 15930 | 20656 |
| തൻ മാസ ഡിമാന്റ് | 108405 | 108405 | 103806 | 103806 | 108994 | 108994 |
| ആകെ | 108405 | 25,59,120 | 593630 | 646692 | 939102 | 1180527 |

വാട്ടർ അതോറിറ്റിയുടെ വ്യക്തമായ മാനദണ്ഡങ്ങൾ കൂടാതെ വെള്ളക്കരം ഡിമാന്റ് ചെയ്യുകയും പലിശയ്ക്കു മേൽ പലിശ ചേർത്ത് ഡിമാന്റ് വർദ്ധിപ്പിക്കുയും ചെയ്യുന്നതായി എന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ജൂൺ 2016 ന് 88ടാപ്പുകൾക്ക് വെള്ളക്കരം ഡിമാന്റ് ചെയ്തിരുന്നിടത്ത് തൊട്ടടുത്ത മാസം (ജൂലൈ 16) 165 ടാപ്പുകൾക്ക് വെള്ളക്കരം ഡിമാന്റ് ചെയ്യാനിടയായ സാഹചര്യം വ്യക്തമല്ല. 2.3.19 ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം 158 ആയി നിജപ്പെടുത്തി എങ്കിലും 8/19 ൽ മാത്രമാണ് വാട്ടർ അതോറിറ്റിയുടെ ഡിമാന്റിൽ എണ്ണം 158 ടാപ്പുകളായി ക്രമപ്പെടുത്തി വെള്ളക്കരം ഡിമാന്റ് ചെയ്തത്. കൂടാതെ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ ധനകാര്യവകുപ്പിന് അയച്ച KWA/HO //RMC/R6/166/18 നം .കത്തിൽ സർക്കാർ ഗ്രാന്റിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുകകൾ നഗരസഭയിലെ വെള്ളക്കരമിനത്തിൽ ഈടാക്കിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്.

| വർഷം | തുക | ഫണ്ടിനം |
|---|---|---|
| 2018-19 | 18480 | ജനറൽ പർപ്പസ് ഗ്രാന്റ് |
| 2019-20 | 27826 | വികസന ഫണ്ട് |
| 2019-20 | 11130 | ജനറൽ പർപ്പസ് ഗ്രാന്റ് |
| ആകെ | 53796 | |

ഓഡിറ്റ് വർഷം 238/23നമ്പർ പ്രോജക്ട് പ്രകാരം 1373340രൂപ സി എഫ് സി ഗ്രാന്റിൽ നിന്നും അടവാക്കിയിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക ഒടുക്കാൻ പ്രസ്തുത ഗ്രാന്റ് ഉപയോഗിച്ച നടപടി ക്രമപ്രകാരമല്ല. നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും വെള്ളക്കരമിനത്തിൽ ഇപ്രകാരംകുറവു ചെയ്ത തുകകൾ ഒന്നും തന്നെ വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക കണക്കുകളിൽ ക്രമീകരിക്കാതെ വീണ്ടും വീണ്ടും തുകകൾ കുടിശ്ശികയായി കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കുകയാണ് ചെയ്തു വരുന്നത്. ടി തുകയിന്മേൽ പലിശയും പിഴപ്പലിശയും കണക്കാക്കിയതുമൂലം 2021 ആയപ്പോഴേയ്ക്കും കുടിശിക 10,50,877- രൂപയായി വർദ്ധിക്കാനിടയായി. ഇക്കാര്യത്തിൽ വ്യക്തമായ വസ്തുതകൾ ചൂണ്ടിക്കാട്ടി നഗരസഭയുടെ സാമ്പത്തിക താൽപര്യം സംരക്ഷിക്കുന്നതിന് നഗരസഭാധികൃതർക്ക് സാധിച്ചിട്ടില്ല.

കേരളാ വാട്ടർ അതോറിട്ടിയിൽ നിന്നുള്ള09.06.22 ലെ PHSD/RC411/2007നമ്പർ കത്തു പ്രകാരം നഗരസഭയിലെ താഴെ പ്പറയുന്ന ജലവിതരണ പദ്ധതികളുടെ വെള്ളക്കര കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ തുടർപരിപാലന ചുമതല നഗരസഭയിൽ നിക്ഷിപ്തമല്ല. ആയതിനാൽ പ്രസ്തുത കുടിശ്ശിക തുക എപ്രകാരം ക്രമീകരിക്കപ്പെട്ടുവെന്ന് വ്യക്തമല്ല.

| | | |
|---|---|---|
| 1 | പൊയ്കപ്പുറം | 20403 |

| | | |
|---|---|---|
| 8 | ഷട്ടർകവല | 40311 |
| 6 | മരങ്ങാട്ടിക്കവല | 50297 |
| 2 | വള്ളിക്കാട് | 47634 |
| 31 | ശങ്കരാമല | 4310 |
| 34 | പടിഞ്ഞാറേ നട മിനി വാട്ടർ സപ്ളെ | 31907 |
| 4 | മഹാത്മാകോളനി , മംഗളം | 169494 |
| 26 | ഏറ്റുമാനൂർ-കുഴിപ്പറമ്പ് കുടിവെള്ള പ്രോജക്ട് | 619592 |
| 26 | WSS ഏറ്റുമാനൂർ മുനിസിപ്പാലിറ്റി | 187586 |
| | | **1171534** |

മേൽ സൂചിത വിവരങ്ങളുടെ നിലവിലെ അവസ്ഥയും കുടിശ്ശിക അടവാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(41/24.01.24) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയ്ക്ക് വൻ സാമ്പത്തിക ബാധ്യതയായി വെള്ളക്കരം കുടിശ്ശിക മാറുന്ന സാഹചര്യം ഒഴിവാക്കാൻ ഭരണ സമിതിയുടെ സജീവ ശ്രദ്ധയും സത്വര നടപടികളും ഉണ്ടാവേണ്ടതും നഗരസഭയുടെ സാമ്പത്തിക താൽപ്പര്യം സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-39 ശബരിമല സ്പെഷ്യൽ ഗ്രാന്റ്- തുക പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നു**

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം ,ശബരിമല സ്പെഷ്യൽ ഗ്രാന്റായി 2021-22 വർഷത്തിൽ ലഭിച്ചിരുന്ന തുകയിൽ തൻവർഷ ആരംഭത്തിൽ 1467309/- രൂപ ചെലവഴിക്കാതെ അവശേഷിച്ചിരുന്നു. മേൽ തുക ഇതിനായുള്ള സ്പെഷ്യൽ അക്കൗണ്ടിൽ (അക്കൗണ്ട് നം.40535101054585) ആണ് സൂക്ഷിച്ചിട്ടുള്ളത്.നഗരസഭയ്ക്ക് 2022- 23 വർഷം 10 ലക്ഷം രൂപയും പലിശ ഇനത്തിൽ 7175 രൂപയും പ്രസ്തുത ഇനത്തിൽ ലഭിച്ചിട്ടുണ്ട്. തൻവർഷത്തെ സ്പെഷ്യൽ ഗ്രാന്റ് ട്രഷറിയിൽ ആണ് നിക്ഷേപിച്ചിരിക്കുന്നത്.ഇതിൽ തൻവർഷം ശുചീകരണ പ്രവൃത്തികൾക്കും, സ്ട്രീറ്റ് ലൈറ്റ് മെയിന്റെനൻസ്,ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ,മരുന്ന് എന്നിവയ്ക്കായി ആകെ 1365833/- രൂപ ചെലവഴിച്ചിട്ടുണ്ട്. 31.03.2023 ൽ ശബരിമല ഗ്രാന്റ് തുകയുടെ വിനിമയത്തിനായി പ്രത്യേകം ആരംഭിച്ച അക്കൗണ്ടിൽ 1025763 രൂപ യും,ട്രഷറിയിലെ 82888 രൂപയും ഉൾപ്പടെ ആകെ ഈ ഇനത്തിൽ11,08,651/- രൂപ നീക്കിയിരിപ്പുണ്ട്. ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ പല അടിസ്ഥാന സൌകര്യങ്ങ ളും നിർവ്വഹിക്കപ്പെടാതെ അവശേഷിയ്ക്കുമ്പോഴും ഇത്രയേറെ തുക വിനിയോഗിപ്പെടാത്തത് ആശാസ്യമല്ല. കണക്കിലെ കൃത്യത ഉറപ്പാക്കി ലഭിച്ച തുക പ്രസ്തുത ആവശ്യത്തിന് അതാതു വർഷം പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-40 PMAY പദ്ധതിയ്ക്കുള്ള നഗരസഭവിഹിതം -വികസനഫണ്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് വാണിജ്യ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു**

| പ്രോജക്റ്റ് നം | 196/23 | 214/23 |
|---|---|---|
| പ്രോജക്ടിന്റെ പേര് | പി.എം.എ.വൈ മുനിസിപ്പൽ വിഹിതം--എസ്.സി | പി.എം.എ.വൈ മുനിസിപ്പൽ വിഹിതം--എസ്.റ്റി |
| നിർവഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി |

| | | |
|---|---|---|
| അടങ്കൽ | 2800000/- വികസന ഫണ്ട്(എസ് സി പി) | 800000 -ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 2800000/- വികസന ഫണ്ട്(എസ് സി പി) | 800000 -ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം | 215/15.11.22 | 216/15.11.22 |

2022-23 വർഷം നഗരസഭയിലെ 14 എസ്സ്.സി ഗുണഭോക്താക്കൾക്ക് PMAYപദ്ധതിക്കായി 28 ലക്ഷം രൂപയും (വികസന ഫണ്ട് എസ്സ്.സിപി) 4 എസ്.റ്റി ഗുണഭോക്താക്കൾക്കായി 8 ലക്ഷം രൂപയും (വികസന ഫണ്ട് റ്റി.എസ്സ്.പി) ചേർത്ത് ആകെ 36 ലക്ഷം രൂപ പിൻവലിച്ച് PMAYപദ്ധതിയുടെ അക്കൗണ്ടിൽ (ICICI A/C No.2124010007344) 7.11.22 ലെ 9(1) നം കൗൺസിൽ തീരുമാന പ്രകാരം നിക്ഷേപിച്ചിട്ടുണ്ട്. വികസന ഫണ്ട് എസ്.സി.പി വിഹിതം 28 ലക്ഷം രൂപയിൽ 980000 രൂപയെ നാളിതുവരെ ചെലവഴിച്ചിട്ടുള്ളൂ.റ്റി.എസ്.പി. വിഹിതമിനത്തിലെ 8 ലക്ഷം രൂപയിൽ നാളിതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല. ജി.ഒ.(പി)നം.177/2006 /ഫിൻ തീയതി 12.4.2006 പ്രകാരം ഭാവിയിൽ ചെലവു വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതനുസരിച്ച് ആവശ്യാനുസരണം വികസന ഫണ്ട് വിഹിതം പിൻവലിച്ച് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനു പകരം ഇപ്രകാരം സർക്കാർ വിഹിതം മൊത്തമായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.39/24.1.23) മറുപടി ലഭ്യമാക്കിയില്ല .21-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-38 പ്രകാരം വികസന ഫണ്ട് വിഹിതവും ലോൺ തുകയും മുൻകൂറായി പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമവിരുദ്ധമാണെന്ന് പരാമർശിച്ചിരുന്നു. എന്നാൽ ആവശ്യാനുസരണം മാത്രം തുക പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നതിനു പകരം തൻ വർഷവും പ്രോജക്ടിൽ വകയിരുത്തിയ മുഴുവൻ തുകയും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തത്. ആവശ്യാനുസരണമല്ലാതെ ഇപ്രകാരം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ തൻവർഷം നിക്ഷേപിച്ച 36 ലക്ഷം രൂപയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 26,20,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക ഭവന നിർമ്മാണത്തിനായി വിനിയോഗിച്ച് വിവരം അറിയിക്കേണ്ടതാണ്.

**PMAY-**പദ്ധതി പ്രകാരം നാളിതുവരെ 7 ഡി.പി.ആർ (**Detailed Project Report**) തയ്യാറാക്കുകയും 2018-19 വർഷം മുതൽ ഓരോ വർഷവും ഒരാൾക്ക് 4 ലക്ഷം രൂപ വീതം വകയിരുത്തി (വികസന ഫണ്ട് വിഹിതം, ഹഡ്കോ ലോൺ, കേന്ദ്ര വിഹിതം) തുടർച്ചയായി 7 വർഷങ്ങളിലും പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഓരോ വർഷവും വകയിരുത്തുന്ന മുഴുവൻ തുകയും ആവശ്യനുസരണമല്ലാതെ പിൻവലിച്ച് PMAY ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത്. ടി തുകയിൽ നിന്നും ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിനനുസരിച്ച് ചെക്ക് മുഖേന തുക നല്കുകയുമാണ് ചെയ്യുന്നത്. PMAY ബാങ്ക് അക്കൗണ്ടിൽ 31.3.23 ൽ 96,47,375.50 രൂപ ബാലൻസ് നില്ക്കുന്നതായി കാണുന്നു. ടി തുകയിൽ മുൻ വർഷങ്ങളിൽ ഇപ്രകാരം നിക്ഷേപിച്ച വികസന ഫണ്ട് വിഹിതവും ഹഡ്കോലോൺ തുകയും ഉൾപ്പെടുന്നുണ്ട്. അവശേഷിക്കുന്ന 96,47,375.50 രൂപയിൽ വികസന ഫണ്ട് വിഹിതവും ഹഡ്കോ ലോൺ തുകയും വേർ തിരിച്ച് നിർണ്ണയിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ടിൽ നിന്നുള്ള വിഹിതം ഇപ്രകാരം മുൻ കൂറായി പിൻ വലിച്ച് ദീർഘകാലത്തേയ്ക്ക് വിനിയോഗിക്കപ്പെടാതെ നിക്ഷേപിയ്ക്കുന്ന നടപടി ക്രമപ്രകാരം അല്ല.തുക യഥാർത്ഥത്തിൽ വിനിയോഗിക്കപ്പെട്ടിട്ടില്ലെങ്കിലും മുൻ കൂറായി തുക പിൻവലിയ്ക്കുമ്പോൾ തന്നെ

വാർഷികപദ്ധതി ചെലവായി കണക്കാക്കപ്പെടുന്നുവെന്നതും ശ്രദ്ധിയ്ക്കാവുന്നതാണ്.

പി.എം.എ.വൈ പദ്ധതിയുടെ ക്യാഷ് ബുക്ക്, ഇഷ്യൂ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

**1-41 എസ് എസ് കെ വിഹിതം നൽകൽ-വിനിയോഗവിവരം ലഭ്യമല്ല**

| പ്രോജക്ട് | അടങ്കൽ, ഫണ്ട് | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| 206/23 ഏറ്റുമാനൂർ നഗരസഭ -എസ് എസ് കെ വിഹിതം നൽകൽ | 1500000 (വികസനഫണ്ട്-ജനറൽ) | 1500000 | 186/21.10.22 500000 442/22.02.23 |
| 207/23 ഏറ്റുമാനൂർ നഗരസഭ -എസ് എസ് കെ വിഹിതം നൽകൽ | 100000 (വികസനഫണ്ട്-എസ്.സി.പി.) | 100000 | 187/21.10.22 |

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി മേൽ പ്രോജക്ടുകൾ പ്രകാരം 1600000 രൂപ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ എസ് എസ് കെ ഏറ്റുമാനൂരിന്റെ 2491101024815 നമ്പർ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട് . തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 16,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-42 നഗരസഭാഫണ്ടിൽ അവശേഷിക്കുന്ന വികസനഫണ്ട് വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്**

21-22 വർഷം പി.എ.യു, പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ കക്കൂസ് നിർമ്മാണം (എസ്.സി) എന്ന പ്രോജക്ട് പ്രകാരം (നം.279/22) അഡ്വാൻസ് തുക 7700 രൂപ (വികസന ഫണ്ട്--എസ്.സി.പി) കൈപ്പറ്റിയ മഞ്ജു.പി.റ്റി, കല്ലുവേലിൽ എന്നയാൾ കക്കൂസ് നിർമ്മാണം നടത്താൻ സാധിക്കാത്തതിനാൽ കൈപ്പറ്റിയ 7700 രൂപ രസീത് നം 122210106428 /12.8.22 പ്രകാരം തിരികെ അടവാക്കിയിട്ടുണ്ട്. നഗരസഭാഫണ്ടിൽ അവശേഷിക്കുന്ന ടി തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-43 കരാറുകാർക്ക് ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ്**

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 12% ത്തിൽ നിന്ന് 18% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് അധിക ശതമാനം നിരക്കിൽ ജി എസ് റ്റി 18%

അനുവദിക്കാവുന്നത് . ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പംവർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നുണ്ട്. എന്നാൽ 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12%എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരിച്ചതുമായ താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി നിരക്കിൽ ബിൽ തയ്യാറാക്കി നല്കിയതിനാൽ നഗരസഭയ്ക്കുണ്ടായ അധികച്ചലവ് ചുവടെ ചേർക്കുന്നു. 18.07.2022 ന് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം തയ്യാറാക്കാഞ്ഞതിനാലാണ് ജി എസ് റ്റി അധികനിരക്കിൽ അനുവദിക്കേണ്ടിവന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| പ്രോജക്ട് നം, പേര് | കരാറുകാരൻ | ആകെ വേലമൂല്യം, ടെണ്ടർ അധികം ഉൾപ്പെടെ | പ്രവൃത്തി പൂർത്തിയാക്കിയ തീയതി, അളവ് പുസ്തകം | നൽകാവുന്ന ജി.എസ്.റ്റി കോമ്പൻസേഷന് | നൽകിയത് | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|---|
| 44/23, താഴത്തുചാൽ കാനാട്ടുപടി റോഡ് റീടാറിങ്ങ് | കുര്യൻ ജോസഫ് | 464527 | 21.06.22, 3/22-23 | 55743 | 83615 | 27872 | 247/30.11.22, 350000/- 246/30.11.22, 150000/- |
| 62/23 കോന്നിയ്ക്കൽ വടശ്ശേരിൽ ഇല്ലം നിറ റോഡ് റീടാറിങ്ങ് | കുര്യൻ ജോസഫ് | 302106 | 27.06.22 58/22-23 | 36253 | 54379 | 18126 | 488/8.3.23, 325000/- 489/8.3.23, 31485/- |
| 38/23 ചള്ളപ്പടി പുല്ലിക്കാപ്പടി റോഡ് റീടാറിങ്ങ് | കുര്യൻ ജോസഫ് | 337333 | 20.06.22, 37/2022-23 | 40480 | 60720 | 20240 | 273/2.12.22 3,50,000/- 339/ 22.12.22, 48053/- |
| 134/23 കാക്കനാട്ടു പടി മഞ്ഞനാക്കൽ റോഡ് റീ ടാറിങ്ങ് | കുര്യൻ ജോസഫ് | 285756 | 20.06.22, 35/22-23 | 34291 | 51436 | 17145 | 234/25.11.22 296052/- 313/12.12.22, 37192/- |
| 79/23 കൊട്ടുകുളം കണിയാം പറമ്പ് റോഡ് | കുര്യൻ ജോസഫ് | 361123 | 27.06.22, 59/22-23 | 43335 | 65002 | 21667 | 409/6.2.23, 269105/- 411/6.2.23, 26,125/- 410/6.2.23 |

| | | | | | | | |
|---|---|---|---|---|---|---|---|
| റീടാറിങ്ങ് | | | | | | | 130895/- |
| ആകെ | | | | | | 105050 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (35/23.01.24) ന് തുക കരാറുകാരിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. യഥാസമയം ബില്ലുകൾ തയ്യാറാക്കാത്തതിനാൽ ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി. അധികം നൽകിയ 105050/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി നഗരസഭഫണ്ടിൽ അടവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

**1-44 വീട് വാസയോഗ്യമാക്കൽ -മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താവ് ആവശ്യമായ പ്രവൃത്തി നിർവ്വഹിച്ചില്ല.**

**(ഫയൽ നമ്പർ- എച്ച്1-3742/21)**

2020-21 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രോജക്റ്റ് നമ്പർ എസ്.ഒ 268/21 പ്രകാരം എസ്.സി ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഭാഗമായി 29-ാം വാർഡിലെ ഗുണഭോക്തൃലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ടിരുന്ന ശ്രീ.സാബു.കെ.കെ, കൊരട്ടിത്തടത്തിൽ ഏറ്റുമാനൂർ എന്നയാൾ 10.03.2021 തീയതി ബാങ്ക് അക്കൗണ്ട് മുഖേന അഡ്വാൻസ് തുക 75000/- രൂപ കൈപ്പറ്റിയിട്ടുള്ളതാണ്. എന്നാൽ ടിയാൾ 21.10.2021 ന് കോട്ടയം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വച്ച് മരണപ്പെട്ടിട്ടുള്ളതാണ്. ടിയാന്റെ ഭാര്യയും അനന്തരാവകാശിയുമായ ശ്രീമതി.അജിത സാബു, കൊരട്ടിത്തടത്തിൽ പേരൂർ പി ഒ, ഏറ്റുമാനൂർ പേർക്ക് അടിയന്തിരമായി വീട് വാസയോഗ്യമാക്കൽ ജോലി പൂർത്തീകരിച്ച് നഗരസഭയിൽ വിവരം രേഖമൂലം അറിയിക്കണമെന്ന് നിർദ്ദേശിച്ച് 03.12.2021, 27.01.2022, 07.04.2022 തീയതികളിൽ രേഖാമൂലം അറിയിപ്പ് നല്കിയിരുന്നു. എങ്കിലും നാളിതുവരെ വീടു വായസോഗ്യമാക്കൽ പദ്ധതി പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് ടി ജോലികൾ ആരംഭിക്കുകയോ, പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. 07.06.2022 ലെ നഗരസഭാ കൗണ്സിലിന്റെ 30-ാം നമ്പര് തീരുമാനപ്രകാരം 20.07.2022 ൽ ടിയാരിയെ നേരിൽ കേട്ടു എങ്കിലും വീണ്ടും രണ്ടുമാസത്തെ സാവകാശം ജോലികൾ പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. നാളിതുവരെ പദ്ധതി പ്രകാരം അഡ്വാൻസായി കൈപ്പറ്റിയ തുക 75000/- രൂപ ഉപയോഗിച്ച് ജോലികൾ പൂർത്തീകരിക്കാത്തതിനാൽ നിയമാനുസൃതമായി അഡ്വാൻസ് തുക നഗരസഭയ്ക്ക് തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികള് സ്വീകരിക്കുന്നതിന് 10.08.22-ലെ കൌൺസിൽ തീരുമാനിച്ചിരുന്നു. മേൽസൂചിത തീരുമാനത്തിന്റെ തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(4/19.01.24) മറുപടിയായി ഗുണഭോക്താവ് എസ്.സി വിഭാഗത്തിൽപ്പെട്ടയാൾ ആയതിനാൽ ജില്ലാ പട്ടികജാതി വികസന ഓഫീസറിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായം ചോദിച്ച് കത്തു നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിച്ചുണ്ട്. പ്രത്യേക പരിരക്ഷ അർഹിക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്റ്റുകൾ ഗുണപരമായി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല.

**1-45 ബയോഗ്യാസ് പ്ലാന്റ് - മെയിന്റനൻസ് നടത്തി പ്രവർത്തന സജ്ജമാക്കിയിട്ടില്ല**

നഗരസഭയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിൽ മുൻകാലങ്ങളിൽ പ്രയോജനപ്പെട്ടിരുന്ന ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തനക്ഷമമല്ല. ബയോഗ്യാസ് പ്ലാന്റിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സർവ്വീസിങ്ങും മെയിന്റനൻസും നടത്തുന്നത് സംബന്ധിച്ച് ബയോടെക്കിലെ സാങ്കേതികവിദഗ്ധർ 12.07.2022 ൽ പ്ലാന്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവയുടെ സർവ്വീസിങ്ങിനും മെയിന്റനൻസിനുമായി ബയോടെക് 8,15,498/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള കേടുപാടുകൾ

പരിഹരിച്ചശേഷം ടി പ്ലാന്റിന്റെ വാർഷിക മെയിന്റനൻസ് കരാർ ഏറ്റെടുക്കുന്നതിനും ബയോടെക്ക് തയ്യാറാണെന്ന് വിവരം കത്ത് മുഖേന അറിയിച്ചിരുന്നു. ബയോഗ്യാസ് പ്ലാന്റ് സുഗമമായി പ്രവർത്തിയ്ക്കുന്നതിന് ആവശ്യമായ വേസ്റ്റ് നിലവിൽ സംഭരിക്കപ്പെടുന്നില്ലയെന്നും വേസ്റ്റുകൾ മറ്റ് ഏജൻസികൾ ഒരുമിച്ച് കൊണ്ടുപോകുന്ന സാഹചര്യത്തിൽ ബയോഗ്യാസിൽ നിന്നും വേണ്ട പ്രയോജനം ലഭിക്കുന്നത് സംശയകരമാണെന്നും പരിശോധന റിപ്പോർട്ട് അനിവാര്യമാണെന്നും കൗൺസിലിൽ അഭിപ്രായമുയർന്നിരുന്നു(10.08.22ലെ കൗൺസിൽ)

2015-16 ൽ ആണ് പ്ലാന്റ് സ്ഥാപിക്കപ്പെട്ടത് . ഒരു വർഷത്തിന്ശേഷം പ്രവർത്തനരഹിതമായെന്നും 5 ലക്ഷം രൂപ ചെലവിൽ പ്രവർത്തനയോഗ്യമാക്കിയെങ്കിലും പിന്നീടും പല തവണ പ്രവർത്തനരഹിതമായെന്നും ടി വിഷയം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുക വഴി നിയമസഭാസമിതിയുടെ പരിഗണനയിലുള്ളതിനാൽ മെയിന്റനൻസ് നടത്താതിരിക്കാൻ കഴിയില്ലെന്നും സെക്രട്ടറി അറിയിച്ചിരുന്നു.എഞ്ചിനീയറിംഗ്, ഹെൽത്ത് വിഭാഗത്തിൽ നിന്നും ടി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുന്നതിനും കൌൺസിൽ തീരുമാനിച്ചിരുന്നു.തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/23.01.24)മറുപടിയായി എഞ്ചിനീയറിംഗ്, ഹെൽത്ത് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭ്യമായ ശേഷം ഭരണാനുമതി ലഭിക്കുന്ന മുറയക്ക് തുടർനടപടി സ്വീകരിയ്ക്കുന്നതാണെന്ന് അറിയിച്ചിരുന്നു. നഗരസഭയിലെ ഫിഷ്-ഇറച്ചി-പച്ചക്കറി മാർക്കറ്റുകളിലെ ജൈവ മാലിന്യസംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് പ്രയോജനപ്പെട്ടിരുന്നു. , കൂടാതെ പ്ലാന്റിൽ നിന്നും ലഭിയ്ക്കുന്ന ബയോഗ്യാസ് ഉപയോഗിച്ച് മാർക്കറ്റ് സ്റ്റാളുകളിൽ ബൾബുകളും തെളിയിച്ചിരുന്നു. സുസ്ഥിര വികസന പദ്ധതിയിൽ ഉൾപ്പെടുന്ന മാലിന്യ സംസ്കരണം പ്രധാന അജണ്ടയായി സ്വീകരിച്ച് നഗരസഭയിലെ ബയോഗ്യാസ് പ്ളാന്റ് പ്രവർത്തനക്ഷമമാക്കേണ്ടിയിരുന്നതാണ്. ഇക്കാര്യത്തിലെ വീഴ്ച്ച ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-46 ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തീയേറ്റർ -സാങ്കേതികമായ കാരണങ്ങളാലും കൗൺസിലിൽ അഭിപ്രായ ഐക്യം ഇല്ലാത്തതിനാലും മുടങ്ങിക്കിടക്കുന്നു.**

ഏറ്റുമാനൂർ നഗരസഭയിൽ 2017-18 വർഷം ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തീയേറ്റർ എന്ന പേരിൽ ഒരു വൻകിട പ്രോജക്ട് ആവിഷ്ക്കരിച്ചിരുന്നു. 2018-19 വർഷത്തെ വാർഷിക പദ്ധതിയിലും സ്പിൽ ഓവറായി ( പ്രോജക്ട് നം. 374 )ആയി ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തീയേറ്റർ നിർമ്മാണത്തിനായി 27,53,84,972/- വകയിരുത്തിയിരുന്നു.പ്രസ്തുത പ്രോജക്ടിന് ആവശ്യമായ ധനസമാഹരണം 23,00,00,000 (ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)ലൂടെയും , ശേഷിയ്ക്കുന്ന തുക(45384972/-) തനതുഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. Prima Arch എന്ന കമ്പനി മുഖേന സ്ട്രക്ച്ചറൽ ഡിസൈനും ഡ്രോയിങ്ങും തയ്യാറാക്കിയിട്ടുള്ളതും Price Software ലൂടെ 26,20,00,000/- രൂപ (ഇരുപത്തിയാറ് കോടി ഇരുപതു ലക്ഷം രൂപ)യുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും ലഭ്യമായിരുന്നു.(TS No.110627/2017-18). സി.റ്റി.പി ക്ലിയറൻസ് തുടങ്ങിയ നിയമാനുസൃത അനുമതികളും ലഭ്യമായിട്ടുള്ളതായി കാണുന്നു. നഗരസഭാ കൌൺസിൽ കെട്ടിട നിർമ്മാണം അക്രെഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്നതിന് അംഗീകരിച്ച് തീരുമാനിച്ചിട്ടുള്ളതാണ്. (06.12.2018 ലെ 3-ാം നമ്പർ തീരുമാനം) ഇതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തി പി.എം.സി ആയി ഏറ്റെടുക്കാൻ അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.ഇത് പ്രകാരം WAPCO Ltd, Kerala State Construction Corporation എന്നിവരിൽ നിന്നും ലഭിച്ചിട്ടുള്ള താല്പര്യപത്രം നഗരസഭാ കൗൺസിലിന്റെ 16.01.2019 ലെ 7-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. നഗരസഭാ അസിസ്റ്റന്റ് എഞ്ചിനീയറുമായി 28.01.2019 ന് എഗ്രിമെന്റിൽ ഏർപ്പെട്ട് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.നിർമ്മാണ പ്രവൃത്തികൾ നടന്നുവരവെ ഇതിന്ശേഷം ചാർജ്ജ് എടുത്തിട്ടുള്ള അസി. എഞ്ചിനീയർ പി.എം.സിയെ നിർണ്ണയിച്ച രീതിയിലും, ടെണ്ടർ നടപടിയിലും ഉണ്ടായിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി സർക്കാരിലേക്ക് റിപ്പോർട്ട്

സമർപ്പിക്കുകയുണ്ടായി. എഗ്രിമെന്റിൽ ഏർപ്പെട്ട സമയത്ത് ചാർജിലുണ്ടായിരുന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരിൽ നിന്നും ഇതിന്മേൽ തൃപ്തികരമായ വിശദീകരണം തേടിയതായി കാണുന്നില്ല.ഏറ്റുമാനൂർ നഗരസഭ കൗൺസിലിന്റെ 20.11.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം എഞ്ചിനീയർ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കുന്നതുവരെ പണി നിർത്തി വച്ചിട്ടുള്ളതുമാണ്. നഗരസഭ അസി.എഞ്ചിനീയറുടെ മേൽ റിപ്പോർട്ട് പ്രകാരം തുടർ തീരുമാനത്തിനായി സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് അയക്കുകയും അതിൻപ്രകാരം കോ-ഓർഡിനേഷൻ കമ്മറ്റി എടുത്ത തീരുമാനം നഗരസഭയെ DC3/132 /2020/LSGD, Dtd 24.03.2021 കത്ത് പ്രകാരം അറിയിക്കുയും ചെയ്തിട്ടുണ്ട്. ടി തീരുമാനപ്രകാരം പദ്ധതി നിർവ്വഹണം എപ്രകാരമാണ് നടത്തേണ്ടത് എന്ന് നഗരസഭ തീരുമാനിക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

നഗരസഭയുടെ ഒരു അഭിമാന പദ്ധതി എന്ന രീതിയിലാണ് ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടിപ്ലക്സ് തീയേറ്റർ എന്ന വൻകിട പ്രോജക്ട് ഏറ്റെടുത്തത്. കെട്ടിടനിർമ്മാണത്തിനുള്ള വിഭവ സമാഹരണം പൂർത്തിയാക്കി ലക്ഷ്യമിട്ടവിധം നിർമ്മാണം പൂർത്തീകരിച്ച് മൂലധനച്ചെലവിന് ആനുപാതീകമായതും സുസ്ഥിരവുമായ വരുമാനം ഉറപ്പാക്കുന്നതിന് ഇച്ഛാശക്തിയോടെയുള്ള തുടർപ്രവർത്തനങ്ങൾ അനിവാര്യമാണ്. പ്രോജക്ടിന്റെ നിർവ്വഹണപുരോഗതിയുടെ വിവരങ്ങൾ( വരവു ചെലവു വിവരങ്ങൾ ഉൾപ്പെടെ) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(3/19.01.24) മറുപടിയായി 2021-22 വർഷം വാർഷിക പദ്ധതിയിലെ പ്രോജക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്നത് ഒഴിവാക്കിയിട്ടുള്ളതാണെന്നും പ്രോജക്ട് ഭേദഗതി ചെയ്ത് (പ്രോജക്ട് നമ്പർ 395) 5.6കോടി രൂപയായി അടങ്കൽ നിശ്ചയിച്ച് അക്രഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്താമെന്ന രീതിയിൽ പ്രോജക്ട് പ്രവർത്തനങ്ങൾ തുടരുന്നതായും അറിയിച്ചു. പ് പല പ്രാവശ്യം ബഹു കൗൺസിൽ ഭേദഗതി നിർദ്ദേശങ്ങൾ ഉയർത്തിയിട്ടുള്ളതിനാൽ പ്രസ്തുത മാറ്റങ്ങൾ വരുത്തി പ്ലാനും എസ്റ്റിമേറ്റും പൂർണ്ണമാക്കാൻ Prima Arch നു കഴിഞ്ഞിട്ടില്ലാത്തതും സാങ്കേതികാനുമതി ലഭ്യമാക്കാത്തതിനാൽ 2022-23 വർഷം സ്പിൽ ഓവർ പ്രോജക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ കഴിയാതെ വന്നിട്ടുള്ളതുമാണെന്ന് അറിയിച്ചിട്ടുണ്ട്.ഇത് സംബന്ധമായ ഫയൽ മാനേജ്മെന്റിലെ ന്യൂനത മൂലവും ഫയൽ സങ്കീർണ്ണമായ രീതിയിൽ സൂക്ഷിച്ചിട്ടുള്ളതിനാലും നാളിതുവരെയുള്ള ചെലവ് വിവരങ്ങൾ ഉൾപ്പടെയുള്ള അടിസ്ഥാന വിവരങ്ങൾ ഓഡിറ്റിൽ ശേഖരിച്ച് സമഗ്രമായി അപഗ്രഥിക്കുന്നതിന് സാധിച്ചിട്ടില്ല. ഇച്ഛാശക്തിയോടെയും യാഥാർത്ഥ്യബോധത്തിൽ ഊന്നിയും ശരിയായ ദിശയിലുള്ള തുടർ നടപടികളുടെ അഭാവത്തിൽ വലിയ തോതിലുള്ള പാഴ്ച്ചെലവിലേയ്ക്കും സങ്കീർണ്ണതകളിലേയ്ക്കും നയിക്കപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നു. പ്രവൃത്തിയുടെ നാളിതുവരെയുള്ള ചെലവ് വിവരങ്ങൾ ഉൾപ്പടെയുള്ള വിശദാംശങ്ങൾ വിശദമായ റിപ്പോർട്ടായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ ന്യൂനതാ പരിഹാര നടപടികൾക്കായും സജീവമായ ഇടപെടലിനായും വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-47 പി.എം.എ.വൈ -മുൻകൂർ തുക കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം. | 196/23 |
| അടങ്കൽ | 28,00,000/- (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 28,00,000/- (ബിൽ നം.215/15.11.2022) |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പി.എം.എ.വൈ ഭവന നിർമ്മാണ പ്രോജ്കട് പ്രകാരമുള്ള നഗരസഭാ വിഹിതമായി 28 ലക്ഷം രൂപ പിൻവലിച്ച് PMAY അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രകാരം കരാറിൽ ഏർപ്പെട്ട 11 പേരിൽ 4 പേർ 40000 രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | മുൻകൂർ നൽകിയ തീയതി |
|---|---|---|---|
| 1 | നിഷ.ടി.കെ | 16 | 22.7.23 |
| 2 | സന്തോഷ്.സി.എ | 24 | 22.7.23 |
| 3 | അനന്തൻ രവീന്ദ്രൻ | 6 | 14.6.23 |
| 4 | ജയന്തി അനിൽകുമാർ | 28 | 14.6.23 |

ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പുരോഗതി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-48 അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചില്ല**

22-23 വർഷം പ്രോജക്ട് ഓഫീസർ, പി.എ.യു നിർവ്വഹണം നടത്തിയ പ്രോജക്ട് ഫയൽ ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ഭവന പുനരുദ്ധാരണത്തിനായി അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | ഗുണഭോക്താവിന്റെ പേര് | മുൻകൂർ നൽകിയ തുക,തീയതി |
|---|---|---|---|
| 1 | 197/23 വീട് വാസയോഗ്യമാക്കൽ (ജനറൽ) | ബിനോയി.ടി.വി തോപ്പിൽ | 20000, 12.12.22 |
| 2 | 25/23 വീട് വാസയോഗ്യമാക്കൽ (എസ്.സി) (സ്പിൽ ഓവർ) | കെ.ജെ.സുമേഷ് കറുകച്ചേരിൽ | 75000 23.2.22 |

ടി ഗുണഭോക്താക്കൾ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്തപക്ഷം കൈപ്പറ്റിയ തുക പിഴപലിശ സഹിതം ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇത്തരം പ്രോജക്ടുകളുടെ നിരന്തരമായ മോണിറ്ററിങ്ങിന്റെ അഭാവം മൂലം പ്രോജകട് ഗുണപരമായി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കേണ്ടതുമാണ്.

**1-49 പി.എം.എ.വൈ-ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്**

പി.എം.എ.വൈ പദ്ധതിക്കായി അഡ്വാൻസ് തുക 40000 രൂപ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്ത (ഡി.പി.ആർ 1 മുതൽ 5 വരെ) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | ഡി.പി.ആർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നം | മുൻകൂർ നൽകിയ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | I | അശ്വതി ജോൺ | 18 | 27.3.19 |
| 2 | I | പൂർണ്ണിമ ശ്രീജിത്ത് | 25 | 02.11.18 |
| 3 | I | രാധിക ബേബി | 8 | 28.01.19 |
| 4 | I | സാറാമ്മ ചാക്കോ | 19 | 22.11.18 |
| 5 | II | ലെജി മോബിൻ | 20 | 07.07.18 |
| 6 | II | മഞ്ജു.കെ.എ | 1 | 28.01.19 |
| 7 | II | ഓമന ബേബി | 26 | 28.01.19 |
| 8 | V | ദേവരാജ് .കെ.എം | 7 | 11.01.21 |
| 9 | V | ഷൈനി ജോസ് | 9 | 27.08.21 |
| 10 | V | ജിൻസി ജോസഫ് | 13 | 08.0822 |
| 11 | V | മഞ്ജുള.കെ.ആർ | 13 | 01.06.22 |
| 12 | V | വത്സല .ടി.എസ് | 16 | 13.04.22 |
| 13 | V | മിനി പ്രസാദ് | 24 | 13.04.22 |
| 14 | V | ലീലാ മുല്ലക്കാട്ടിൽ | 24 | 01.06.22 |
| 15 | V | ഉഷ വിമൽ | 24 | 24.08.22 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം മുൻകൂർ നല്കിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.എം.എ.വൈ പദ്ധതിയുടെ നാളിതുവരെയുള്ള പ്രോഗ്രസ് ചുവടെ ചേർക്കുന്നു

| DPR | എഗ്രിമെന്റിൽ ഏർപ്പെട്ടത് | 1-ാംഗഡു കൈപ്പറ്റിയത് | 2-ാംഗഡു കൈപ്പറ്റിയത് | 3-ാംഗഡു കൈപ്പറ്റിയത് | 4-ാംഗഡു കൈപ്പറ്റിയത് | ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|---|---|---|
| I | 147 | 147 | 142 | 141 | 130 | 17 |
| II | 98 | 98 | 96 | 94 | 91 | 7 |
| III | 17 | 17 | 16 | 16 | 15 | 2 |
| IV | 18 | 18 | 18 | 18 | 17 | 1 |
| V | 182 | 182 | 174 | 167 | 130 | 52 |
| VI | 85 | 80 | 30 | 25 | 2 | 83 |
| VII | 36 | 10 | 1 | 0 | 0 | 36 |
| ആകെ | 583 | 552 | 477 | 461 | 385 | 198 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

**1-50 മുട്ടക്കോഴി വിതരണം - എസ്സ്.സി- ഗുണഭോക്തൃ (വാർഡു സഭ) ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകി**

| | |
|---|---|
| പ്രോജക്ട് നം- | 336/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | മുട്ടക്കോഴി വിതരണം എസ്.സി |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| അടങ്കൽ | 217100/-plan Fund |
| ചെലവ് | 124800/-(bill No-5/22-23,6/22-23) |

വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ മേൽ സൂചിത പ്രോജക്ട പ്രകാരം എസ്സ്.സി വിഭാഗത്തിൽപ്പെട്ട 55ഗുണഭോക്താക്കൾക്ക് 10 കോഴികുഞ്ഞുങ്ങൾ വീതം ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള മണർകാട് പൌൾട്രി ഫാമിൽ നിന്നും വാങ്ങി വിതരണം നടത്തിയിരുന്നു. ആയതിൽ 41 ഗുണഭോക്താക്കൾ ഗുണഭോക്തൃ (വാർഡു സഭ) ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. അപേക്ഷ ക്ഷണിക്കാതെയും വാർഡു സഭ പട്ടികയിൽ ഉൾപ്പെടാതെയും ഉള്ള 41 ഗുണഭോക്താക്കൾക്ക് മുട്ടക്കോഴി വിതരണം നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(6/19.01.24) മറുപടിയായി വാർഡു സഭയിൽ അംഗീകരിച്ചതിന്റെയും കൌൺസിൽ തീരുമാനത്തിന്റെയും പകർപ്പ് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന്റെ ആധികാരികത (അപേക്ഷ ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ) ബോധ്യപ്പെടാത്തതിനാലും വാർഡ് സഭയുടെ സാധൂകരണം തേടിയിട്ടില്ലാത്തതിനാലും ലിസ്റ്റ് കൌൺസിൽ അംഗീകരിക്കാത്തതിനാലും വിശദാംശങ്ങൾ ലഭ്യമാകുന്നതുവരെ 41 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 53,300/- രൂപ (130x41) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഗുണഭോക്താക്കളുടെ വരുമാന വർദ്ധനവിന് വേണ്ടി നടപ്പിലാക്കുന്ന പ്രോജക്ട് എന്ന നിലയിൽ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തേണ്ടതുമാണ്.)

**1-51 തെരുവുവിളക്കുകളുടെ മെയിന്റനൻസ് - നടപടിക്രമങ്ങളിൽ അപാകതകൾ- തുക തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രൊ നം | 150/23,സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | 500666/-(തനത് ഫണ്ട്) |
| ചെലവ് | 500666/- |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭ എഞ്ചിനിയർ |
| കരാറുകാരൻ | അർഷാദ്. കെ എം |
| ബിൽ നമ്പർ | 1) 10/5.5.22, 99333/-<br>2) 127/29.7.22, 99333/-<br>3) 192/25.10.22, 99,334/-<br>4) 140/16.8.22, 99333/-<br>5) 339/24.12.22, 103333/- |

ഫയൽ നമ്പർ- E1 13201/21

നഗരസഭയുടെ പരിധിയിലുള്ള 18 W LED Bulb, 40 W Tube Set, 2x 40W Fluorescent Tube Set, Highmast Light Fitting എന്നീ നാലുതരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ അറ്റകുറ്റപണി നടത്തുന്നതിന് പ്രോജക്റ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചതിൽ അർഷാദ്. കെ എം, ജോസഫ് തോമസ് സെന്റ് മേരിസ് ഇലക്ട്രിക്കൽസ് എന്നീ രണ്ട് കരാറുകാർ ടെണ്ടർ സമർപ്പിച്ചിരുന്നു. ഇതിൽ ജോസഫ് തോമസ് സെന്റ് മേരിസ് ഇലക്ട്രിക്കൽസ് ഒരു ലൈറ്റിന്റെ മെയിന്റനൻസ് നിരക്ക് ക്വോട്ട് ചെയ്ത് നാല് ഇനങ്ങൾക്ക് ഒരു വർഷം 5520രൂപയും അർഷാദ് എന്ന കരാറുകാരൻ ഒരു വർഷത്തേയ്ക്കുള്ള നിരക്കായ 596000രൂപയുമായിരുന്നു ക്വാട്ട് ചെയ്തത്. ഇതിൽ കുറവ് നിരക്ക് ക്വോട്ട് ചെയ്തത് അർഷാദ് എന്ന കരാറുകാരൻ ആണെന്ന് കണക്കാക്കി ടിയാളുടെ ടെണ്ടർ അംഗീകരിച്ച് ടിയാനെ പ്രവൃത്തിയുടെ നിർവ്വഹണം ഏൽപ്പിച്ചു.

ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രണ്ടു രീതിയിൽ സമർപ്പിച്ച ടെണ്ടറുകൾ എപ്രകാരം താരതമ്യം ചെയ്ത് കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തെരഞ്ഞെടുപ്പ് നടത്തിയെന്നത് വ്യക്തമല്ല

2. വിവിധ വാർഡുകളിൽ മെയിന്റനൻസ് ചെയ്തതായി വാർഡ് ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ മാസവും കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിന്റെ 1/12 വീതം തുക കണക്കാക്കി കരാറുകാരന് ആകെ 500666 രൂപ തൻ വർഷം നൽകിയിട്ടുണ്ട് . ആയതിന്റെ കൃത്യത വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (21/20.01.24) പ്രോജക്ടിന്റെ കരാറിലേർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് വിശദീകരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് നിലവിലുള്ള നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

നഗരസഭയുടെ ഉടമസ്ഥതയിൽ വരുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ മെയിന്റനൻസ് സംബന്ധിച്ച് പഠനം നടത്തി, മുഴുവൻ വഴി വിളക്കുകളും റോഡ് ,പോസ്റ്റ് ,അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി നഗരസഭയ്ക്കുണ്ടാകുന്ന വാർഷിക ചെലവ് വിലയിരുത്തി വേണമായിരുന്നു പ്രൊജക്റ്റ് തയ്യാറാക്കേണ്ടത്. നഗരസഭാ പരിധിയിലുള്ള മുഴുവൻ വിളക്കുകൾക്കും വാർഷിക നിരക്ക് നിശ്ചയിക്കുമ്പോൾ ഗ്യാരന്റി ഉള്ള ലൈറ്റുകളും ഇതിൽ ഉൾപ്പെടുകയും ടി വിളക്കുകൾക്കുൾപ്പെടെയുള്ള തുക കരാറുകാരന് നല്കേണ്ടി വരുകയും ചെയ്യുന്നു. ലൈറ്റിന് മെയിന്റനൻസ് നിരക്ക് നിശ്ചയിച്ച് അറ്റകുറ്റപ്പണികൾ നടത്തിയവയ്ക്ക് തുക നല്കുന്ന രീതിയിൽ കരാർ തയ്യാറാക്കുന്നതിന് പകരം മുഴുവൻ വിളക്കുകളും AMC പരിധിയിൽ ഉൾപ്പെടുത്തി (ഗ്യാരന്റി ഉള്ളവ ഉൾപ്പെടെ) കരാർ തയ്യാറാക്കിയത് നഗരസഭയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതല്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 500666/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-52 വിവിധ ഇടങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- നടപടിക്രമങ്ങളിൽ അപാകതകൾ**

| | |
|---|---|
| പ്രോജക്റ്റ് | 443/23 |
| അടങ്കൽ | 1200000(111717 വികസനഫണ്ട്, തനത്ഫണ്ട് 1088283) |
| ചെലവ് | 1088283 തനത് ഫണ്ട് |
| ബിൽ നമ്പർ/തീയതി | 715/31.03.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭ എഞ്ചിനിയർ |

ഫയൽ -E1 411/22

നഗരസഭ 2020-21വർഷം വിവിധ ഇടങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് (668/21) തയ്യാറാക്കി ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കിയിരുന്നു. മേൽ പ്രോജക്ട് പ്രകാരം ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 1044751 രൂപ നൽകിയതുൾപ്പെടെ 1088283/-രൂപ ചെലവഴിച്ചിട്ടുണ്ട്

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1. 2020-21 വർഷം പൂർത്തിയായ പ്രോജക്ട് ആ വർഷവും തുടർവർഷവും പ്രോജക്ട് തയ്യാറാക്കി തുക നൽകാതിരുന്നതിനാൽ 2022-23 വർഷം പ്രോജക്ട് തയ്യാറാക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം ലഭ്യമാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കൗൺസിൽ തീരുമാനിച്ചിരുന്നു. (4.11.22ലെ പ്രത്യേക യോഗത്തിലെ സപ്ലിമെന്ററി രണ്ടാം തീരുമാനം). സിസി തീരുമാനം ലഭ്യമായതായി കാണുന്നില്ല. മുൻ വർഷം തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തതയില്ലെന്ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്

2. പ്രോജക്ട് നിർവ്വഹിക്കുന്നതിന് സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിച്ചിട്ടില്ല. സ്ഥാപനത്തിന് മേൽ പ്രവൃത്തിക്ക് റേറ്റ് കോൺട്രാക്ട് ഉള്ളതായി കാണുന്നില്ല . സ്ഥാപനത്തെ പ്രവൃത്തി നിർവ്വഹണം ഏൽപ്പിച്ചതിന്റെ ഉത്തരവ് ലഭ്യമല്ല.

3. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ്, അളവു പുസ്തകം എന്നിവയിൽ ആകെ വേലമൂല്യമായ 1061947രൂപയോടൊപ്പം 1% ഫ്ലഡ് സെസ് 10619രൂപ 12% ജി എസ് റ്റി 127433 രൂപ എന്നിവ ഉൾപ്പെടെ 1200000രൂപയുടെ ബിൽ ആണ് . എന്നാൽ ഫയലിലെ രേഖപ്പെടുത്തലിൽ നിന്നും ആകെ വേലമൂല്യമായ 1061947രൂപയോടൊപ്പം 18% ജി എസ്റ്റ് റ്റി ഉൾപ്പെടെ 1200000രൂപ അനുവദിക്കുന്നതായി രേഖപ്പെടുത്തി ഫണ്ടിന്റെ അപര്യാപ്തത മൂലം 1088283- രൂപയിൽ ലിമിറ്റ് ചെയ്താണ് 2022-23 വർഷം തുക നൽകിയത്. സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് അധിക ശതമാനം നിരക്കിൽ ജി എസ് റ്റി 18% അനുവദിക്കാവുന്നത്. 18-7-2022 ന് മുൻപ് പൂർത്തീകരിച്ച ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി അധികമായി കണക്കാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4. ടി ലൈറ്റുകളുടെ വാറണ്ടി, തുടർപരിപാലനം സംബന്ധിച്ച വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയില്ല.

5. ലൈറ്റുകളിൽ നിലവിൽ പ്രവർത്തിക്കുന്നവ/പരിപാലനം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(20/20.01.24) ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾക്കുള്ള വിശദീകരണം ഉൾപ്പെടുത്തിയില്ല. ആയതിനാൽ രൂപയുടെ 1088283/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 18% നിരക്കിൽ തുടർവർഷം ജി എസ് റ്റി നൽകിയിട്ടുണ്ടെങ്കിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

**1-53 തെരുവുവിളക്കുകൾക്കിന് ആവശ്യമായ ബൾബുകൾ വാങ്ങൽ- വിതരണവിവരം ലഭ്യമല്ല**

| | |
|---|---|
| പ്രോജക്ട്, പദ്ധതി | 109/23, തെരുവ് വിളക്കിനാവശ്യമായ ബൾബ് വാങ്ങൽ |
| അടങ്കൽ | 600000 (വികസനഫണ്ട്)<br>299671 (തനത് ഫണ്ട്)<br>---------<br>899671 |
| ചെലവ് | 558146(വികസനഫണ്ട്)<br>298322(തനത് ഫണ്ട്)<br>---------- |

| | |
|---|---|
| | 856468 |
| ബിൽ നമ്പർ | 157/11.08.22– 558146<br>382/12.01.23 298322 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനിയർ |

ഫയൽ E1/13201/21

ഡിവൈൻ ഇലക്ട്രിക്കൽസ് കളമശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വിവിധ സ്ട്രീറ്റ് ലൈറ്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ സ്ട്രീറ്റ് ലൈറ്റും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. നഗരസഭാ പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടേയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.
3. ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
4. തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

5. നഗരസഭയിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

5) ആവശ്യകത നിർണ്ണയിക്കാതെ എല്ലാ സാമ്പത്തികവർഷവും തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി നഗരസഭ പ്രോജക്ടുകൾ തയ്യാറാക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വാങ്ങിയ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താത്തതിനാൽ ആയവ ഉപയോഗശൂന്യമായിട്ടുണ്ടോ എന്നും വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.23/20.01.24) വാങ്ങിയ ഉപകരണങ്ങൾ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രോജക്ട് പ്രകാരം കരാറുകാരൻ സ്ഥാപിച്ചിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. വിതരണവിവരം ലഭ്യമല്ലാത്തതിനാൽ 856468 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തെരുവുവിളക്കുകളുടെ പരിപാലനവും മെയിന്റനൻസുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തദ്ദേശസ്വയംഭരണവകുപ്പിന്റെ 3055/ഡി എ3/2011/ തസ്വഭവ തീയതി 15/09/2011 സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-54 വാട്ടർ കൂൾ പ്യൂരിഫയർ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചില്ല- തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | 296/23 |
| അടങ്കൽ,ഫണ്ട് | 150000,മെയിന്റനൻസ് ഫണ്ട് |
| ചെലവ് | 141775 |
| ബിൽ നമ്പർ | 581/27.03.23 |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ |

മേൽ പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും 141775 രൂപ ചെലവഴിച്ച് അഞ്ചു വാട്ടർ പ്യൂരിഫയർ വാങ്ങി വിവിധ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.സ്റ്റോർ പർച്ചേസ് മാനുവൽ ഖ. 7.7 പ്രകാരം 100000 രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ടെണ്ടർ നടപടികൾ ബാധകമാണ്. മേൽ വാങ്ങലിൽ ടി നിബന്ധന പാലിക്കാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്നും നേരിട്ട് ഉപകരണങ്ങൾ വാങ്ങുകയാണ് ചെയ്തത്.

2. വാട്ടർപ്യൂരിഫയറുകൾ വിവിധ സ്കൂളുകളിൽ ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ലഭിച്ച സ്കൂളുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി വരുത്തിയിട്ടില്ല.

3. യൂണിറ്റുകളുടെ വാറണ്ടി/തുടർ പരിപാലനം സംബന്ധിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല

അപാകകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ.28/22.01.2024) മറുപടി ലഭ്യമാക്കിയില്ല.അപാകതകളുടെ അടിസ്ഥാനത്തിൽ 141775 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**1-55 നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റ് വാങ്ങൽ- യൂണിറ്റുകൾ സ്ഥാപിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റ് | 306/23 വിവിധ സ്കൂളുകൾക്ക് നാപ്കിൻ വെൻഡിങ്ങ് ഡിസ്ട്രോയർ വാങ്ങൽ |
| അടങ്കൽ,ഫണ്ട് | 150000,വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 141750 |
| ബിൽ നമ്പർ | 629/28.03.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ |

മേൽ പ്രോജക്റ്റ് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്ന് 141750/-രൂപ ചെലവഴിച്ച് മൂന്ന് നാപ്കിൻ ഡിസ്ട്രോയർ വാങ്ങി സ്കൂളുകൾക്ക് നൽകിയിട്ടുണ്ട് . നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.സ്റ്റോർ പർച്ചേസ് മാനുവൽ ഖ.7.7 പ്രകാരം 100000രൂപയ്ക്കു മുകളിലുള്ള പർച്ചേസുകൾക്ക് ടെണ്ടർ നടപടികൾ ബാധകമാണ്. മേൽ വാങ്ങലുകളിൽ ടി നിബന്ധന പാലിച്ചില്ല.

2. നാപ്കിൻ ഡിസ്ട്രോയർ വിവിധ സ്കൂളുകളിലേക്ക് ലഭിച്ചതിന്റെ കൈപ്പറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സ്കൂളുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല

3. 22.01.24ൽ നടത്തിയ പ്രാദേശിക പരിശോധനയില് ഗവ. ഗേൾസ് എച്ച്. എസിലേക്ക് നൽകിയ യൂണിറ്റ് സ്ഥാപിക്കാതെ സ്റ്റാഫ് റൂമിൽ സൂക്ഷിച്ചിട്ടുണ്ട്. ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേക്ക് നൽകിയ ഉപകരണം സ്ഥാപിച്ചിട്ടുണ്ടെങ്കിലും കറണ്ട് കണക്ഷൻ ലഭ്യമാക്കി പ്രവർത്തനസജ്ജമാക്കിയിട്ടില്ല. GVHSS(5132) സ്കൂളുകളിൽ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതായി സ്കൂൾ

അധികാരികൾ അറിയിച്ചെങ്കിലും ടോയ് ലെറ്റ് തുറക്കാൻ സാധിക്കാഞ്ഞതിനാൽ പ്രവർത്തനസജ്ജമാണോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

4. യൂണിറ്റുകളുടെ വാറണ്ടി/തുടർ പരിപാലനം സംബന്ധിച്ച് സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടില്ല



ഗവൺമെന്റ് ഗേൾസ് ഏറ്റുമാനൂർ സ്കൂളിലെ ഓഫീസിൽ പ്രയോജനപ്രദമാക്കാതെ സൂക്ഷിച്ചിരിക്കുന്ന നാപ്കിൻ ഡിസ്പോസർ

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിൽ നിന്ന് ടി ഉപകരണങ്ങൾ വാങ്ങാമെന്നുള്ളതിന് പ്രത്യേക ഉത്തരവ് /റേറ്റ് കോൺട്രാക്ട് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാനും മറ്റ് അപാകകൾക്ക് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ.29/22.01.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 141750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-56 ടേക്ക് എ ബ്രേക്ക് - വഴിയോരവിശ്രമ കേന്ദ്രങ്ങൾ - പദ്ധതി പൂർത്തിയായില്ല**

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി നഗരസഭ ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 172/23 ടേക്ക് എ ബ്രേക്ക് -ടോയ് ലെറ്റ് നിർമ്മാണം (ഏറ്റുമാനൂർ- പൂഞ്ഞാർ (ഷട്ടർ കവല) | 1700000 | 387323 |
| 2 | 170/23 ടേക്ക് എ ബ്രേക്ക് -ടോയ് ലെറ്റ് നിർമ്മാണം(പട്ടിത്താനം മണർകാട് ബൈപ്പാസ് റോഡ്) | 1700000 | 0 |
| 3 | 173/23 ടേക്ക് എ ബ്രേക്ക് ടോയ് ലെറ്റ് പുനരുദ്ധാരണം (കെ എസ് ആർ ടി സി) | 1400000 | 0 |

ഏറ്റുമാനൂർ- പൂഞ്ഞാർ റോഡിൽ ഷട്ടർ കവലയിൽ സ്ഥാപിക്കാനുദ്ദേശിച്ച ടോയ് ലെറ്റ് സമുച്ചയത്തിന്റെ

ഭിത്തിയുടെ ഭാഗിക നിർമ്മാണം വരെ നടത്തിയതിന് കരാറുകാരന് 387323 രൂപയുടെ പാർട്ട് ബിൽ നൽകിയിട്ടുണ്ട് 22.01.24ൽ നടത്തിയ ഭൗതിക പരിശോധനയിൽ നിർമ്മാണം കാട്ടുപിടിച്ച അവസ്ഥയിലാണെന്ന് കണ്ടു.




**ഭാഗികമായി നിർമ്മാണം ആരംഭിച്ച കെട്ടിടം കാട്ടുമൂടിയ നിലയിൽ**

പ്രവൃത്തി നടന്ന കൊണ്ടിരുന്നപ്പോൾ ടി സ്ഥലത്തിന്റെ മുൻ ഉടമ ബേബി ജോസഫ് പണി നിർത്തിവെയ്ക്കാൻ ഹൈക്കോടതിയിൽ പെറ്റീഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ നിന്നും Interim Stay Order ലഭിച്ചിട്ടുണ്ടെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രോജക്ടിന്റെ നിലവിലെ അവസ്ഥ, പ്രോജക്ട് പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (34/23.01.24) പരാതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവെക്കാൻ കോടതി ഉത്തരവായിട്ടുണ്ടെന്നും സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് സ്റ്റാന്റിങ്ങ് കൗൺസിലിന് സെക്രട്ടറി വക്കാലത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതു വരെ സ്റ്റേ ഒഴിവാക്കിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. പട്ടിത്താനം മണർകാട് ബൈപ്പാസ് റോഡിൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം പ്രവൃത്തി നടപ്പാക്കാൻ സാധിക്കാഞ്ഞതെന്നും കെ എസ് ആർ ടി സി സ്റ്റാന്റിലുള്ള ടോയ് ലെറ്റിന്റെ പുനരുദ്ധാരണം നിലവിൽ പൂർത്തിയായെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കൃത്യമായ മുന്നൊരുക്കമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കിയതിനാലാണ് നാളിതുവരെ പ്രോജക്ട് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയും കൗൺസിലും ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പ്രോജക്ട് പൂർത്തീകരിക്കേണ്ടതാണ്

**1-57 21ാം അങ്കണവാടി റൂഫിങ്ങ് പ്രവൃത്തി അനർഹമായി ജി എസ് ടി കോംപൻസേഷൻ നൽകി.**

| | |
|---|---|
| പ്രോജക്ട് | 112/23 ,21 ാം അങ്കണവാടി |

| | |
|---|---|
| | റൂഫിങ്ങ് |
| അടങ്കൽ | 400000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 387831 |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനിയർ |
| കരാർ | 135/AE/LID&EW/ETMR/21-22 21.03.22 |
| ബിൽ നമ്പർ | 525/17.03.23 140607 579/27.03.23 247224 |

ഫയൽ നമ്പർ-360/20

പ്രോജക്ട് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. 2016 ഡി എസ് ആർ നിരക്കിനൊപ്പം37.93 %കോസ്റ്റ് ഇൻഡക്സ് പ്രാബല്യമുള്ളപ്പോഴാണ് എസ്റ്റിമേറ്റുകളിൽ ജി.എസ്.റ്റി കുറച്ചുള്ള നിരക്ക് ഉൾപ്പെടുത്തി ആകെ വേലമൂല്യത്തോടൊപ്പം 12% ജി എസ് റ്റി കോമ്പൻസേഷൻ കൂടി കൂട്ടി നല്കുന്നതിന് അനുമതി നല്കിയിട്ടുള്ളത്. 2016 ഡി എസ് ആർ നിരക്കിനൊപ്പം 44. 12% കോസ്റ്റ് ഇൻഡക്സ് പ്രാബല്യമുള്ളപ്പോൾ 2018-19 വർഷം തയ്യാറാക്കിയ മേൽ പ്രോജക്ടിൽ ( 263/19) ജി എസ് റ്റി അടവാക്കുന്നതിനുള്ള തുക വകയിരുത്തിയിരുന്നില്ല. പ്രോജക്ട് ആദ്യം കരാറെടുത്തത് ശ്രീ സണ്ണി വി ഡി എന്ന കരാറുകാരൻ യഥാസമയം പ്രവൃത്തി ആരംഭിക്കാത്തതിനാൽ ടിയാന്റെ കരാർ റദ്ദ ചെയ്ത് ഓഫർ ലെറ്ററിലൂടെ ശ്രീ ജോയൻ എ ജെ എന്ന കരാറുകാരന് കരാർ നൽകി. ടിയാൻ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചപ്പോൾ ഒന്നാം പാർട്ട് ബില്ലിൽ ആകെ വേലമൂല്യമായ 125542 രൂപയുടെ 12% നിരക്കായ 15065 രൂപയും രണ്ടാം പാർട്ട് ബില്ലിൽ ആകെ വേലമൂല്യമായ206852 രൂപയുടെ 18% നിരക്കായ37233രൂപയും ജി എസ് റ്റി കോമ്പൻസേഷൻ അനുവദിച്ചതിനാൽ 52298രൂപ അധികം നൽകി.

2. പ്രോജക്ട് ആദ്യം കരാറെടുത്തത് ശ്രീ സണ്ണി വി ഡി എന്ന കരാറുകാരൻ യഥാസമയം പ്രവൃത്തി ആരംഭിക്കാഞ്ഞതിനാലും നോട്ടീസ് നൽകിയിട്ട് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും 15/02/22ലെ 4ാം സപ്ലിമെന്ററി തീരുമാനം പ്രകാരം കൗൺസിൽ നഗരസഭാ എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി തീരുമാനം നടപ്പാക്കിയില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/20.01.24) എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ജി എസ് റ്റി പ്രൊവിഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 44. 12% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപ്പെടുത്തി ആയതിനാൽ കരാറുകാരന് ജി എസ് റ്റി കോമ്പൻസേഷനായി തുക അനുവദിക്കാൻ സാധിക്കില്ല. കരാറുകാരന് അധികം നൽകിയ 52298/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.അധികം നൽകിയ തുക നഗരസഭാ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.കൂടാതെ കരാർ ലംഘനം നടത്തിയ ശ്രീ സണ്ണി വി ഡി എന്ന കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

**1-58 സ്കോളർഷിപ്പ് ഇനത്തിൽ അധികം നൽകിയ തുക തിരികെ ലഭിച്ചത് സർക്കാരിലേക്ക് അടവാക്കിയില്ല.**

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് | മാനസികവെല്ലുവിളിനേരിടുന്ന സ്കോളർഷിപ്പ് |

| | |
|---|---|
| | (പ്രോജക്ട് നമ്പർ-254/23) |
| ഫണ്ട് | വികസനഫണ്ട് |
| ചെലവ് | 2968000/- |
| ബിൽനമ്പർ | 6/22-23 /31.12.22– 1521900/-<br>9/22-23/28.01.23 – 698000/-<br>12/22-23/18.03.23 -720000/<br>13/22-23/18.03.23 - 28100/- |

പ്രോജക്ട് പ്രകാരം 93 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്നു. ട്രഷറിയിൽ ബിൽ തയ്യാറാക്കി സമർപ്പിച്ച് കഴിഞ്ഞപ്പോൾ വിദ്യാർത്ഥികളായ അർച്ചന അനിൽ, ലിസി കുര്യൻ എന്നിവർക്ക് 14500/- രൂപ വീതം അധികം നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെട്ടു. നൽകിയ തുക തിരികെ അടവാക്കുവാൻ വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടതിനെ തുടർന്ന് 24.03.23-ൽ രസീത്(രസീത് നമ്പർ 122210119434/24.03.23, 122210119435/24.03.23) പ്രകാരം തുക മുൻസിപ്പൽ ഫണ്ടിൽ അടവാക്കി. മാർച്ച് മാസമായിരുന്നതിനാൽ ട്രഷറിയിലെ തിരക്കുമൂലം തുക സർക്കാരിലേക്ക് അടവാക്കുവാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. മുൻസിപ്പൽ ഫണ്ടിൽ അവശേഷിക്കുന്ന തുക നിശ്ചിത ശീർഷകത്തിൽ തിരികെ സർക്കാരിലേക്ക് അടവാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-59 ഹെൽത്ത് ഓഫീസർ നടപ്പിലാക്കിയ പ്രോജക്ടുകൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല.**

| **നമ്പർ** | **പ്രോജക്ടിന്റെ പേര്** | **അടങ്കൽ** | **ചെലവ്** | ബിൽനം |
|---|---|---|---|---|
| 228/23 | ആരോഗ്യവിഭാഗവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനം നടത്തൽ | 200000 | 57304 | 430/14.02.23 |
| 419/23 | ശുചീകരണ സാമഗ്രികൾ വാങ്ങൽ | 125000 | 46424 | 370/16.01.23 |
| 442/23 | ജി ബി എക്സ് കേരള -നഗരസഭ വിഹിതം നൽകൽ | 100000 | 100000 | 613/28.03.23 |
| 222/23 | പൊതുകിണറുകളുടെ മെയിന്റനൻസ് ക്ലീനിംഗ് ഉൾപ്പെടെ | 500000 | 196000 | 565/24.03.23 |
| | | | 105000 | 641/28.03.23 |
| SO17/23 | അജൈവ ജൈവമാലിന്യങ്ങളുടെ പരിപാലന സംവിധാനങ്ങളുടെ ചെലവും അനുബന്ധ സാമഗ്രികൾ | 351000 | 96300 | 970/21.06.22 |
| | | | 27000 | 120/15.07.22 |
| | | | 18600 | 138/10.08.22 |
| | | | 18600 | 159/19.09.22 |
| | | | 18000 | 181/13.10.23 |
| | | | 18600 | 222/23.11.22 |
| | | | 45000 | 236/28.11.22 |
| | | | 18000 | 315/12.12.22 |
| | | | 18000 | 372/17.01.23 |
| | | | 17400 | 415/07.02.23 |
| | | | | |

| | | | | |
|---|---|---|---|---|
| | | | 15600 | 470/03.03.23 |
| | ആകെ ചെലവ് | 815828 | | |

ഹെൽത്ത്ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പരാമർശിച്ച പ്രോജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു എങ്കിലും (ഓഡിറ്റ് റിക്വസിഷൻ-3/22.1.24) ലഭ്യമാക്കിയില്ല. 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങൾ ചട്ടം 12(1) പ്രകാരം രേഖാമൂലം ആവശ്യപ്പെട്ടിട്ടും ചെലവ് രേഖകൾ ഹാജരാക്കാത്തപക്ഷം ചട്ടം 2 പ്രകാരം മേൽ പരാമർശിച്ചിട്ടുള്ള ചെലവ് നടന്നിട്ടില്ല എന്ന നിഗമനത്തിൽ ചട്ടം 3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കാവുന്നതാണ്. മേൽ രേഖകളുടെ അഭാവത്തിൽ 815828 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു .

**1-60 ഗാർഹിക ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചില്ല.**

നഗരസഭ പരിധിയിലുള്ള ഗാർഹിക ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ ഗാർഹിക മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**1. ബയോബിൻ- സ്പിൽ ഓവർ പദ്ധതി- നാളിതുവരെ വിതരണം പൂർത്തിയായിട്ടില്ല.**



**വിതരണം ചെയ്യാതെ നഗരസഭയുടെ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൂക്ഷിച്ചിരിക്കുന്ന ബയോബിൻ**

| ഫണ്ടിനം | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്- | 816486-/ | 816486-/ | |
| സംസ്ഥാനവിഹിതം- | 456214- | 232264 | Vr.no.84/30.4.22, Vr.no.85/30.4.22, Vr.no.86/30.4.22 |

| | | | |
|---|---|---|---|
| കേന്ദ്രവിഹിതം-- | 685300 | 246300 | Vr.no.83/30.4.22 |
| ആകെ | 1958000 | 1295050/- | |

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ച ബയോബിൻ വാങ്ങൽ (പ്രോജക്ട് നം.14/23) പദ്ധതിയ്ക്കായി തൻവർഷം ചെലവഴിച്ച 478564/-രൂപ ഉൾപ്പെടെ 1958000/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനവിഷ്കൃഫണ്ട്, പദ്ധതി വിഹിതം) ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ ആലപ്പി ബയോടെക്, ആലപ്പുഴ എന്ന സ്ഥാപനവുമായി 16-03-20 ൽ കരാർ ചമച്ചുവെങ്കിലും കോവിഡ് പ്രതിസന്ധി മൂലം 19-20 ൽ പദ്ധതി പൂർത്തീകരിയ്ക്കാൻ സാധിച്ചില്ല എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നത്. ഒരു യൂണിറ്റിന് 2195/- രൂപ നിരക്കിൽ 890 യൂണിറ്റുകൾ നഗരസഭയിൽ ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഡ് സഭ തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങളും,വിതരണവിവരവും ലഭ്യമല്ല. ഗുണഭോക്തൃവിഹിതം ഈടാക്കാതിരുന്നതിനും പ്രോജക്ട് പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കാനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (25/22.01.24) ലഭിച്ച മറുപടിയിൽ ഗുണഭോക്തൃവിഹിതം ഇല്ലാതെയാണ് പ്രോജക്ടിന് 29.11.2019 ലെ ജില്ലാ ശുചിത്വമിഷന്റെ 2025/TS /81/2019/DSM/KTM പ്രകാരം അനുമതി നൽകിയിട്ടുള്ളതെന്നും 2724/2018/LSGD ഉത്തരവ് പ്രകാരം ഡി പി ആർ പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. ലഭിച്ചിട്ടുള്ള ബയോബിന്നുകൾ നഗരസഭയുടെ സമീപമുള്ള കംഫർട്ട് സ്റ്റേഷന് മുകൾനിലയിൽ കൂട്ടിയിട്ടിരിക്കുന്നതായി പരിശോധനയിൽ വ്യക്തമായി. വാങ്ങിയ ബയോബിന്നുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിതരണ വിവരം, പ്രോജക്ട് പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതുവരെ തൻവർഷംചെലവഴിച്ച 478564/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2. ബയോകമ്പോസ്റ്റർ വാങ്ങൽ- പദ്ധതി പൂർത്തീകരിച്ചിട്ടില്ല.**

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-- | 337770- | 157770- | 208/4.11.22 |
| സംസ്ഥാനവിഹിതം- | 209700- | | |
| കേന്ദ്രവിഹിതം- | 315000- | | |
| ഗുണ.വിഹിതം- | 37530 | | |
| ആകെ -- | 900000 | 157770- | |

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നഗരസഭയിലെ 35 വാർഡുകളിലെ തെരെഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ബയോകമ്പോസ്റ്റർ വാങ്ങിനൽകുന്നതിനാണ് പ്രോജക്ട് (നം.19/23) ആരംഭിച്ചത്. ബയോകമ്പോസ്റ്റർ വാങ്ങുന്നതിന് നിർവ്വഹണ ഏജൻസിയായ IRTC, പാലക്കാട്ടു,മായികരാറിൽ ഏർപ്പെടുകയും പദ്ധതി അടങ്കൽ തുകയുടെ 20% തുക 180000/- -മുൻകൂറായി നൽകുകയും ചെയ്തു. യൂണിറ്റിന് 1800- നിരക്കിൽ 500 എണ്ണം വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരിയ്ക്കുന്നത്. തൻവർഷം (19.05.22) ബിന്നുകൾ ലഭ്യമായതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ വാർഡ് സഭ തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരം, വിതരണവിവരം, ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെ വിവരങ്ങൾഎന്നിവ ലഭ്യമല്ല. സ.ഉ(സാധാ) 3281/2018 /തസ്വഭവ തീയതി 31-12-2018 പ്രകാരം വീടുകൾക്കുള്ള വിവിധതരം കമ്പോസ്റ്റിങ്ങ് യൂണിറ്റുകൾക്ക് 10% ഗുണഭോക്തൃവിഹിതം ഈടാക്കണമെന്ന് വ്യവസ്ഥചെയ്തിരുന്നു. ഗുണഭോക്തൃ വിഹിതം ഈടാക്കാതെ മറ്റ് ഫണ്ടുകളിൽ നിന്ന് (ധനകാര്യകമ്മീഷൻ ഗ്രാന്റ്, ഫണ്ട്,കേന്ദ്രാവിഷ്കൃത വിഹിതം ,സംസ്ഥാനാവിഷ്കൃത ഫണ്ട്) മാത്രം തുക ചെലവഴിച്ച് പ്രോജക്ട് നിർവ്വഹണം നടത്തിയതിനും പ്രോജക്ട് പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും ലഭ്യമാക്കനാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ്

അന്വേഷണ കുറിപ്പിന് (25/22-1-24) ലഭിച്ച മറുപടിയിൽ 13.09.22, 13.10.22 തീയതികളിൽ കൗൺസിൽ അംഗങ്ങൾക്ക് വാർഡുകളിലെ ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കി ബയോകമ്പോസ്റ്റർ കൈപ്പറ്റുന്നതിന് രേഖാമൂലം കത്ത് നൽകിയിട്ടുണ്ടെന്നുംവിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും അറിയിച്ചു. ഗുണഭോക്തൃവിഹിതം ഈടാക്കി വാങ്ങിയ ബയോകമ്പോസ്റ്ററുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിതരണ വിവരം,പ്രോജക്ട് പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നവ ഹാജരാക്കുന്നതുവരെ തൻവർഷംചെലവഴിച്ച 157770/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതം ഈടാക്കാതെ പ്രോജക്ട് നിർവ്വഹണം നടത്തുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**3.ബയോബിൻ വാങ്ങൽ - സ്പിൽ ഓവർ പദ്ധതി പൂർത്തികരണ വിവരം ലഭ്യമല്ല**

| ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-- | 902774 | 601814 | 209/4.11.22 |
| സംസ്ഥാനവിഹിതം- | 451440- | | |
| തനതുഫണ്ട്-- | 106 | | |
| ഗുണ.വിഹിതം- | 150480- | | |
| ആകെ -- | 504800 | 601814 | |

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ആരംഭിച്ച ബയോബിൻ വാങ്ങൽ ( നം.18/23) പദ്ധതി പ്രകാരം 684 യൂണിറ്റുകൾ വാങ്ങിനൽകുന്നതിനായിരുന്നു ലക്ഷ്യം. പ്രോജക്ട് നിർവ്വഹണത്തിനായി നിർവഹണ ഏജൻസിയായ പാലക്കാട് IRTC ഇംപ്ലിമെന്റേഷൻ യൂണിറ്റുമായി കരാറിലേർപ്പെടുകയും 684 ബയോബിൻ യൂണിറ്റുകൾ വാങ്ങുന്നതിനുള്ള മൊത്തം അടങ്കൽ തുകയുടെ 20% തുക (300960/-)മുൻകൂറായി നൽകിയിട്ടുണ്ട്. തൻവർഷം നൽകിയ 601814/-രൂപ ഉൾപ്പെടെ 902774/-ചെലവഴിച്ചിട്ടുണ്ട്.ശുചിത്വമിഷന്റെ സ്പെസിഫിക്കേഷൻ പ്രകാരം 2200- രൂപയാണ് യൂണിറ്റ് നിരക്ക്. നിലവിൽ ബയോബിന്നുകൾ ലഭ്യമായിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ വിതരണവിവരം ലഭ്യമല്ല മാത്രമല്ല 10% ഗുണഭോക്തൃവിഹിതം ഉൾപ്പെട്ടിട്ടുള്ള പദ്ധതിയിൽ ഗുണഭോക്തൃവിഹിതം പിരിച്ച് IRTC യ്ക്ക് അടച്ചതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഡ് സഭ തെരെഞ്ഞടുത്ത ഗുണഭോക്താക്കളുടെ വിവരം, നാളിതുവരെ വിതരണം ചെയ്ത ബിന്നുകളുടെ വിശദാംശങ്ങളും, ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ പൂർത്തികരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-25(3)/22 /01/24) ലഭിച്ച മറുപടിതൃപ്തികരമല്ല. ഗുണഭോക്തൃവിഹിതം ഈടാക്കി വാങ്ങിയ ബയോകമ്പോസ്റ്ററുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിതരണ വിവരം,പ്രോജക്ട് പൂർത്തികരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതുവരെ തൻവർഷംചെലവഴിച്ച 157770/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതം ഈടാക്കാതെ പ്രോജക്ട് നിർവ്വഹണം നടത്തുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

4. റിംഗ് കമ്പോസ്റ്റ്- പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കുന്നത്.

| ഫണ്ടിനം | അടങ്കൽ | ചെലവ് | |
|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-- | 1968750 | 506920 | ബിൽ നം |
| സംസ്ഥാനവിഹിതം- | 984375- | | 429/14.2.23 |
| ഗുണ.വിഹിതം- | 328125 | | |
| ആകെ -- | 3281250 | 506920 | |

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ റിംഗ് കമ്പോസ്റ്റ് ( നം.218/23) പ്രോജക്റ്റ് പ്രകാരം ഗുണഭോക്തൃവിഹിതം അടവാക്കുന്ന ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് നിർമ്മിച്ച് (874 എണ്ണം) വീടുകളിൽ സ്ഥാപിച്ച് നൽകുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത്. ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ പ്രകാരം ഒരു യൂണിറ്റിന് 3350/- രൂപയാണ് ചെലവ്. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക പ്പെടുത്തിയ കേരള അഗ്രോ ഇൻഡസ്ട്രിയസ് കോർപ്പറേഷൻ, ആലപ്പുഴ (2500/-), കേരള അഗ്രോ ഇൻഡസ്ട്രിയസ് കോർപ്പറേഷൻ, വൈക്കം (2900/-) തുടങ്ങിയ സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തു. സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിൾ പരിശോധിച്ചതിൽ പ്രൊക്യൂർമെന്റ് കമ്മറ്റി 16.01.23 ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രിയസ് കോർപ്പറേഷൻ, വൈക്കം (2900/-) ത്തെ തെരഞ്ഞെടുക്കുകയും 01.02.23 ൽ സ്ഥാപനവുമായി കരാർചമക്കുകയും ചെയ്തു. ടി സ്ഥാപനത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുന്ന രേഖകൾ/മാനദണ്ഡങ്ങൾ എന്നിവ ഫയലിൽ ലഭ്യമായില്ല. എപ്രകാരമാണ് ഈ സ്ഥാപനത്തെ തെരെഞ്ഞടുത്തുന്നത് വ്യക്തമാക്കേണ്ടതാണ്. പദ്ധതിതുകയുടെ 20% മുൻകൂറായി സ്ഥാപനത്തിന് (506920/-രൂപ ) നൽകിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ 35 വാർഡുകളിൽ നിന്നും 267 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടുണ്ട്. സ്ഥാപനം 3.06.23 ന് 118 റിംഗ് കമ്പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്തതായി ഫയലിൽ രേഖ പ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല. നിലവിൽ റിംഗ് കമ്പോസ്റ്റ് നിർമ്മാണം നിലച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടവാക്കിയ ഗുണഭോക്താക്കൾക്ക് അടിയന്തിരമായി റിംഗ് കമ്പോസ്റ്റ് നിർമ്മിച്ച് നൽകുന്നതിന് സ്ഥാപനത്തിന് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിൽ പ്രോജക്റ്റിന്റെ പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-26/22.01.24) ലഭിച്ച മറുപടിയിൽ 118 ഗുണഭോക്താക്കൾ റിംഗ് കമ്പോസ്റ്റ് കൈപ്പറ്റിയ രേഖകൾ ഹാജരാക്കി. കരാർ സ്ഥാപനത്തിനുവേണ്ടി റിംഗ് നിർമ്മിച്ച് നൽകുന്ന വ്യക്തി മരണപ്പെട്ടതിനാലാണ് കാലതാമസം നേരിട്ടതെന്നും ഗുണഭോക്തൃ വിഹിതം അടവാക്കിയവർക്ക് വിതരണം ഉടൻ പുനരാരംഭിക്കുമെന്നും അറിയിച്ചു. ഗുണഭോക്തൃവിഹിതം അടവാക്കിയ എല്ലാ ഗുണഭോക്താക്കൾക്കും റിംഗ് കമ്പോസ്റ്റ് വതരണം ചെയ്തത് വിവരം അറിയിക്കേണ്ടതും പ്രോജക്റ്റ് പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതുവരെ ചെലവഴിച്ചഭോക്താക്കൾക്ക് വിതരണം ചെയ്ത 506920/-രൂപയിൽ 118 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റിന്റെ മൂല്യമായ 342200 രൂപ കിഴിച്ച് (506920-342200=164720)164720/-രൂപയുടെചെലവ് തടസ്സപ്പെടുത്തുന്നു.പ്രോജക്റ്റുകളുടെ ഗുണപരമല്ലാത്ത നിർവ്വഹണം മൂലം ഇത്രയേറെ തുക ചെലവഴിക്കപ്പെട്ടിട്ടും ഭൗതീകനേട്ടം ആർജ്ജിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രാഥമികമായി ബാധ്യതപ്പെട്ടിരിക്കുന്നു.

**1-61 ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ കാര്യക്ഷമമല്ല**

| | | |
|---|---|---|
| പ്രോജക്റ്റ് നം /പ്രോജക്റ്റിന്റെ പേര് | 22/23സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം | 391/23 ഹരിതകർമ്മ സേനയ്ക്ക് ക്യൂ.ആർ കോഡ് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെൽത്ത് ഇൻസ്പെക്ടർ | ഹെൽത്ത് ഇൻസ്പെക്ടർ |
| വകയിരുത്തിയ തുക | 90000(CFC) | 500000(CFC) |
| ചെലവു തുക | 90000 | 279835 |

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥനായി മേൽ സൂചിത

പ്രോജക്ടുകൾപ്രകാരം ഓഡിറ്റ് വർഷം സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നഗരസഭയിൽ നടപ്പിലാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം മുപ്പത്തിയഞ്ച് വാർഡുകളിലും പ്രവർത്തന സജ്ജമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മാലിന്യം,അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമാണെന്ന മുദ്രാവാക്യവുമായി സൃഷ്ടിക്കപ്പെട്ട മിഷന്റെ ഭാഗമാണ് ഹരിതകർമ്മസേനയെന്നിരിക്കെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ ആറാം ഇനമായ ശുദ്ധമായ വെള്ളവും ശുചിത്വവും എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ ഏറ്റുമാനൂർ നഗരസഭ ഗണ്യമായ പുരോഗതി കൈവരിക്കേണ്ടതുണ്ട്. നിലവിലുള്ള പ്രതിസന്ധികൾ മറികടക്കുന്നതിനുള്ള അവബോധവും പരിശീലനവും ജനങ്ങൾക്ക് നൽകുന്നതിന് കൃത്യമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കൗൺസിലിന്റെയും ജീവനക്കാരുടെയും അടിയന്തിരശ്രദ്ധ ക്ഷണിയ്ക്കുന്നു.

**1-62 ഭവനപുനരുദ്ധാരണം-ജനറൽ -പരമാവധി സബ്സിഡി തുക അനുവദിക്കാത്തതിനാൽ പ്രോജക്ട് നിർവ്വഹണം ഗുണപരമാകുന്നില്ല**

സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.22 പ്രകാരം ഭവനപുനരുദ്ധാരണത്തിന്റെ (ജനറൽ) ഗുണഭോക്താക്കൾക്ക് 100000/-രൂപ പരമാവധി സബ്സിഡി അനുവദിയ്ക്കാവുന്നതാണ്. എന്നാൽ നഗരസഭയിൽ ഭവനപുനരുദ്ധാരണത്തിന്റെ (ജനറൽ) ഗുണഭോക്താക്കൾക്ക്40000 രൂപ മാത്രമാണ് ധനസഹായം വകയിരുത്തി നൽകിയത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ ചെറിയ സബ്സിഡി തുക ഉപയോഗിച്ച് ഭവനപുനരുദ്ധാരണം എന്ന പ്രവൃത്തി എത്രത്തോളം ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസം ഒഴിവാക്കി പദ്ധതി ധനസഹായം ഗുണപരമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾക്ക് അനുവദിയ്ക്കാമെന്ന് നിഷ്കർഷിച്ചിട്ടുള്ള പരമാവധി തുക വകയിരുത്തി ധനസഹായം അനുവദിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

**1-63 സ്റ്റേഷണറി വാങ്ങിയതിന്റെ സ്റ്റോക്ക് വിവരം ലഭ്യമല്ല.**

2022-23 വർഷം സ്റ്റേഷണറി വാങ്ങിയതിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് വൗച്ചർ നമ്പർ 22200647/24.09.2022 പ്രകാരം 46873 രൂപ നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| INV No.TVM/1176/18-19/29.03.2019<br>INV No.TVM/554/20-21/16.12.2020<br>INV No.TVM/62/19-2019/30.04.2019<br>INV No.TVM/873/20-21/18.03.2021 | 16652<br>6281<br>8876<br>15064 |
| ആകെ | 46873 |

എന്നാൽ സ്റ്റേഷണറി സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് വിശദാംശങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (7/19.01.2024) മേൽ

സൂചിപ്പിച്ച ഇൻവോയ്സുകൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 29.03.2019, 16.12.2022, 30.04.2019, 18.03.2021 തീയതികളിൽ ഓഫീസിൽ ലഭ്യമായതാണെന്ന് ഫയൽ പരിശോധനയിൽ ബോദ്ധ്യമായിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. കൂടാതെ നഗരസഭയിൽ നിലവിൽ ലഭ്യമായ സ്റ്റോക്ക് രജിസ്റ്റർ ഈ കാലയളവിന് ശേഷമുള്ളതാണെന്നും നിലവിൽ വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുന്നതാണെന്നും അറിയിച്ചു. ഫയൽ പരിശോധിച്ചതിൽ ഗ്രാമലക്ഷ്മിയിൽ നിന്നും ലഭിച്ച ബിൽ പ്രകാരമുള്ള സാധനങ്ങൾ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടുള്ളതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. സ്റ്റേഷനറി വാങ്ങലിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും മേൽ സ്ഥാപനത്തിന് ചെക്ക്നം.21166/24.09.22 പ്രകാരം 46873 രൂപ നൽകിയിട്ടുള്ളതായും, സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സ്ഥിരമായും ആധികാരികമായും സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിയ്ക്കേണ്ടതാണ്. ഓഡിറ്റ് വേളയിൽ തന്നെ ലഭ്യമാക്കേണ്ട അനുബന്ധ രജിസ്റ്ററുകൾ തുടർന്ന് ലഭ്യമാക്കുന്നതാണെന്ന് മറുപടി നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

**1-64 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.**

സ. ഉ. (കൈ) നം. 86/2022ത.സ്വ.ഭ.വ തീയതി. 19-04-22 ഖണ്ഡിക 6.8 പപ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതു ഫണ്ടും ഉപയോഗപ്പെടുത്തി റോഡ് - റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

അസറ്റ് മാനേജ്മെന്റ് മാന്വൽ പാലിക്കുന്നത് സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം നഗരസഭാ ചെയർമാന്റെ നേതൃത്വത്തിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ നഗരസഭ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.
നഗരസഭ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.
കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമായി തയ്യാറാക്കിയിട്ടില്ല. രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് നിരീക്ഷിക്കുന്നു.

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. കൗൺസിൽ ടി വിഷയത്തിൽ

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാർക്ക് ജി എസ് റ്റി കോമ്പൻസേഷൻ അധിക നിരക്കിൽ നൽകിയതു മൂലം അധിക ചെലവ്

സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ജി എസ് റ്റി, 12% ത്തിൽ നിന്ന് 18% ആയും വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് അധിക ശതമാനം നിരക്കിൽ ജി എസ് റ്റി 18% അനുവദിക്കാവുന്നത് . ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പംവർദ്ധിപ്പിച്ച നിരക്കിൽ ജി എസ് റ്റി നല്കുന്നുണ്ട്. എന്നാൽ 2021-22 ൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12%എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരിച്ചതുമായ താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി നിരക്കിൽ ബിൽ തയ്യാറാക്കി നല്കിയതിനാൽ നഗരസഭയ്ക്കുണ്ടായ അധികച്ചലവ് ചുവടെ ചേർക്കുന്നു. 18.07.2022 ന് മുമ്പ് പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ നിർവ്വഹണോദ്യോഗസ്ഥൻ യഥാസമയം തയ്യാറാക്കാഞ്ഞതിനാലാണ് ജി എസ് റ്റി അധികനിരക്കിൽ അനുവദിക്കേണ്ടിവന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| പ്രോജക്ട് നം, പേര് | കരാറുകാരൻ | ആകെ വേലമൂല്യം, ടെണ്ടർ അധികം ഉൾപ്പെടെ | പ്രവൃത്തി പൂർത്തിയാക്കിയ തീയതി, അളവ് പുസ്തകം | നൽകാവുന്ന ജി.എസ്.റ്റി കോമ്പൻ സേഷന് | നൽകിയത് | അധികം | ബിൽ നമ്പർ |
|---|---|---|---|---|---|---|---|
| 44/23, താഴത്തുചാൽ കാനാട്ടുപടി റോഡ് റീടാറിങ്ങ് | കുര്യൻ ജോസഫ് | 464527 | 21.06.22, 3/22-23 | 55743 | 83615 | 27872 | 247/30.11.22, 350000/- 246/30.11.22, 150000/- |
| 62/23 കോന്നിയ്ക്കൽ വടശ്ശേരിൽ ഇല്ലം നിറ | കുര്യൻ ജോസഫ് | 302106 | 27.06.22 58/22-23 | 36253 | 54379 | 18126 | 488/8.3.23, 325000/- 489/8.3.23, 31485/- |

| | | | | | | | |
|---|---|---|---|---|---|---|---|
| റോഡ് റീടാറിങ്ങ് | | | | | | | |
| 38/23 ചള്ളപ്പടി പുല്ലിക്കാപ്പടി റോഡ് റീടാറിങ്ങ് | കുര്യൻ ജോസഫ് | 337333 | 20.06.22, 37/2022-23 | 40480 | 60720 | 20240 | 273/2.12.22 3,50,000/- 339/22.12.22, 48053/- |
| 134/23 കാക്കനാട്ടുപടി മഞ്ഞനാക്കൽ റോഡ് റീ ടാറിങ്ങ് | കുര്യൻ ജോസഫ് | 285756 | 20.06.22, 35/22-23 | 34291 | 51436 | 17145 | 234/25.11.22 296052/- 313/12.12.22, 37192/- |
| 79/23 കൊട്ടുകുളം കണിയാംപറമ്പ് റോഡ് റീടാറിങ്ങ് | കുര്യൻ ജോസഫ് | 361123 | 27.06.22, 59/22-23 | 43335 | 65002 | 21667 | 409/6.2.23, 269105/- 411/6.2.23, 26,125/- 410/6.2.23 130895/- |
| ആകെ | | | | | | 105050 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (35/23.01.24) ന് തുക കരാറുകാരിൽ നിന്ന് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. യഥാസമയം ബില്ലുകൾ തയ്യാറാക്കാത്തതിനാൽ ജി എസ് റ്റി അടവാക്കുന്നതിന് അധിക തുക നൽകിയതു മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായി. അധികം നൽകിയ 105050/- രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി നഗരസഭഫണ്ടിൽ അടവാക്കേണ്ടതാണ്. ടി ഖണ്ഡിക പ്രകാരമുള്ള അധിക ചെലവിന് ഖണ്ഡിക 4-10(ഇ)-യിൽ പേര് പരാമർശിക്കുന്ന ഉദ്യോഗസ്ഥൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

### 3-2 21ാം അങ്കണവാടി റൂഫിങ്ങ് പ്രവൃത്തി അനർഹമായി ജി എസ് ടി കോംപൻസേഷൻ നൽകി.

| | |
|---|---|
| പ്രോജക്റ്റ് | 112/23 ,21 ാം അങ്കണവാടി റൂഫിങ്ങ് |
| അടങ്കൽ | 400000 മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 387831 |
| നിർവ്വഹണോദ്യോഗസ്ഥൻ | നഗരസഭാ എഞ്ചിനിയർ |
| കരാർ | 135/AE/LID&EW/ETMR/21-22 21.03.22 |
| ബിൽ നമ്പർ | 525/17.03.23 140607<br>579/27.03.23 247224 |

ഫയൽ നമ്പർ-360/20

പ്രോജക്റ്റ് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. 2016 ഡി എസ് ആർ നിരക്കിനൊപ്പം37.93 %കോസ്റ്റ് ഇൻഡക്സ് പ്രാബല്യമുള്ളപ്പോഴാണ് എസ്റ്റിമേറ്റുകളിൽ ജി.എസ്.റ്റി കുറച്ചുള്ള നിരക്ക് ഉൾപ്പെടുത്തി ആകെ വേലമൂല്യത്തോടൊപ്പം 12% ജി എസ്

റ്റി കോമ്പൻസേഷൻ കൂടി കൂട്ടി നല്കുന്നതിന് അനുമതി നല്കിയിട്ടുള്ളത്. 2016 ഡി എസ് ആർ നിരക്കിനൊപ്പം 44. 12% കോസ്റ്റ് ഇൻഡക്സ് പ്രാബല്യമുള്ളപ്പോൾ 2018-19 വർഷം തയ്യാറാക്കിയ മേൽ പ്രോജക്ടിൽ ( 263/19) ജി എസ് റ്റി അടവാക്കുന്നതിനുള്ള തുക വകയിരുത്തിയിരുന്നില്ല. പ്രോജക്ട് ആദ്യം കരാറെടുത്തത് ശ്രീ സണ്ണി വി ഡി എന്ന കരാറുകാരൻ യഥാസമയം പ്രവൃത്തി ആരംഭിക്കാത്തതിനാൽ ടിയാന്റെ കരാർ റദ്ദു ചെയ്ത് ഓഫർ ലെറ്ററിലൂടെ ശ്രീ ജോയൻ എ ജെ എന്ന കരാറുകാരന് കരാർ നൽകി. ടിയാൻ പ്രവൃത്തി പൂർത്തിയാക്കി ബിൽ സമർപ്പിച്ചപ്പോൾ ഒന്നാം പാർട്ട് ബില്ലിൽ ആകെ വേലമൂല്യമായ 125542 രൂപയുടെ 12% നിരക്കായ 15065 രൂപയും രണ്ടാം പാർട്ട് ബില്ലിൽ ആകെ വേലമൂല്യമായ206852 രൂപയുടെ 18% നിരക്കായ37233രൂപയും ജി എസ് റ്റി കോമ്പൻസേഷൻ അനുവദിച്ചതിനാൽ 52298രൂപ അധികം നൽകി.

2. പ്രോജക്ട് ആദ്യം കരാറെടുത്തത് ശ്രീ സണ്ണി വി ഡി എന്ന കരാറുകാരൻ യഥാസമയം പ്രവൃത്തി ആരംഭിക്കാഞ്ഞതിനാലും നോട്ടീസ് നൽകിയിട്ട് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാലും ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനും 15/02/22ലെ 4ാം സപ്ലിമെന്ററി തീരുമാനം പ്രകാരം കൗൺസിൽ നഗരസഭാ എഞ്ചിനിയറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ടി തീരുമാനം നടപ്പാക്കിയില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/20.01.24) എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ ജി എസ് റ്റി പ്രൊവിഷൻ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 44. 12% കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപ്പെടുത്തി ആയതിനാൽ കരാറുകാരന് ജി എസ് റ്റി കോമ്പൻസേഷനായി തുക അനുവദിക്കാൻ സാധിക്കില്ല. കരാറുകാരന് അധികം നൽകിയ 52298/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.അധികം നൽകിയ തുക നഗരസഭാ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.കൂടാതെ കരാർ ലംഘനം നടത്തിയ ശ്രീ സണ്ണി വി ഡി എന്ന കരാറുകാരന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്. ടി ഖണ്ഡിക പ്രകാരമുള്ള അധിക ചെലവിന് ഖണ്ഡിക 4-10(ഇ)-യിൽ പേര് പരാമർശിക്കുന്ന ഉദ്യോഗസ്ഥൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

ഏറ്റുമാനൂർ നഗരസഭയുടെ 2022-23 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 21.07.2023 ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 15.01.2024 ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

2022-23 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇ | സ്ട്രീറ്റ് ലൈറ്റ് | 75603 | 75603 | 0 |

| | | | | |
|---|---|---|---|---|
| ബി | മെയിൻവലിക്കൽ-വാർഡ് 23 (414/ 23 ) | | | |
| കെഎസ്ഇബി | 32ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (435/23) | 35400 | 35400 | 0 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ്**

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

**4-5 വായ്പ /വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്നതിന്റേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | 01.04.2022-ൽ തിരിച്ചടയ്ക്കാനുള്ള തുക | തൻവർഷം ലഭിച്ച ലോൺ തുക | 2021-22 വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക |
|---|---|---|---|---|---|
| ഭവനപദ്ധതി* | പ്രിൻസിപ്പൽ സെക്രട്ടറിയുടെ 66/ഡി.ബി.1/15/ ത.സ്വ.ഭ.വ തീ.4.8.15 | 9140000 | --- | 2500000 | 6640000 |
| ലൈഫ് ഭവന പദ്ധതി(കെ.യു. ആർ.ഡി. എഫ്.സി.)** | G.O(MS)68/2018 /lsgd/18.05.2018 | 49160000 | --- | 4880000 | 44280000 |

*മുനിസിപ്പാലിറ്റിയുടെ ഭവനപദ്ധതിയിൽ തൻവർഷം തിരിച്ചടച്ച 2500000/- രൂപയിൽ 2300000/-രൂപ 190/23 നമ്പർ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 200000/-രൂപ തനത്ഫണ്ടിൽ (ചെക്ക് നമ്പർ -36226/28.11.22) നിന്നുമാണ് അടവാക്കിയിരിക്കുന്നത്. പലിശ ഇനത്തിൽ 885395/-രൂപ അടവാക്കിയിട്ടുണ്ട്.

**ഹഡ്കോ ലോണിനത്തിലുള്ള തിരിച്ചടവ് പ്രോജക്ട് നമ്പർ 424/23, 449/23 പ്രകാരം സ്രോതസിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്.

**4-6 സ്ഥിരനിക്ഷേപങ്ങൾ**

31.03.2023 ലെ ബാലൻസ്ഷീറ്റ് പ്രകാരം 5000/- രൂപ സ്ഥിരനിക്ഷേപം ഉണ്ട്. എന്നാൽ ഇത് ഏറ്റുമാനൂർ സർവ്വീസ് സഹകരണ ബാങ്കിൽ ലോൺ എടുക്കുന്നതിന്റെ ആവശ്യത്തിനായി എടുത്തിട്ടുള്ള ഷെയർ സസ്പെൻസ് അക്കൗണ്ടിൽ നിക്ഷേപിച്ച തുകയാണ്.

**4-7 ഓഡിറ്റ് റിക്കവറി**

2022-23 വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 19,20,21,22, 23,42 | 2003-04 | | മരാമത്ത് പണികൾ- അധികമായി തുക നൽകിയത് ക്ഷീരവികസന പദ്ധതികൾ - നബാർഡ് നിരക്കിൽ കൂടുതൽ സബ്സിഡി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2012-13 | - | 2014-15 | 4.1.5 | വനിതാ തൊഴിൽ പരിശീലനകേന്ദ്രം നിഷ്ക്രിയ ആസ്തിയായി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-5<br>2-6 | 2016-17 | അനുബന്ധം-3 | വസ്തുനികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-7 | 2016-17 | - | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് (2014-15) | - | - | 5.7.8. | തൊഴുത്ത് നിർമ്മാണം വകയിരുത്തിയ തുക ചെലവഴിച്ചില്ല | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | - | 2016-17 | - | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് (2015-16) | 11-3 | 2015-16 | 03.07.11 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് രണ്ട് വർഷമായി എസ്.സി. പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | - | 2013-14 | 5.2 | തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 3-3 | 2017-18 | 1.5.2 | ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം-25 ലക്ഷത്തോളം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | രൂപയുടെ ചെലവ് പാഴായി | |
| 2017-18 | 3-7 | 2018-19 | | 78.74 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഗ്യാസ് ക്രിമറ്റോറിയം പ്രവർത്തനക്ഷമമല്ല. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

തൻവർഷം ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 266779657 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 201555517 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 157348 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6820828 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-43 (3-1) | -- | 105050 | ബോണി എസ് , അസി എൻജിനീയർ |
| 1-57 (3-2) | | 52298 | ബോണി എസ് , അസി എൻജിനീയർ |
| | ആകെ | 157348 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

,

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ,ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 2,19,890 | കവിത എസ് കുമാർ , സെക്രട്ടറി |
| 1-41 | 16,00,000 | ക്ലമന്റ് എം.എം ഹെഡ്മാസ്റ്റർ ഗവ.ഗേൾസ് എച്ച് എസ് ഏറ്റുമാനൂർ |

| | | |
|---|---|---|
| 1-50 | 53,300 | ഡോ. ബിജു പി<br>വെറ്ററിനറി സർജൻ |
| 1-51 | 5,00,666 | ബോണി എസ് , അസി എൻജിനീയർ |
| 1-52 | 10,88,283 | ബോണി എസ് , അസി എൻജിനീയർ |
| 1-53 | 8,56,468 | ബോണി എസ് , അസി എൻജിനീയർ |
| 1-54 | 1,41,775 | ക്ലമന്റ് എം.എം<br>ഹെഡ്മാസ്റ്റർ ഗവ.ഗേൾസ് എച്ച് എസ്<br>ഏറ്റുമാനൂർ |
| 1-55 | 1,41,750 | ക്ലമന്റ് എം.എം<br>ഹെഡ്മാസ്റ്റർ ഗവ.ഗേൾസ് എച്ച് എസ്<br>ഏറ്റുമാനൂർ |
| 1-59 | 8,15,828 | അജിത് കുമാർ എൻ കെ<br>ഹെൽത്ത് സൂപ്പർവൈസർ |
| 1-60(1) | 4,78,564 | അജിത് കുമാർ എൻ കെ<br>ഹെൽത്ത് സൂപ്പർവൈസർ |
| 1-60(2) | 1,57,770 | അജിത് കുമാർ എൻ കെ<br>ഹെൽത്ത് സൂപ്പർവൈസർ |
| 1-60(3) | 6,01,814 | അജിത് കുമാർ എൻ കെ<br>ഹെൽത്ത് സൂപ്പർവൈസർ |
| 1-60(4) | 1,64,720 | അജിത് കുമാർ എൻ കെ<br>ഹെൽത്ത് സൂപ്പർവൈസർ |
| | 6820828 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബോണി എസ് , അസി എൻജിനീയർ | ബോണി എസ് , അസി എൻജിനീയർ ഏറ്റുമാനൂർ നഗരസഭ | പുന്നക്കാത്തറയിൽ (വീട് )<br>ചേർത്തല പി.ഒ<br>നെടുമ്പ്രക്കാട്<br>ആലപ്പുഴ<br>688524 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 91-92, 92-93 | എൽ.എഫ്.കെ.പി.10/1262(1)/14/29.11.14 |
| 93-94 | എൽ.എഫ്.കെ.പി.10/1262(1)/14/29.11.14 |
| 94-95 | എൽ.എഫ്.കെ.പി.10/1262(2)/14/29.11.14 |
| 96-97 (ചെലവ്) | എൽ.എഫ്.കെ.പി.10/1262(3)/14/29.11.14 |
| 96-97 (വരവ്) | എൽ.എഫ്.കെ.പി.10/1262(5)/14/29.11.14 |
| 97-98 (ചെലവ്) | എൽ.എഫ്.കെ.പി.10/1262(4)/14/29.11.14 |
| 97-98 (വരവ്) | എൽ.എഫ്.കെ.പി.10/1262(4)/14/29.11.14 |
| 98-99 (ചെലവ്) | എൽ.എഫ്.കെ.പി.3/280/12/10.03.15 |
| 98-99 (വരവ്) | എൽ.എഫ്.കെ.പി.4/1670/07/19.12.08 |
| 99-00 (ചെലവ്) | എൽ.എഫ്.കെ.പി.3/244/03/24.05.07 |
| 99-00 | എൽ.എഫ്.കെ.പി.4/1671/07/19.12.08 |
| 2000-01, 01-02 (പ്ലാൻ ഫണ്ട്) | എൽ.എഫ്.കെ.പി.3/593/04/28.04.07 |
| 2000-01 | എൽ.എഫ്.കെ.പി.10/1311/12/30.04.13 |
| 2001-02 | എൽ.എഫ്.കെ.പി.10/1311/12/30.04.13 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി.4/118/06/06.10.06/07.11.06 |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി.4/1674/07/19.12.08 |
| 2003-04 | എൽ.എഫ്.കെ.പി.4/140/11/13.05.11/13.07.11 |
| 2003-04 (സ്പെഷ്യൽ) | എൽ.എഫ്.കെ.പി.4/507/08/19.09.09/09.11.09 |
| 2004-05 | എൽ.എഫ്.കെ.പി.4/473/09/08.01.10/05.08.10 |
| 2005-06 | എൽ.എഫ്.കെ.പി.4/473/09/08.01.10/27.02.10 |
| 2006-07 | എൽ.എഫ്.കെ.പി.4/908/10/13.07.12/05.09.12 |
| 2007-08 | എൽ.എഫ്.കെ.പി.10/1311/12/06.03.13/05.04.13 |
| 2008-09 | എൽ.എഫ്.കെ.പി.10/1311/12/06.03.15/05.04.13 |
| 2009-10 | എൽ.എഫ്.കെ.പി.10/1311/12/06.03.13/05.04.13 |

| | |
|---|---|
| 2010-11, 11-12 | എൽ.എഫ്.കെ.പി.10/359/13/05.10.13 |
| 2012-13 | എൽ.എഫ്.കെ.പി.10/1308/15/23.11.2015 |
| 2013-14 | എൽ.എഫ്.കെ.പി.10/1024/15/23.03.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.10/1606/16/25.05.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി 17/76/2017/18.01.18 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി 17/1644 /2017/22.01.18 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 17/181/2019/22.08.19 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി 17/115/2020/8.10.20 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി 17/1379 /2021/16.12.2021 തീയതി 17.04.23 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി 17/160 /2022/19.12.2022 തീയതി 27.04.23 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി 17/292 /2023/തീയതി29.12.2023 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 21-07-2023 and submitted on 21-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Ettumanoor Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Ettumanoor Municipality for the year 2022-2023

**Date: 20/03/2024**

**Senior Deputy Director**
**District Office Kottayam**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Ettumanoor Municipality for the Year 2022-2023 .

**1.Major Observations**

1. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 not available. Source Data not available for the value of total general fund as on 31/03/2023.

2. Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available.

3. Non Disclosure of Assets-Assets not classified and evaluated and accounted-Asset Register has not been updated upto 31/03/2023.

4. Assets Generated during current year-detailed project wise and fundwise data not provided.

**2.Other Observations**

1. Appropriation Control Register(ACR) has not been maintained by Secretary.
2. DCB for accurual income such as Rent, License has not been prepared.
3. Demand entry of Property Tax does not match with produced DCB.
4. Employees Professon Tax for previous years accounted as current year income.
5. Government and other dues register not maintained. Details of 1.04 Crore outstanding as on 31/03/2023 has not been disclosed.
6. Authorty of Refunds Payable items in 31/03/2023 Balance Sheet has not been disclosed.
7. Prior Period expenditure/Income details are not provided as notes on account by the Secretary. Reconcilation of five bank accounts has not been done during 2022-23 and its details are not produced as notes on account.
8. Details of Advance Income received which became due and adjusted during 2022-23 year has not been disclosed.
9. Depreciation value of Assets 1.16 crores accounted for the year has not been disclosed in detail.
10. Details of Receivable item of 43.68 lakhs on 31/03/2023 balance sheet has not been provided.
11. Due to payment of CFC Grant Tied fund before getting allotment in bank account, the balnce of bank account head became negative in 31/03/2023 balance sheet.
12. Property tax of Rs.115,560/- recieved during the year accounted in Revenue head instead of Receivable account head.
13. Details of Revenue Grants of Rs.814,424/- received in 160200100, 160300100 account heads during the year has not been disclosed.
14. Redumption for previous year received during 2022-23 accounted in Revenue head.
15. Details of Beneficiary Contrbution received during 2022-23 has not been provided.
16. Details of receipts of 228,208/- accounted as liability in 350400399 account head has not been disclosed.
17. Advance amount of 111,003/- deposited in KSEB as per project expenditure (Proj No.414/23, 435/23) has not been accounted in Deposit Account head.

**Senior Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്